For the reasons stated above, I do not find any reason to hold that the Minister had made any false statement deliberately to mislead the house. No question of privilege therefore is involved in the cases mentioned above.

Hence I withhold consent to the member to raise the matter in the house.

ശ്രീ. പി. ജെ. ജോസഫ് : സർ, ഇവിടെ ഈ പ്രിവിലേജ് കമ്മിറ്റിക്ക് എന്തെങ്കിലും ജോലിയുണ്ടോ? പ്രിവിലേജ് കമ്മിറ്റിക്ക് എന്തെങ്കിലും ജോലിയുള്ളതായി അങ്ങ് കണക്കാക്കുന്നുണ്ടോ?

മി. സ്പീക്കർ : പ്രിവിലേജ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടേണ്ട കാര്യമുണ്ടെങ്കിൽ വിടും. അങ്ങനെയുള്ള കേസ് വന്നിട്ടില്ല.

ശ്രീ. പി. ജെ. ജോസഫ് : ഈ സഭയെ മിസ്ലീഡ് ചെയ്ത കേസാണ് എയർ കണ്ടീഷനറെ കാര്യത്തിലുള്ളത്. അതു പരിശോധിക്കാനുള്ള അവകാശമെങ്കിലും പ്രിവിലേജ് കമ്മിറ്റിക്കില്ലേ?

പ്രൊഫസർ ഉമ്മൻ മാത്യു : പ്രിവിലേജ് കമ്മിറ്റിക്ക് വിടേണ്ട ഒരു കാര്യമാണിത്.

(ബഹളം)

വിദ്യുച്ഛക്തിവകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : അങ്ങ് ഒരു കമ്മിറ്റിയെ വച്ച് ഇതു പരിശോധിക്കുന്നതിന് എനിക്കു പൂർണ്ണമായ സമ്മതമാണ്.

മി. സ്പീക്കർ : ആവശ്യമായ രേഖകളൊക്കെ വരുത്തി പരിശോധിച്ചിട്ടാണ് തീരുമാനം ഇവിടെ പറഞ്ഞത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഏതു കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനും വിരോധമില്ല.

(ബഹളം)

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗത്തിന്റെ പ്രിവിലേജ് നോട്ടീസ് പരിശോധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണം തേടി ആവശ്യമായ ഫയലും പരിശോധിച്ചശേഷമാണ് ചെയറിൽനിന്ന് ഒരു ഡിസിഷൻ എടുത്തത്. ഇനി നിയമനിർമ്മാണകാര്യങ്ങൾ ആരംഭിക്കാം.

VII. നിയമനിർമ്മാണകാര്യം

(1) 1981ലെ കാർഷികാദായ നികുതി (ഭേദഗതി) ബിൽ

Minister of Finance and Law (**Shri K. M. Mani**) : Sir, I introduce the Agricultural Income Tax (Amendment) Bill, 1981.

Mr. Speaker : The Bill stands introduced.

(ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഇത്തരത്തിലുള്ള പരാമർശനം ശരിയല്ല. നോട്ടീസ് പരിശോധിച്ച് വിദ്യുച്ഛക്തിവകുപ്പുമന്ത്രിയുടെ വിശദീകരണം തേടി ആവശ്യമായ ഫയലും കൂടി പരിശോധിച്ചിട്ട് എടുത്ത തീരുമാനം അറിയിച്ചശേഷം ഇങ്ങനെയൊരു പരാമർശനം നടത്തിയത് ക്രമപ്രകാരമല്ല.

Minister of Finance and Law **(Shri K. M. Mani)** : Sir, I move that the Agricultural Income Tax (Amendment) Bill, 1981 be referred to Subject Committee VIII—Economic Affairs.

Minister of Revenue and Fisheries **(Shri P. S. Sreenivasan)** : Sir I second it.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഈ കാർഷികാദായ ഭേദഗതി ബില്ലിൽ പ്രതിപാദിച്ചിരിക്കുന്നത് ഈ കഴിഞ്ഞ ബഡ്ജറ്റിൽ നൽകപ്പെട്ടിട്ടുള്ള ആനുകൂല്യങ്ങളും സൗജന്യങ്ങളും നിയമാധിഷ്ഠിതമാക്കുന്നതിനുവേണ്ടി നിയമഭേദഗതി ചെയ്യുന്നതിനുവേണ്ടിയാണ്. മൂന്നുനാലു പ്രധാന കാര്യങ്ങളാണ് ഈ ബില്ലിൽ ചേർത്തിട്ടുള്ളത്. അതിൽ രണ്ടാമത്തെ ക്ലാസിൽ പ്രധാനമായിട്ടുള്ളത് ഫുഡ് ക്രോപ്സിനെ സംബന്ധിച്ചിടത്തോളം ഉള്ളതാണ്. ഫുഡ് ക്രോപ്സിനെ സംബന്ധിച്ചിടത്തോളം ആ ഫുഡ് ക്രോപ്സിൽനിന്നുള്ള വരുമാനം ആദായനികുതി ചുമത്തുന്നതിൽനിന്നും ഒഴിവാക്കപ്പെട്ടിരുന്നു. Paddy, tapioca, plantain, ginger, ragi, pulses, sesamum, vegtables, sweet potato and tubers തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങൾ ഉൾപ്പെടെ ഇതെല്ലാംകൂടി ചേർക്കാമെന്നു പൊതുവെ പറയുമ്പോൾ ഫുഡ് ക്രോപ്സ് എങ്ങനെ വ്യാഖ്യാനിക്കാം, അത് ഡിഫൈൻ ചെയ്തിട്ടുണ്ട്. അങ്ങനെയുള്ള സാധനങ്ങൾ കാർഷികാദായനികുതിയിൽനിന്ന് ഒഴിവാക്കിക്കൊണ്ടുള്ള ഒരു വാഗ്ദാനം ബഡ്ജറ്റിൽക്കൂടി നൽകിയിരുന്നു. അത് രണ്ടാമത്തെ ക്ലാസിൽ ചേർത്തിട്ടുണ്ട്. രണ്ടാമത്തെ ക്ലാസിൽ (ബി) ഉപവകുപ്പിൽ പറയുന്നത് മതധർമ്മസ്ഥാപനങ്ങളെ സംബന്ധിച്ചാണ്. ആ മതധർമ്മസ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം നിലവിലുണ്ടായിരുന്ന നിയമം എന്താണെന്നുവെച്ചാൽ ഒരു സ്ഥാപനത്തിന് ഒരു വർഷം എത്ര കാർഷികാദായം ലഭിക്കുമോ ആ വരുമാനത്തിൽനിന്ന് എത്ര തുക യഥാർത്ഥത്തിൽ മത–ധർമ്മ ആവശ്യങ്ങൾക്ക് ഒരു പ്രത്യേകവർഷം വിനിയോഗിച്ചിട്ടുണ്ടോ, മറ്റു വിധത്തിൽ പറഞ്ഞാൽ ഒരു പ്രത്യേകവർഷത്തിൽ ലഭിച്ചിട്ടുള്ള വരുമാനത്തിൽനിന്നും ആ വർഷത്തിൽ മത–ധർമ്മആവശ്യത്തിനുവേണ്ടി യഥാർത്ഥത്തിൽ എത്രമാത്രം ചിലവഴിച്ചിട്ടുണ്ടോ അത് ആദായനികുതിയിൽനിന്ന് ഒഴിവാക്കണമെന്നായിരുന്നു ഇതുവരെ ഉണ്ടായിരുന്ന നിയമം. മത–ധർമ്മസ്ഥാപനങ്ങൾക്കു കുറച്ചുകൂടി ആനുകൂല്യം കൊടുക്കുന്നതിനുവേണ്ടി കേന്ദ്ര ആദായനികുതി നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് ചില ഭേദഗതികളും ബഡ്ജറ്റിൽ നിർദ്ദേശിച്ചിരുന്നു. ആ ഭേദഗതിയിൽ ഒന്ന് ഒരു വർഷത്തെ ആകെ വരുമാനത്തിന്റെ ഇരുപത്തിയഞ്ചു ശതമാനം മാറ്റിവയ്ക്കാം, ഭാവികാര്യങ്ങൾക്കുവേണ്ടി റിസർവു ചെയ്യാം, ശേഖരിച്ചുവയ്ക്കാം. അത് അഗ്രിക്കൾച്ചറൽ ഇൻകംടാക്സിനു കണക്കാക്കപ്പെടുന്നതല്ല. 100 രൂപയുണ്ടെങ്കിൽ 25 രൂപ ഭാവി ആവശ്യങ്ങൾക്കുവേണ്ടി റിസർവു ചെയ്തു മാറ്റിവയ്ക്കാം. അതു കഴിഞ്ഞതിനുശേഷമുള്ള 75 ശതമാനത്തിൽത്തന്നെ ആ 75 ശതമാനം മുഴുവൻ ചിലവു ചെയ്തില്ലെങ്കിൽത്തന്നെയും അങ്ങനെ ചിലവു ചെയ്യാത്ത തുക എത്രയുണ്ടോ അല്ലെങ്കിൽ 75 ശതമാനത്തിൽത്തന്നെ ഉണ്ടാകുന്ന ഷോർട്ടേജ്, ആ

LIBRARY ARCHIVES Kerala Legislative Assembly

ഷോർട്ടേജ് വേണമെങ്കിൽ കാർഷികാദായനികുതിയിൽനിന്ന് ഒഴിവാക്കാം. അങ്ങനെ ഒഴിവാക്കണമെങ്കിൽ അത് ഡീംഡ് ഇൻകം ആയി കണക്കാക്കിയതിനുശേഷം മുനോട്ടുള്ള വർഷങ്ങളിൽ ഇന്നയിന്ന കാര്യങ്ങൾക്കുവേണ്ടി ചിലവഴിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് ഓഫീസറുടെ മുമ്പാകെ ഒരു ഫോമിൽ എഴുതിഅറിയിച്ച് അത് ഓപ്റ്റ് ചെയ്യണം. അങ്ങനെ ചെയ്യുന്നപക്ഷം ആ ഷോർട്ടേജ് അഗ്രിക്കൾച്ചറൽ ഇൻകം ടാക്സിന് വിധേയമാകുന്നതല്ല. എക്സംപ്റ്റ് ചെയ്യുന്നതാണ് ആ നിബന്ധന. ഈ രണ്ടു കാര്യങ്ങളുണ്ട്. ഈ വർഷത്തെ ആദായം ഈ വർഷംതന്നെ ഉപയോഗിക്കണമെന്നില്ല. അതിൽ ഒരംശം പൊതുആവശ്യത്തിനുവേണ്ടി റിസർവു ചെയ്യാം. 75 ശതമാനത്തിനകത്ത് ഉണ്ടാകുന്നതായ ഷോർട്ടേജ് അല്ലെങ്കിൽ മറെറാരംശം മുന്നോട്ടുള്ള കാലഘട്ടങ്ങളിലേക്കോ വർഷങ്ങളിലേക്കോ ഒരു പ്രത്യേക ആവശ്യത്തിനുവേണ്ടി കാരി ഫോർവേഡ് ചെയ്യുന്നതിനും ഉള്ള ഒരു ഭേദഗതിയാണ് രണ്ടാമത്തെ ക്ലാസിൽ പ്രധാനമായും കൊടുത്തിട്ടുള്ളത്. രണ്ടാമത്തെ ക്ലാസ് (1) ഉപവകുപ്പിൽ ബി സബ് ക്ലാസ് മുതൽ, 1 (ബി), 1 (സി), 1 (ഡി) വരെയുള്ള മുഴുവൻ പ്രതിപാദ്യവും മത–ധർമ്മസ്ഥാപനങ്ങളെ സംബന്ധിച്ചാണ്. അതിന്റെ വ്യാഖ്യാനവും അതിന്റെ നിബന്ധനകളും സംബന്ധിച്ചാണ്. ഞാൻ അതിന്റെ ഉള്ളടക്കം വിശദീകരിച്ചു എന്നു മാത്രമേയുള്ളു.

അടുത്തത് 61 (എ) ആണ്, Rounding off of agricultural income tax റൗണ്ട് ഓഫ് ചെയ്യുന്നതിനുള്ള ഫിഗേഴ്സിനെ സംബന്ധിച്ച ഒരു ഭേദഗതിയാണ്. അതുപോലെതന്നെ അഗ്രിക്കൾച്ചറൽ ഇൻകം ടാക്സിനെ സംബന്ധിച്ചിടത്തോളം അതിന്റെ ഷെഡ്യൂളിൽ വരുത്തിയിരിക്കുന്ന ഒരു ഭേദഗതിയാണ്. ഈ ബഡ്ജറിലെ വളരെ പ്രധാനപ്പെട്ട ഒരു കാര്യമുണ്ട്. കാർഷികാദായ നിയമത്തിൽ നികുതി ചുമത്തിയിട്ടുള്ള പരിധി, വാർഷിക വരുമാനത്തിന്റെ പരിധി 12,000 രൂപയായിരുന്നു. ബഹുമാനപ്പെട്ട മെമ്പർമാർക്ക് അറിയാം കഴിഞ്ഞതിന്റെ മുമ്പത്തെ വർഷം അത് 8,000 രൂപയായിരുന്നു. കഴിഞ്ഞ വർഷം അത് 12,000 ആക്കി ഉയർത്തി. ഈ വർഷത്തെ ബഡ്ജറിൽ അത് 15,000 ആക്കി ഉയർത്തി. അതായത് 15,000 ഉറുപ്പിക യുടെ വാർഷികവരുമാനമുള്ളവരെ നികുതിയിൽനിന്ന് ഒഴിവാക്കി അതാണ് പ്രധാനമായിട്ടും ഷെഡ്യൂളിൽ ഉള്ളത്. ആ ഒഴിവ് പ്രാബല്യത്തിൽ വരുന്നതിനുവേണ്ടിയാണ് ഷെഡ്യൂളിൽ ക്രമീകരണം ചെയ്തിരിക്കുന്നത്. ഷെഡ്യൂളിൽ ഒരു അമെൻറ്മെൻറ് വരുത്തിയിട്ടുണ്ട്. അത് ഈ ബില്ലിന്റെ നാലാമത്തെ ക്ലാസാണ്. സാമ്പത്തികപരിധി 15,000 മുതൽ 25,000 രൂപ വരെ സ്ലാബ് വെച്ചിരിക്കുന്ന കേന്ദ്ര ഇൻകം ടാക്സ് നിയമത്തിനു തുല്യമായി നമ്മുടെ ഒരു സമീകരണം ഏർപ്പെടുത്തുകയാണ്. 15,000 മുതൽ 25,000 വരെ വാർഷികവരുമാനത്തിന് 30 ശതമാനം നികുതി ചുമത്തുകയാണ്. ഇതുവരെ ഉണ്ടായിരുന്നത് 15,000 മുതൽ 20,000 വരെ ഒരു സ്ലാബും 20,000 മുതൽ 25,000 വരെ മറെറാരു സ്ലാബും ആയിരുന്നു. ഈ തവണത്തെ ബഡ്ജറിൽ ഇത് 15,000 മുതൽ 20,000 വരെ ഉള്ളതും 20,000 മുതൽ 25,000 വരെ ഉള്ളതും ഒന്നിച്ചാക്കിക്കൊണ്ട് 15,000 മുതൽ 25,000 വരെ ഒന്നിച്ച് ഒരു സ്ലാബാക്കി. ആ പുതിയ സ്ലാബ് രൂപീകരിച്ചുകൊണ്ട് 30 ശതമാനം നികുതി ചുമത്തണമെന്നുള്ള ധാരണയാണ് ബഡ്ജറിൽകൂടി ഇവിടെ അവതരിപ്പിച്ചിരുന്നത്. അതാണ് ഈ പുതിയ ഷെഡ്യൂളിനകത്ത് വന്നിട്ടുള്ള മാറ്റം.

സർ, ഇതെല്ലാം പ്രധാനമായും ബഡ്ജറ് നിർദ്ദേശം നടപ്പാക്കുന്നതിനുവേണ്ടി ഉദ്ദേശിച്ചിട്ടുള്ളതാണ്. അതിനുള്ള ഒരു ബില്ലാണിത്, ഇന്നലെ പൊതുവിൽപ്പന നികുതി നിയമത്തെക്കുറിച്ചുള്ള സബ്ജക്റ

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റി കൂടി. കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ആ ബില്ലുകൂടി കഴിയുമെങ്കിൽ ഇന്ന് അവതരിപ്പിച്ചു പാസ്സാക്കണമെന്നുണ്ട്. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം തർക്കമുള്ള കാര്യങ്ങളൊന്നുമില്ല. എല്ലാവരും സ്വാഗതം ചെയ്യുന്ന കാര്യമാണ്. ബഡ്ജറ്റിൽക്കൂടി പ്രഖ്യാപിച്ച് ഇവിടെ ചർച്ചചെയ്ത വിഷയങ്ങളാണ്. ആ നിലയ്ക്ക് ഇതു വേഗം പാസ്സാക്കിത്തരുമെന്ന് ഞാൻ പൂർണ്ണമായി വിശ്വസിക്കുകയാണ്. പ്രത്യേകിച്ചും ഇത് കർഷകർക്കുവേണ്ടി ചെയ്തിട്ടുള്ള ആനുകൂല്യങ്ങളും സൗജന്യങ്ങളുമാണ്. എല്ലാവർക്കുമറിയാം നമ്മുടെ രാജ്യത്തെ കർഷകർ വളരെയേറെ പ്രയാസത്തിൽ കഴിയുന്ന ഒരു കാലഘട്ടത്തിൽ ഉൽപ്പാദനച്ചിലവിന്റെ വർദ്ധനവ് ഒരു ഭാരമായും കാർഷികവിഭവങ്ങളുടെ വിലയിടിവ് ഒരു പ്രയാസമായും തീർന്നിരിക്കുന്ന അവസരത്തിൽ അതിനിടയിൽ കിടന്ന് കഷ്ടപ്പെടുന്ന കർഷകജനതയ്ക്ക് ഏറ്റവും വലിയ ആശ്വാസം ഇതിൽ കൂടി നൽകപ്പെടുന്നു എന്നുള്ളതാണ് ഇതിന്റെ സവിശേഷത. കർഷകർക്ക് നൽകിയിരിക്കുന്ന ഈ ആനുകൂല്യം ഫലവത്താക്കാൻ എത്രയും വേഗം ഈ നിയമം പാസ്സാക്കണം. അതനുസരിച്ച് എത്രയും വേഗം ഈ നിയമം സബ്ജക്ട് കമ്മിറ്റിക്ക് റഫർ ചെയ്യത്തക്കവണ്ണം ഇതു പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. എന്തെങ്കിലും നിർദ്ദേശങ്ങളുണ്ടെങ്കിൽ അത് സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിക്കാം. നിയമസഭ പിരിഞ്ഞതിനുശേഷം ഇന്നുതന്നെ സബ്ജക്ട് കമ്മിറ്റി കൂടുകയും തിരിച്ച് റിപ്പോർട്ടു ചെയ്യുകയും ചെയ്യാം. ആ നിലയിലുള്ള സഹകരണം ബഹുമാനപ്പെട്ട മെമ്പറൻമാരുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. സി. വാസുദേവ മേനോൻ)

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഞാൻ ഈ ബില്ലിനെ പിന്താങ്ങുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നമ്മുടെ നാട്ടിലെ കൃഷിക്കാർക്കു ചെയ്യുന്ന ഒരു പ്രധാനപ്പെട്ട ആനുകൂല്യമാണ് ഈ ബില്ലിന്റെ ഉള്ളടക്കം. സർ, കാർഷികവൃത്തി ഇന്നു നഷ്ടക്കച്ചവടമാണ്. പല കാരണങ്ങൾകൊണ്ടും ഇന്നു കൃഷിക്കാർക്ക് വളരെയേറെ ബുദ്ധിമുട്ടുകളുണ്ട്. നാണ്യപ്പെരുപ്പവും വിലക്കയറ്റവും ഏറ്റവും കൂടുതൽ പ്രതികൂലമായി ബാധിച്ചിട്ടുള്ളത് നമ്മുടെ കൃഷിക്കാരെയാണ്. അതിനിയും കൂടുതൽ രൂക്ഷമായിത്തീരാനാണ് സാധ്യതയും. എന്തെന്നാൽ സിനിമാപ്പടം റിലീസ് ചെയ്യുന്നതുപോലെയാണ് ഇൻഡ്യാഗവൺമെന്റ് ഇപ്പോഴും നോട്ട് അച്ചടിച്ചുവിടുന്നത്. അടുത്ത റിലീസ് ഉടനെ ഉണ്ടാകും. രണ്ടു ദിവസം മുമ്പ് പത്രത്തിൽ വാർത്തയുണ്ടായിരുന്നു. അതുകൂടിയായിക്കഴിഞ്ഞാൽ നാണ്യപ്പെരുപ്പം അതിന്റെ പരമകാഷ്ടയിലെത്തും. അതോടുകൂടി കൃഷിക്കാരുടെ സ്ഥിതിയും ആകെ പ്രയാസത്തിലാകും. അതുകൊണ്ട് ഈ ഗവൺമെന്റ് കൃഷിക്കാർക്കു ചെയ്തുകൊടുക്കുന്ന ഒരു ആനുകൂല്യമെന്ന നിലയ്ക്കാണ് ഞാനിതിനെ പിന്താങ്ങുന്നത്. സർ, ഈ ബില്ലിലെ രണ്ടാം വകുപ്പിൽ ചില ഐറ്റംസ് പറയുന്നുണ്ട്. ഒന്നാമത്തേത് നാളികേരമാണ്. നമ്മുടെ നാട്ടിലെ നാളികേരക്കൃഷിക്കാരെ സഹായിക്കാൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. അവർക്കുവേണ്ടി ഗവൺമെന്റ് ഇങ്ങനെയൊരു ദേഭഗതി കൊണ്ടുവന്നതിന് ഗവൺമെന്റിനെ എത്രകണ്ട് അഭിനന്ദിച്ചാലും കൂടിപ്പോവുകയില്ല. പക്ഷെ, കാർഷികാദായനികുതി ഒരു പുനഃപരിശോധനയ്ക്ക് വിധേയമാക്കേണ്ടതല്ലേ? സർ, നമ്മുടെ നാട്ടിൽ ഭൂനികുതിയാണ് പ്രധാനമായും മുൻപ് പിരിച്ചുകൊണ്ടിരുന്നത്. തിരുവിതാംകൂറിൽ 119-ാം ആണ്ടിൽ ഉണ്ടായ ഒരു പ്രൊക്ലമേഷന്റെ അടിസ്ഥാനത്തി

LIBRARY ARCHIVES Kerala Legislative Assembly

ലാണ് പ്രധാനമായും ഭൂനികുതി പിരിച്ചുകൊണ്ടിരുന്നത്. ഭൂനികുതിയിൽത്തന്നെ കാർഷികാദായനികുതികൂടി ഉൾപ്പെടുത്താമെന്ന നിലയിലാണ് അന്ന് പൊയ്ക്കൊണ്ടിരുന്നത്. പിന്നീട് ബേസിക് ടാക്സ് ഏർപ്പെടുത്തിയതോടുകൂടി ഭൂനികുതി ഒരു നാമമാത്രനികുതിയായി മാറി. ഭരണഘടന നിലവിൽ വന്നതോടുകൂടി ഭൂനികുതി നഷ്ടപ്പെട്ട സംസ്ഥാന ഗവൺമെൻറുകൾ അത് സപ്ലിമെൻറ് ചെയ്യാൻവേണ്ടിയാണ് കാർഷികാദായനികുതി ഏർപ്പെടുത്തിയത്. എന്നുവെച്ച് അത് ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളും ഏർപ്പെടുത്തിയിട്ടില്ല. കേരളത്തിൽ നിലവിൽ വന്നത് 1950-ലെ നിയമത്തെ തുടർന്നാണ്. ആ നിയമം വന്നതിനുശേഷം നമ്മുടെ നാട്ടിലെ കൃഷിക്കാരുടെ കഴിവുകൾ വികസിപ്പിക്കുന്നതിനും അവരെ സഹായിക്കുന്നതിനുമുള്ള നടപടിക്രമങ്ങളൊന്നുമുണ്ടായിരുന്നില്ല. കാലാകാലങ്ങളിൽ സ്ലാബ് സിസ്റ്റത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്, മിനിമം ഫിക്സ് ചെയ്യുന്നതിലും മാറ്റംവരുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സ്ലാബ് കുറെക്കൂടി സിംപ്ലിഫൈ ചെയ്ത് പതിനയ്യായിരം രൂപയാക്കി. പക്ഷെ പാലക്കാട്ടും കുട്ടനാട്ടുമൊക്കെയുള്ള ഇടത്തരം നെൽക്കൃഷിക്കാർ ഇന്നു കൂടുതൽ ബുദ്ധിമുട്ടനുഭവിക്കുകയാണ്; അതിനൊരു പ്രധാന കാരണം അടുത്തകാലത്തായി ഉണ്ടായ രാസവളങ്ങളുടെ വിലവർദ്ധനവാണ്. അതൊക്കെ എല്ലാവർക്കും അറിവുള്ളതാണ്. സർ, വളത്തിന്റെ സബ്സിഡിപോലും നിറുത്തിക്കളഞ്ഞു. അതിന്റെ ഫലമായിട്ടുകൂടിയാണ് വാസ്തവത്തിൽ കൃഷിക്കാർക്ക് ഇത്രയേറെ ബുദ്ധിമുട്ടുണ്ടായിരിക്കുന്നത്. അങ്ങനെ, പണ്ടേതന്നെ ബുദ്ധിമുട്ടുന്ന, കഷ്ടപ്പെടുന്ന നെൽകൃഷിക്കാരെ സഹായിക്കാൻവേണ്ടി ഗവൺമെൻറ് ഇങ്ങനെയൊരു തീരുമാനമെടുത്തത് അങ്ങേയറ്റം സ്വാഗതാർഹമാണ്. ഇതിൽ രണ്ടഭിപ്രായത്തിനിടയുണ്ടെന്നു ഞാൻ കരുതുന്നില്ല. സർ, നാളികേരം കഴിഞ്ഞാൽ പിന്നെ കപ്പയാണ്. എക്സൈസ് വകുപ്പിന്റെ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചപ്പോഴും ഞാൻ കപ്പക്കൃഷിയെക്കുറിച്ചു പറഞ്ഞിരുന്നു. സ്പിരിറ്റിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിനുവേണ്ടി കപ്പയിൽനിന്നു ചാരായമുണ്ടാക്കുന്നതിനെപ്പറ്റിയും വ്യാവസായികാടിസ്ഥാനത്തിൽ കപ്പ കൃഷിചെയ്യുന്നതിനെപ്പറ്റിയുമൊക്കെ അന്നു സംസാരിച്ചു. ബഹുമാനപ്പെട്ട മന്ത്രി അതിനു മറുപടി പറയുകയും ചെയ്തു. സർ, നമ്മുടെ നാട്ടിലെ കപ്പ കൃഷിക്കാർക്കും ധാരാളം കഷ്ടപ്പാടുകളുണ്ട്. കപ്പ നട്ടുകഴിഞ്ഞാൽ അതു വിൽക്കേണ്ട സമയമാകുമ്പോൾ വിലയിടിയുന്ന അനുഭവമാണുള്ളത്. അവർക്കുവേണ്ടിയും ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവന്നത് വളരെ സ്വാഗതാർഹമാണ്. അതുപോലെതന്നെയാണ് ഇഞ്ചിയുടേയും കൂവരകിന്റേയുമൊക്കെ കാര്യം.

മറ്റൊരു കാര്യം പറയാനുള്ളത് അസസിംഗ് സമ്പ്രദായത്തെക്കുറിച്ചാണ്. ഇന്നത്തെ അസസിംഗ് സമ്പ്രദായത്തിൽ മാറ്റം വരുത്തണം. ഒരു തെങ്ങിൽനിന്ന് ഒരുവർഷം ഇത്ര തേങ്ങ കിട്ടുമെന്നു സങ്കൽപ്പിച്ചുകൊണ്ടാണ് പ്രതിവർഷം ഇത്ര വരുമാനം കിട്ടുമെന്നു കണക്കു കൂട്ടുന്നത്. അതുകൊണ്ട് കർഷകർക്ക് ഇന്നു വളരെ ബുദ്ധിമുട്ടുണ്ട്. ഇതിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻമാർ അവരുടെ ജോലി കാര്യമായി ചെയ്യുന്നില്ല. അതിന്റെ ഫലമായി പണക്കാർ രക്ഷപെടുകയും പാവപ്പെട്ടവരും ഇടത്തരക്കാരുമൊക്കെ കഷ്ടപ്പെടുകയും ചെയ്യുകയാണ്. ഗവൺമെൻറ് എന്തൊക്കെ ചെയ്യുന്നുണ്ടെങ്കിലും ശരി തെങ്ങുരോഗം ഇന്നു സാർവ്വത്രികമാണ്. മരുന്നുതളിയെല്ലാം വിപുലമായ തോതിൽ തുടങ്ങിയെങ്കിലും അതിപ്പോൾ നിറുത്തിവച്ചിരിക്കുകയാണ്. അത് അടിയന്തിരമായി പുനരാരംഭിക്കണം. ഇന്നത്തെ അസസ്സിംഗ് സമ്പ്രദായം നമ്മുടെ നാട്ടിലെ തെങ്ങുകൃഷിക്കാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ സാമ്പത്തികക്ലേശത്തിനും ബുദ്ധിമുട്ടിനും ഇടയാക്കുന്നു. മല യോരപ്രദേശങ്ങളിലെ അടയ്ക്കാകൃഷിക്കാരുടേയും സ്ഥിതി ഇതുതന്നെ യാണ്. അടയ്ക്കാക്ക് രോഗം ബാധിച്ചുകഴിഞ്ഞാൽ മരങ്ങളെല്ലാം വെട്ടി നശിപ്പിക്കണം. എന്നാൽ നശിച്ചുപോയ അടയ്ക്കായുടെ എണ്ണംകൂടി എടുത്തുകൊണ്ടായിരിക്കും അസസ്മെൻറ് നടത്തുന്നത്. ഈ സമ്പ്രദായ ത്തിനു മാറ്റം വരുത്തണമെന്ന് ഞാൻ ഒന്നുകൂടി ആവശ്യപ്പെടുകയാണ്, തെങ്ങ്കൃഷിക്കാർക്ക് കൃഷിവകുപ്പുമന്ത്രി ചിലതെല്ലാം ചെയ്തു. ബഡ്ജറ്റിൽ ചില വ്യവസ്ഥകളെല്ലാം ഉണ്ട്. നമ്മുടെ നാട്ടിലെ അടയ്ക്കാ കൃഷിക്കാരുടെ സ്ഥിതി അതിലും ശോചനീയമാണ്. ആ കൃഷിക്കാരെ രക്ഷിക്കാൻ ശാസ്ത്രീയമായ ഗവേഷണങ്ങളോ, ശാസ്ത്രീയമായ പരിപാടി കളോ ഇതേവരെ ഗവൺമെൻറിൻെറ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. അതു കൊണ്ട് അടയ്ക്കാകൃഷിക്കാർ ഇന്ന് ഭീമമായ നഷ്ടത്തിൽ ചെന്നെത്തിയി രിക്കുകയാണ്. തെങ്ങുകൃഷിക്കാരെ സംരക്ഷിക്കുന്നതുപോലെതന്നെ ഒരു ഇൻറൻസീവ് പ്രോഗ്രാം നമ്മുടെ അടയ്ക്കാകൃഷിക്കാരെ സഹായിക്കുന്ന തിനും, രക്ഷിക്കുന്നതിനുംവേണ്ടി നടപ്പിലാക്കണമെന്നാണ് എൻെറ അഭി പ്രായം.

ശ്രീ. എം. പി. ഗംഗാധരൻ : അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് അസസ് ചെയ്യുന്നതിനെപ്പറ്റി ഇവിടെ പറഞ്ഞു. ഇന്നത്തെ അസസ്മെൻറിൻെറ രീതി മാറണമെന്നു പറഞ്ഞു. അതു മാറി എന്തു സമ്പ്രദായം ഈ അസസ്മെൻറിൻെറ കാര്യത്തിൽ സ്വീകരിക്കണമെന്ന് വ്യക്തമാക്കുമോ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : ഞാൻ പറഞ്ഞുവന്നത്, ഇന്നിപ്പോൾ ഏകപക്ഷീയമായ അസസ്മെൻറാണ് നടക്കുന്നതെന്നാണ്. യഥാർത്ഥ ത്തിൽ ഇൻസ്പെക്ടിങ്ങ് ഓഫീസേഴ്സ് സ്ഥലത്തു പോയി വൃക്ഷങ്ങളും പരിശോധിച്ച് അസസിയുടെ സാന്നിദ്ധ്യത്തിൽ കൃത്യമായ കണക്കുകളും എടുക്കണമെന്നാണ് പറഞ്ഞത്. അതിനുള്ള നടപടിക്രമങ്ങളും ഇന്നു നട പ്പിലാക്കുന്നില്ല. മിക്കവാറും അസസ്മെൻറ് നടത്തുന്നത് ഓഫീസിൽ ഇരുന്നുകൊണ്ടാണ്. ഓഫീസിൽ ഇരുന്ന് എക്സ്-പാർട്ടി അസസ് മെൻറ് നടത്തിയതിനുശേഷം അതിൻമേൽ തർക്കമുണ്ടെങ്കിൽ തുക കെട്ടിവച്ച തിനുശേഷം അപ്പീൽ കൊടുക്കാം. പിന്നീടു പരിശോധന വയ്ക്കുന്നുണ്ട്. അതു പോര. ഏതെങ്കിലും ഒരവസരത്തിൽ കൃഷിക്കാരൻ തൻെറ നഷ്ടത്തെ സംബന്ധിച്ച വിവരം കൊടുത്താൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ആദ്യമേ ഒരു പ്രിലിമിനറി സൈറ്റ് ഇൻസ്പെക്ഷൻ നടത്തി അതിൻെറ വസ്തു തകളെ സംബന്ധിച്ച് പൂർണ്ണമായി പരിശോധിച്ചതിനുശേഷംമാത്രമേ അസസ്മെൻറ് നടത്താവൂ. ഇന്നത്തെ അസസ്മെൻറ് സ്ഥലത്തു പോയി നോക്കാതെ ഓഫീസിലിരുന്നുകൊണ്ട് ചെയ്യുന്ന അസസ് മെൻറാണ്. ഇത് കൃഷിക്കാരനു ദ്രോഹകരമാണ്. അടയ്ക്കാകൃഷിക്കാരെ സംരക്ഷിക്കാൻ ഒരു തീവ്രയത്നപരിപാടി ഗവൺമെൻറ് ചെയ്യണം. ഇന്ന് നമ്മുടെ മലയോരപ്രദേശങ്ങളിലുള്ള അടയ്ക്കാ എല്ലാംതന്നെ രോഗം ബാധിച്ച് വളരെ വിസ്തൃതമായ ഏരിയായിലെ വൃക്ഷങ്ങളും മുഴുവൻ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇതിനെക്കുറിച്ച് നമ്മളാരും ചർച്ചക ളൊന്നും നടത്തുന്നില്ല. തെങ്ങുകൃഷിക്കാർ സംഘടിതരാണ്. തെങ്ങു കൃഷിക്കാരെ സംബന്ധിച്ച് ചർച്ചകളും നടക്കുന്നുണ്ട്. ഒരുകാലത്ത് വളരെ ആദായകരമായിരുന്നു അടയ്ക്കാകൃഷി. അത് ആദായകരമാക്കി ത്തീർക്കുന്നതിനു വേണ്ട നടപടി എടുക്കുന്നതിനോടൊപ്പം ആ കൃഷിക്കാരെ സഹായിക്കാനുള്ള ബാധ്യത ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറി നുണ്ട് എന്നു ചൂണ്ടിക്കാണിക്കാനാണ് ഇതു പറയുന്നത്. ഏറ്റവും ഒടു

LIBRARY ARCHIVES Kerala Legislative Assembly

വിലായി നമ്മുടെ കൃഷിവകുപ്പുമന്ത്രി പറഞ്ഞ സ്ഥിതിവിശേഷത്തെ ക്കുറിച്ച് ഈ സന്ദർഭത്തിൽ പറയേണ്ടതായുണ്ട്, കുരുമുളക് ഇറക്കുമതിയെ സംബന്ധിച്ച്. എല്ലാ സാധനങ്ങളും കേന്ദ്രഗവൺമെന്റ് ഇറക്കുമതി ചെയ്യുകയാണ്. റബർ ഇറക്കുമതി ചെയ്യുന്നു, കശുഅണ്ടി ഇറക്കുമതി ചെയ്യുന്നു, വെളിച്ചെണ്ണ ഇറക്കുമതി ചെയ്യുന്നു. ഏറ്റവും ഒടുവിലായി കുരുമുളകുകൂടി ഇറക്കുമതി ചെയ്യുന്നു. സകലസാധനങ്ങളും ഇറക്കുമതി ചെയ്ത് ഇൻഡ്യാഗവൺമെന്റ് ബോധപൂർവം നമ്മുടെ ഗവൺമെന്റിനേയും, ഇവിടത്തെ ജനങ്ങളേയും സാമ്പത്തികത്തകർച്ചയിലേക്ക് തള്ളിവിടുന്നതിനുവേണ്ടി അനുവർത്തിച്ചുവരുന്ന തെറ്റായ നയം ചൂണ്ടിക്കാണിക്കാനാണ് ഇത്രയും പറഞ്ഞത്. ഈ രാജ്യത്ത് ആവശ്യമുള്ളത്ര കുരുമുളക് ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഈ കുരുമുളകിന്റെ വില കുറയ്ക്കുന്നതിനും കുരുമുളകു കൃഷിക്കാരെ പട്ടിണിയിലേയ്ക്ക് തള്ളിവിടുന്നതിനുംവേണ്ടി ഇൻഡ്യാഗവൺമെന്റ് കുരുമുളക് ഇറക്കുമതികൂടി നടത്തിയിരിക്കുന്നുവെന്ന് പത്രവാർത്ത കണ്ടു. ഇതാണ് സ്ഥിതിവിശേഷമെങ്കിൽ ഈ കേരളത്തിലെ നമുക്ക് ജീവിതക്ലേശം ഉണ്ടാക്കുന്ന ഗുരുതരമായ ഈ പ്രതിസന്ധിയെ നേരിടേണ്ടിവരും. 80 ശതമാനത്തോളം വരുന്ന പാവപ്പെട്ട കൃഷിക്കാർ ആകെ പട്ടിണിയിലാണ്. അവരുടെ പ്രധാന കാർഷികോൽപ്പന്നങ്ങളുടെയെല്ലാം വിലയിടിഞ്ഞു. ഈ വിലയിടിവ് ഭാവിതലമുറയുടെ നിലനിൽപ്പിനെ ബാധിക്കുമെന്നുള്ളതുകൊണ്ട് കക്ഷിരാഷ്ട്രീയത്തിനതീതമായി ഈ കൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള യോജിച്ച ഒരു സമീപനം അംഗീകരിക്കാൻ നാം തയ്യാറാകേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. കുരുമുളകുകൂടി ആയപ്പോൾ ചിത്രം പൂർണ്ണമായി. നമ്മുടെ നാട്ടിൽ ഇത്രയും ഗുരുതരമായ ഒരു സാമ്പത്തികപ്രതിസന്ധി ഉണ്ടായിട്ടില്ല, കേന്ദ്രഗവൺമെന്റ് ജനങ്ങളുടെ ജനാധിപത്യാവകാശങ്ങളെ നിഷേധിക്കുക, പണിമുടക്ക് നിഷേധിക്കുക, അതിനുവേണ്ടി ഓർഡിനൻസ് പാസ്സാക്കുക ഇതൊക്കെ ചെയ്താണ് പ്രതിസന്ധിയെ നേരിടുന്നതിന് വഴി ആലോചിക്കുന്നത്. ജനാധിപത്യം ഇല്ലാതാക്കി സേച്ഛാധിപത്യം വരുത്താൻവേണ്ടി പണിമുടക്കുപോലും നിരോധിച്ചുകൊണ്ടുള്ള ഒരു നടപടിക്രമത്തിലേയ്ക്കാണ് കേന്ദ്രഗവൺമെന്റ് നീങ്ങുന്നത്. മറിച്ച് കൃഷിക്കാരന്റെ അദ്ധ്വാനശക്തിയെ ഉണർത്തുന്നതിനും കൃഷിക്കാരെ അവരുടേതായ മാർഗ്ഗത്തിലൂടെ കൊണ്ടുവരുന്നതിനുംവേണ്ടിയുള്ള നടപടിക്രമങ്ങളാണ് നടത്തേണ്ടത്.

ശ്രീ. എം. പി. ഗംഗാധരൻ : ബഹുമാനപ്പെട്ട മെമ്പർ കുരുമുളക് ഇറക്കുമതി ചെയ്യുന്ന കാര്യം ഏതോ പത്രത്തിലാണ് വന്നത് എന്നു പറഞ്ഞു. ഇറക്കുമതി ചെയ്തു എന്ന കാര്യം തീർച്ചയായും അറിയാമോ. അങ്ങനെയാണെങ്കിൽ ഇതിന്റെ ചർച്ചാവേളയിൽ കുരുമുളകും എക്സംപ്ഷൻ ക്ലോസിൽ ചേർക്കാൻ ശുപാർശ ചെയ്യുമോ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : കുരുമുളക് ഇറക്കുമതി ചെയ്യുന്നു എന്നുള്ള കൃഷിവകുപ്പുമന്ത്രിയുടെ പ്രസ്താവന പത്രത്തിലുണ്ടായിരുന്നു. ശ്രീ. ഗംഗാധരൻ പത്രം വായിക്കുന്ന പതിവൊന്നും ഇല്ലായിരിക്കാം. കാലത്ത് പത്രമൊക്കെ ഒന്നു നോക്കിയിട്ട് അസംബ്ലിയിൽ വന്നാൽ എളുപ്പമാണ്.

രണ്ടു കാര്യങ്ങളാണ് ബഹുമാനപ്പെട്ട മന്ത്രി ഈ നിയമം അവതരിപ്പിച്ചുകൊണ്ടു പറഞ്ഞു. അതിൽ ഒരു കാര്യത്തെ സംബന്ധിച്ചാണ് ചർച്ച ചെയ്തത്. മറ്റേ സംഗതി കാർഷികാദായ നികുതി കുറേക്കൂടി

LIBRARY ARCHIVES Kerala Legislative Assembly

സിംപ്ലിഫൈ ചെയ്യണം. സ്ലാബ് സിസ്റ്റത്തിൽ ശാസ്ത്രീയമായി സിംപ്ലിഫൈ ചെയ്യുന്നത് വളരെയധികം സൗകര്യപ്രദമാണ്. പതിനയ്യായിരം എന്നുള്ള സ്ലാബിനുശേഷം പതിനയ്യായിരം മുതൽ ഇരുപത്തയ്യായിരം വരെയുള്ള സ്ലാബ് ഏർപ്പെടുത്തിയത് നല്ലതാണ്. ധർമ്മസ്ഥാപനങ്ങളും അതുപോലെ മറ്റു ചില സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള കൺസഷൻ കൊടുത്തതിനേയും അനുകൂലിക്കുന്നു. അഭിപ്രായവ്യത്യാസമൊന്നുമുണ്ടായിട്ടല്ല, ഇതിനെ സംബന്ധിച്ചിടത്തോളം കുറേക്കൂടി വ്യക്തത ആവശ്യമാണ്. ഇപ്പോഴത്തന്നെ 25 ശതമാനമാണ് അവർക്കു നീക്കിവയ്ക്കാൻ കഴിയുന്നത്. ബാക്കിവരുന്ന 75 ശതമാനം വീണ്ടും കുറവു വന്നാൽ അതുത്തോളം കൺസഷൻസ് വേണമോ എന്നുള്ള കാര്യംകൂടി ആലോചിക്കണം. അതുപോലെതന്നെ (b) (i) invested in any Government security as defined in clause (2) of section 2 of the Public Debt Act, 1944 (Central Act 18 of 1944).....എന്നു പറയുന്നുണ്ട്. അങ്ങനെ ഇൻവെസ്റ്റ്മെന്റ് നടത്തുന്ന വ്യക്തികൾക്ക് കൊടുത്തിരിക്കുന്ന സൗജന്യങ്ങളും ഇത്ര കൂടുതൽ വേണമോ എന്നുള്ള കാര്യം ആലോചിക്കണം. മാത്രവുമല്ല ഈ സൗജന്യങ്ങളും തീർച്ചയായും നമ്മുടെ കൃഷിക്കാരുടെ ശക്തി കെട്ടഴിച്ചുവിടുന്ന നിലയിലായിരിക്കണം. അതായിരിക്കണം അതിന്റെ principle. ഈ ബില്ല് ഇവിടത്തെ ജനങ്ങളുടെ വികാരങ്ങൾക്കും കൃഷിക്കാരുടെ താൽപ്പര്യങ്ങൾക്കും അനുസൃതമായിട്ടാണ് രൂപപ്പെടുത്തിയിട്ടുള്ളതെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. ഈ ബില്ലിനെ സർവാത്മനാ പിന്താങ്ങുന്നു. ഇത് പാസ്സാക്കണമെന്നാണ് എന്റെ അഭിപ്രായം. ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. പി. ജോസഫ് (മൂവാറ്റുപുഴ): സർ, ഞാൻ ഈ ബില്ലിലെ പല വ്യവസ്ഥകളെയും സ്വാഗതം ചെയ്യുന്നു. പക്ഷെ ഈ രാജ്യത്തെ കൃഷിക്കാരുടെ ബുദ്ധിമുട്ടുകൾ മുഴുവൻ പരിഹരിക്കാൻ പര്യാപ്തമാണ് ഇതെന്ന് എനിക്ക് അഭിപ്രായമില്ല. നികുതിയെക്കുറിച്ചു സംസാരിക്കുമ്പോൾകഴിഞ്ഞ കുറെ വർഷങ്ങളായി സാധാരണ കൃഷിക്കാർ നികുതിയെക്കുറിച്ചുന്നയിക്കുന്ന ഒരാവശ്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്താൻ ഞാനാഗ്രഹിക്കുന്നു. ഇന്ന് ഭൂമിയെ സംബന്ധിച്ചിടത്തോളം ഏതാണ്ട് അഞ്ചു നികുതികൾ കൃഷിക്കാർ കൊടുക്കേണ്ടതുണ്ട്. ഇംഗ്ലീഷു വായിക്കാൻ പോലുമറിയാത്ത കൃഷിക്കാർക്ക് പല ഫാറങ്ങളും ഇംഗ്ലീഷിലാണ് കിട്ടുന്നത്. അതു പൂരിപ്പിക്കാൻ വക്കീലാഫീസിൽ പോകണം; ഇൻറർവ്യൂവിന് പോകണം. നോട്ടീസുകൾ വരുന്നു. ഇങ്ങനെ കൃഷിക്കാരുടെ ജീവിതത്തിന്റെ ഒരു നല്ല ഭാഗം നിരവധി സർക്കാരാഫീസുകളിൽ നികുതിയെസംബന്ധിച്ചും, നോട്ടീസുകളെ സംബന്ധിച്ചും, അസസ്മെന്റുകളെ സംബന്ധിച്ചും മറുപടി പറയാൻ കയറിയിറങ്ങി നടക്കേണ്ട ഗതികേടാണുള്ളത്. 5 ഏക്കറിൽത്താഴെയുള്ള കൃഷിക്കാർക്കെങ്കിലും വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഒരൊറ്റ നികുതിയാക്കാൻ ഉള്ള സംവിധാനം വലിയ താമസം കൂടാതെ നടപ്പാക്കിയാൽ അത് നിരക്ഷരകുക്ഷികളായ ഈ രാജ്യത്തെ സാധാരണ ഇടത്തരം കൃഷിക്കാർക്ക് ചെയ്തുകൊടുക്കുന്ന വലിയ സൗജന്യവും സൗകര്യവുമായിരിക്കും. ആ നിലയിൽ ശ്രദ്ധിക്കണമെന്ന് ഞാനപേക്ഷിക്കുന്നു.

കപ്പ തുടങ്ങിയുള്ള കൃഷികൾ ഈ ഭേദഗതിയിൽ നികുതിയിൽനിന്നൊഴിവാക്കിയതു സ്വാഗതാർഹമാണ്. ഉൽപ്പന്നങ്ങളുടെ വിലക്കുറവുകൊണ്ടും മറ്റും വീർപ്പുമുട്ടുന്ന കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ആശ്വാസവു

LIBRARY ARCHIVES Kerala Legislative Assembly

മാണ്. പക്ഷെ ഈ രാജ്യത്തു വിലയിടിവുകൊണ്ട് വിഷമിക്കുന്ന കൃഷിക്കാർക്ക് ആശ്വാസമാകണമെങ്കിൽ കൊക്കോ, ജാതി, ഗ്രാമ്പു തുടങ്ങിയ ഉൽപന്നങ്ങളും കൂടി എക്സംപ്ഷനിൽ പെടുത്തണം. കൊക്കോ വ്യാപകമായി നട്ടിട്ടുണ്ട്. പക്ഷെ ഇന്ന് അതു വാങ്ങാൻപോലും ആളില്ലാത്ത സാഹചര്യമാണ്. ഗ്രാമ്പു, ജാതി തുടങ്ങിയവയെ ഇന്നും ആദായനികുതി ഉദ്യോഗസ്ഥൻമാർ കല്പവൃക്ഷമായിട്ടാണ് കണക്കാക്കുന്നത്. പക്ഷെ ഇന്നു ഗ്രാമ്പുവിനു വില കുറഞ്ഞു. ജാതിക്കാ വാങ്ങാൻപോലും ആളില്ല, വിലയും തീരെക്കുറഞ്ഞു. എന്നിട്ടും കൃഷിക്കാരൻ കഴിഞ്ഞകാലങ്ങളിലുള്ള പ്രതീക്ഷയും വ്യാമോഹവും കൊണ്ട് അതൊക്കെ വച്ചു പിടിപ്പിച്ചു പോയി. ആ കൃഷിക്കാരന്റെ തലയ്ക്കു മുകളിൽ അസസ്മെന്റ് എന്ന ഡെമോക്ലിസിന്റെ വാൾ തൂങ്ങിനിൽക്കുന്നു. അതുകൊണ്ട് ഈ കൃഷികളെ കൂടി എക്സംപ്ഷനിൽ പെടുത്തണം.

അസസ് ചെയ്യുന്നതിനുള്ള പരിധി 15,000 രൂപയെന്നുള്ളത് 20,000 ആക്കിയത് സ്വാഗതാർഹമാണ്. ഇന്നത്തെ വിലയനുസരിച്ച് 15,000 എന്നുള്ളത് അപര്യാപ്തമാണ്. ഈ രാജ്യത്ത് ഏറ്റവും കൂടുതൽ അവശതയനുഭവിക്കുന്ന വിഭാഗം കൃഷിക്കാരാണ്. അവരുണ്ടാക്കുന്ന ഉൽപന്നങ്ങളുടെ വില കുത്തനെ ഇടിഞ്ഞു. ഇടിവെട്ടിയവനെ പാമ്പുകടിച്ചതുപോലെ വളത്തിന്റെ വില ക്രമാതീതമായി വർദ്ധിച്ചു; കൂലിച്ചെലവു കൂടി. ഈ വർഷമാണെങ്കിൽ തോരാത്ത മഴ—റബ്ബർ വെട്ടാൻ പോലും സാഹചര്യമില്ല. എണ്ണിച്ചുട്ട അപ്പം പോലെ കാർഷികവൃത്തിയിൽ—നിന്നു കിട്ടുന്ന വരുമാനമാണ് കൃഷിക്കാരന്റെ ഏകാംവലംബം. ശമ്പളമില്ല, ബോണസില്ല, കൈക്കൂലിയില്ല, ബാറയില്ല. ഈ സാഹചര്യത്തിൽ ചെറിയ വരുമാനംകൊണ്ട് നിത്യനിദാനച്ചെലവുകൾപോലും നിർവഹിക്കാൻ വിഷമിക്കുന്ന സാധാരണ ഇടത്തരം കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ആദായത്തിൻമേലുള്ള നികുതിക്കുള്ള പരിധി ഈ വർഷം തന്നെ 20,000 രൂപയാക്കി വർദ്ധിപ്പിക്കണമെന്നും മറുപടി പ്രസംഗത്തിൽ ബഹുമാനപ്പെട്ട മന്ത്രി അതു പ്രഖ്യാപിക്കണമെന്നും ഞാനപേക്ഷിക്കുകയാണ്.

ട്രസ്റ്റുകൾക്ക് ചില ആനുകൂല്യങ്ങൾ കൊടുത്തിട്ടുണ്ട്. നമ്മുടെ രാജ്യത്ത് നികുതി വെട്ടിക്കാൻവേണ്ടി പലവിധ ട്രസ്റ്റുകൾ നടത്തി അങ്ങനെ നികുതി വെട്ടിപ്പു നടത്തുന്ന സമ്പ്രദായമുള്ളതുകൊണ്ട് ട്രസ്റ്റിനു കൊടുത്തിരിക്കുന്ന ആനുകൂല്യം ദുരുപയോഗപ്പെടുത്തുകയില്ലേ എന്നെനിക്കു സംശയമുണ്ട്. ആ കാര്യം ശ്രദ്ധിക്കണം. കൃഷിക്കാർക്ക് വളരെയേറെ ആനുകൂല്യങ്ങൾ കൊടുത്തിട്ടുണ്ട്. ആദായനികുതി അസസ്മെന്റ് സംബന്ധിച്ച ഗൈഡൻസും നല്കിയിട്ടുണ്ട്. പക്ഷെ ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞതുപോലെ അസസ്മെന്റ് ഇന്ന് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഒരു കിലോ റബ്ബറിന് 7 രൂപയാണ് ചെലവു വച്ചിരിക്കുന്നത്. ടാപ്പിംഗ്കാരന് 10 രൂപ കുറഞ്ഞതു കൂലി കൊടുക്കണം. പുല്ലു പറിക്കാനും വളമിടാനും ഒക്കെ ചെലവുണ്ട്. 12 രൂപയെങ്കിലും ചെലവു വരുന്ന അവസരത്തിൽ വെറും 7 രൂപ വച്ചിരിക്കുന്നത് അശാസ്ത്രീയമാണ്. തെങ്ങിന് വച്ചിരിക്കുന്നതും ഒരു വർഷം 6 രൂപ മാത്രമാണ്. ആറു പ്രാവശ്യം തെങ്ങിൽ കയറുന്നതിന് കയറാക്കൂലി 50 പൈസ വച്ച് 3 രൂപ, വളത്തിന് 6 രൂപ, മറ്റു കൂലിച്ചെലവുകളെല്ലാം കൂടി 6 രൂപ. ഇങ്ങനെ ഏറ്റവും ചുരുങ്ങിയത് 15 രൂപ തെങ്ങിനു ചെലവു വരുന്ന അവസരത്തിൽ ഗൈഡ്ലൈൻ പ്രകാരം കൃഷിക്കാരന് 6 രൂപ മാത്രമാണനുവദിക്കുന്നത്. ഇങ്ങനെ ചില പോരായ്മകളുണ്ട്. മണ്ഡരോഗം പിടിപെട്ട് മിക്കവാറും തെങ്ങുകൾ കാഫലമില്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

യായിട്ടുണ്ട്. 40 തെങ്ങിന് 60-ഉം, 80-ഉം, 100-ഉം തെങ്ങ് അസസ് ചെയ്യാറുണ്ട്. ഇങ്ങനെ അശാസ്ത്രീയമായ അസസ്മെൻറാണ് നടക്കുന്നത്. അതുകൊണ്ട് ഗൈഡ്ലൈൻസിൽ കുറെ ഭേദഗതി വേണം. അങ്ങനെയുള്ള ഭേദഗതികളോടുകൂടി ഈ നിയമം പാസാക്കുകയും പരിധി ഇന്നുള്ളത് ഉയർത്തുകയും ശ്വാമ്പു തുടങ്ങിയവ എക്സംപ്ഷനിൽ ഉൾപ്പെടുത്തുകയും ചെയ്തത് കൃഷിക്കാർക്ക് കൂടുതൽ ആശ്വാസം നൽകാൻ ധനകാര്യ മന്ത്രി മുന്നോട്ടുവരണമെന്നഭ്യർത്ഥിച്ചുകൊണ്ട് എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. വി. കെ. രാജൻ: സർ, കേന്ദ്ര ഭരണാധികാരികൾ നിരന്തരമായി അവലംബിച്ചുപോരുന്ന ദ്രോഹനടപടികളുടെ ഫലമായി നമ്മുടെ രാജ്യത്തെ കൃഷിക്കാർ വളരെ വളരെ പ്രയാസമനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരു സാഹചര്യത്തിൽ നമ്മുടെ സംസ്ഥാന ഗവൺമെൻറ് കൃഷിക്കാർക്ക് പെറിയ തോതിൽ ആശ്വാസം നൽകുന്നതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള ഈ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ കൃഷിക്കാർ കൃഷിയാവശ്യത്തിനു വേണ്ടി വാങ്ങിയുപയോഗിക്കുന്ന വളം, കീടനാശിനി, വിത്ത് മുതലായ എല്ലാ സാധനങ്ങൾക്കും വില ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. ആ വിലവർദ്ധനവിനെ നേരിടുന്ന കൃഷിക്കാർക്ക് ആശ്വാസം കൊടുക്കുക ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം അത്യാവശ്യമാണ്. കൃഷിക്കാരുൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾക്ക്, നെല്ലായാലും തേങ്ങയായാലും കുരുമുളകായാലും ഇഞ്ചിയായായാലും മറെറന്തെയായാലും ഉൽപാദനച്ചെലവിനനുസൃതമായ വില കിട്ടാത്ത സാഹചര്യം നമ്മുടെ രാജ്യത്തു നിലനിൽക്കുന്നു. അതും കേന്ദ്ര ഭരണാധികാരികളുടെ സാമ്പത്തികനയങ്ങളുടെ ഫലമാണ്. ആ സാഹചര്യത്തിൽ കൃഷിക്കാർക്ക് പ്രയാസങ്ങളും ക്ലേശങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടാകുന്നു. ഇതുകൊണ്ട് ഇപ്പോഴത്തെ നികുതിയുടെ പരിധി അത്രവലിയ ആശ്വാസമായി പരിഗണിക്കപ്പെടാൻ വയ്യ, പരിഗണിക്കപ്പെടാൻ പാടില്ല എന്നാണ് എൻെറ അഭിപ്രായം. പാവപ്പെട്ട ദുർബലജനവിഭാഗങ്ങളിൽപ്പെട്ട കൃഷിക്കാർക്ക —അൻപതും അറുപതും ഏക്കറുകാരുടെ കാര്യമല്ല—കാർഷിക പരിഷ്കരണത്തിൻെറ ഫലമായി തുണ്ടുതുണ്ടായി ഭൂമി കിട്ടിയിട്ടുള്ള കൃഷിക്കാർക്ക്, നികുതി വർദ്ധിപ്പിച്ചാൽ കൊടുക്കാനുള്ള ശേഷി ഇന്നു കുറവാണ്. അതുകൊണ്ട് ഇത് ഒരു പെറിയ ആശ്വാസമേ ആകുന്നുള്ളു. ലക്ഷക്കണക്കായ കൃഷിക്കാർക്ക് ആശ്വാസം നൽകാൻ ഇതുപോലുള്ള പല നിയമങ്ങളും ഇനിയും കൊണ്ടുവരേണ്ടിയിരിക്കുന്നു. ഇൻഡ്യയ്ക്ക് ഒട്ടാകെ മാതൃകയായി ആശ്വാസ നടപടികളും നടത്തുന്ന ഈ ഗവൺമെൻറ് ബഡ്ജറിലൂടെ നിരവധി ആശ്വാസനടപടികളും ചെയ്തിട്ടുണ്ട്. ഇപ്പോഴത്തെ ഈ ടാക്സിനെ സംബന്ധിച്ചു പറഞ്ഞാൽ അത് സാർവ്വത്രികമായ പരാതിക്ക് ഇടവരുത്തുന്നുണ്ട്. പലപ്പോഴും ഉദ്യോഗസ്ഥൻമാർ സ്ഥലം പോയി അന്വേഷിച്ചു പരിശോധനയ്ക്ക് വിധേയമാക്കിയിട്ടല്ല ടാക്സ് കണക്കാക്കുന്നത് വെറും യാന്ത്രികമായിട്ടാണ്. സ്ഥലത്തു പോകാതെ ആഫീസിലിരുന്നുകൊണ്ട് പല താല്പര്യങ്ങൾ വച്ചുകൊണ്ട് നികുതി കണക്കാക്കുന്ന നടപടി ഉണ്ട്. അതെല്ലാം ഒരു സുപ്രഭാതത്തിൽ മാറിയെടുക്കാൻ കഴിയുകയില്ല. സ്ഥലത്തു പോയി അന്വേഷിച്ച്, യഥാർത്ഥത്തിൽ കൊടുക്കേണ്ട ടാക്സ് കണക്കാക്കാൻ വേണ്ടി ബുദ്ധിമുട്ടു സഹിക്കുന്ന ആളുകൾ താരതമ്യേന കുറവാണ്. അതുകൊണ്ടാണ് പരാതികൾ സാർവത്രികമായി ഉയർന്നുവരുന്നത്. ഇങ്ങനെ യാന്ത്രികമായി അസസ് ചെയ്യുന്ന നടപടിയിൽനിന്ന് പിൻമാറേണ്ടിയിരിക്കുന്നു. അതു പോലെ ടാക്സ് ചുമത്തേണ്ടവരിൽ നിന്നു പിരിക്കുന്നില്ല. അതിനു മാറ്റം

LIBRARY ARCHIVES Kerala Legislative Assembly

വരണം. അങ്ങോട്ടു കടന്നുചെല്ലാൻ താൽപര്യമില്ല. വലിയ ആളുകളെ ഇങ്ങനെ കഴിവാക്കിക്കൊണ്ട് താങ്ങാൻ കഴിവില്ലാത്ത കൃഷിക്കാരിൽ നിന്നു വലിയ സംഖ്യ ഈടാക്കുന്നു. ചെറിയ കൃഷിക്കാർക്ക്, യഥാസമയം അപ്പീൽ കൊടുക്കാനും മറ്റും കഴിയുകയില്ല. ദുരിതമനുഭവിക്കുന്നവരെ ഇതു കൂടുതൽ കൂടുതൽ പ്രയാസങ്ങളനുഭവിപ്പിക്കുന്നു. ഇന്നത്തെ തോതിൽ ഈ നികുതി പിരിവു തുടരണമോ? ഭൂമിയുടെ തോതനുസരിച്ച് വലിയ നികുതിയൊന്നും നമ്മുടെ രാജ്യത്തു കിട്ടുന്നില്ല. സർ, നമ്മുടെ സംസ്ഥാനത്ത് കാർഷികാദായ നികുതി ഇനത്തിൽ കിട്ടുന്ന സംഖ്യ നമ്മെ പ്രതീക്ഷിക്കുന്നതുപോലെ അത്ര വലിയ സംഖ്യയല്ല. എന്റെ അറിവു ശരിയാണെങ്കിൽ നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കുറഞ്ഞ നികുതി കിട്ടുന്നത് ഈ ഇനത്തിലാണെന്നുള്ളതാണ്. അതിനാവശ്യമായ സ്റ്റാഫിന്റെ ശമ്പളം കഴിച്ചാൽ എത്ര കിട്ടുമെന്നുള്ളത് ആലോചനാവിഷയമാണ്. സ്റ്റാഫിന്റെ എണ്ണം കുറയ്ക്കുകയാണെങ്കിൽ അതിനെത്തുടർന്ന് മറ്റു പ്രശ്നങ്ങളും വരും. നികുതി പിരിവിന്റെ കാര്യത്തിൽ ഭീമമായ വിധത്തിലുള്ള കൃത്രിമങ്ങളും നടക്കുന്നുണ്ട്. നികുതികാര്യത്തിൽ വളരെയധികം ബുദ്ധിമുട്ടുകളും ഉണ്ടെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ കുറെയെല്ലാം കുറവു വരുത്താനുള്ള നടപടികളും എന്താണെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം സാവകാശമായി ചിന്തിക്കണമെന്നു പറയാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ ഒരു പ്രധാനമായ വരുമാനമാർഗ്ഗമാണ് കാർഷികാദായ നികുതിയെന്നു ഞാൻ വിശ്വസിക്കുന്നില്ല. ചെറിയ തോതിൽ എന്തെങ്കിലും കിട്ടുമെന്നുള്ളതിൽ കവിഞ്ഞ് കൂടുതൽ ആദായം അതിൽ നിന്ന് ഉണ്ടെന്നു ഞാൻ വിശ്വസിക്കുന്നില്ല. പ്രധാനമായി വാണിജ്യ വിളകളും ഉൽപ്പാദിപ്പിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. ഇൻഡ്യയൊട്ടാകെ ഉൽപ്പാദിപ്പിക്കപ്പെടുന്ന വാണിജ്യവിളകളുടെ കണക്കെടുത്താൽ വളരെയധികം വിദേശനാണ്യം നേടത്തക്കവിധത്തിലുള്ള പല വാണിജ്യവിളകളും നമുക്ക് ഉണ്ടെന്നു കാണാൻ കഴിയും. എന്നാൽ ഈ വാണിജ്യവിളകളും കൂടുതലായി ഉൽപ്പാദിപ്പിക്കുന്നുണ്ടെങ്കിലും അതിനനുസരിച്ചുള്ള വരുമാനം ആദായ നികുതി ഇനത്തിൽ ഇല്ല. ആ കാര്യത്തിൽ വന്നിട്ടുള്ള തകരാറെന്താണെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി ഗൗരവപൂർവം ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. വൻകിട കൃഷിക്കാർ, കർഷകമുതലാളിമാർ മുതലായവരിൽ നിന്നും കൂടുതൽ സംഖ്യ ഈടാക്കാനുള്ള സംവിധാനം ഉണ്ടാകണം. നമ്മുടെ സംസ്ഥാനത്തെ പാവപ്പെട്ട ചെറുകിട കൃഷിക്കാരായ കുരുമുളക്, മുതലായ കൃഷിയിൽ ഏർപ്പെട്ടിട്ടുള്ള മഹാഭൂരിപക്ഷം വരുന്ന ആളുകൾക്ക് ആശ്വാസം നൽകാനും കൂടുതൽ ആനുകൂല്യങ്ങളും കൊടുക്കാനും തയ്യാറാകണമെന്നും 15,000 എന്നുള്ളത് 25,000 വരെ നികുതി പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടുള്ള നടപടി ഉണ്ടാകണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. വൈക്കം വിശ്വൻ: സർ, ഞാൻ ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നു. ഈ ബില്ലിലൂടെ പ്രധാനമായും ഇൻഡ്യയിലാകെ വരുന്ന കൃഷിക്കാരുടെ പ്രയാസങ്ങളും കണക്കിലെടുത്തുകൊണ്ട് കേരളത്തിലെ കൃഷിക്കാരുടെ പ്രശ്നങ്ങളും കൈകാര്യം ചെയ്യാനുള്ള ശ്രമമാണ് നടത്തിയിരിക്കുന്നത്. ഇത് സ്ലാബ് സിസ്റ്റമായി വരുന്നതുതന്നെ നിയമത്തിന്റെ നൂലാമാലകളിൽ നിന്നും രക്ഷപ്പെടാൻ കൃഷിക്കാരനെ സഹായിക്കുന്ന സമീപനമാണ്. അതുകൊണ്ട് സ്ലാബ് സിസ്റ്റത്തിൽ ഇപ്പോഴും വെച്ചിരിക്കുന്ന ആ സമീപനത്തിൽ കുറേകൂടി ലഘൂകരണം വരുത്താൻ കഴിയുമെങ്കിൽ വരുത്തിക്കൊണ്ട് കൃഷിക്കാർക്ക് കുറേക്കൂടി ആശ്വാസം നൽകാൻ കഴിയുണ്ടാകണം. കാർഷികാദായനികുതിയിൽ നിന്നും ഒഴിവു പ്രഖ്യാപിച്ചിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

മതസ്ഥാപനങ്ങളുടേയും ധർമ്മസ്ഥാപനങ്ങളുടേയും ഉദ്ദേശശുദ്ധിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. പക്ഷെ ധർമ്മസ്ഥാപനമെന്നറിയപ്പെടുന്ന പല സ്ഥാപനങ്ങളും മറ്റു പല ആവശ്യങ്ങൾക്കുവേണ്ടിയും അത് വിനിയോഗിക്കുന്നതായി കാണാൻ കഴിയും. നിയമത്തിന്റെ പഴുതുകൾ വ്യഖ്യാനത്തിലൂടെ തങ്ങൾക്ക് അനുകൂലമായി മാറ്റാനും അതുകൊണ്ടുതന്നെ പലപ്പോഴും പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന ധർമ്മസ്ഥാപനങ്ങൾക്ക് അതിന്റെ ആനുകൂല്യം കിട്ടാതിരിക്കാനും ആ ധർമ്മസ്ഥാപനങ്ങളിൽ ട്രസ്റ്റിയായി അതു കൈകാര്യം ചെയ്യുന്ന ആളുകളുടെ വ്യക്തിപരമായ താൽപ്പര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കാനും ഉള്ള സാഹചര്യം ഉണ്ടായിട്ടുണ്ട്. ആ സാഹചര്യത്തിന് സഹായകമായ സമീപനം തന്നെയാണ് ഉള്ളത്. ഈ പറയുന്ന 75 ശതമാനം എന്ന് ഇന്ന് 10 വർഷത്തേയ്ക്ക് ഒരു പീരിഡ് വച്ചുകൊണ്ട് ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുന്ന ഒരു പ്രത്യേക സംവിധാനം അംഗീകരിച്ചാൽ അപകടമുണ്ടാകും. അതുകൊണ്ട് 75 ശതമാനത്തിൽതന്നെയും വിനിയോഗിക്കാൻ കഴിയുന്ന സാഹചര്യവും അതു നികുതിയിൽ നിന്നും ഒഴിവാക്കികൊടുക്കാവുന്ന സാഹചര്യവും നിലനിൽക്കുമ്പോൾ അത് എന്തിനുവേണ്ടി വിനിയോഗിക്കുന്നു, ആരു വിനിയോഗിക്കുന്നു എന്നുള്ളത് മനസ്സിലാക്കി നിയമത്തിന്റെ പഴുതുകളിലൂടെ നിയമത്തെ വെട്ടിക്കുകയും സമൂഹത്തെ വെട്ടിക്കുകയും ചെയ്യുന്ന വ്യക്തികളെ പിടിക്കാൻ കഴിയുന്ന ഒരു സമീപനം ഈ നിയമത്തിലില്ല. അത് ചേർക്കണം. അത് സബ്ജക്റ്റ് കമ്മിറ്റി പ്രശ്നങ്ങൾ പലപ്പോഴും നമ്മുടെ നാട്ടിൽ ഉണ്ടായിട്ടുണ്ട്. ട്രസ്റ്റികളുടെ പേരിൽ അറിയപ്പെടുന്ന ഭൂമികൾ മിച്ചഭൂമിയുടെ പരിധിയിലുള്ളത് നിയമം ഉണ്ടാകുമ്പോൾ ആ ഭൂമി ട്രസ്റ്റ് ആക്കി മാറ്റി എടുക്കുകയും അവസാനം ഇന്ന ധർമ്മസ്ഥാപനത്തിനുവേണ്ടി നിൽക്കുന്നു എന്നു പറഞ്ഞുകൊണ്ട് ആ ഭൂമികൾ ഇന്ന കുടുംബങ്ങളിലെ ഇന്നയിന്ന ആളുകളുടെ പേരിൽ ഇത്രയിത്ര അംശങ്ങൾ എന്നു പറഞ്ഞുകൊണ്ട് കൈകാര്യം ചെയ്യുകയും ചെയ്യുന്ന സമീപനത്തിൽ എത്തിച്ചേർന്നിട്ടുള്ള സംഭവങ്ങൾ നമ്മുടെ കേരളത്തിൽ ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് ഈ കാര്യത്തിലും അതിനേറെതായ സ്ഥിതി ഉണ്ടാകാൻ ഇടയുണ്ട്.

പ്രൊ. പി. സി. ജോർജ്: പ്രൊ. വി. ആർ. കൃഷ്ണയ്യരാണ് ട്രസ്റ്റിയെ കൊണ്ടുവന്നത്. അദ്ദേഹം നിങ്ങളുടെ ആളാണല്ലോ. പിന്നെ എന്തിനാണ് അതിനെ എതിർക്കുന്നത്?

ശ്രീ. വൈക്കം വിശ്വൻ: ശ്രീ. ജോർജിന്റെ അപാരമായ നിയമപാണ്ഡിത്യത്തിന് ഞാൻ സ്തുതി പറയുന്നു. ജോർജിന്റെ ഉദ്ദേശശുദ്ധിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. പ്രൊ. വി. ആർ. കൃഷ്ണയ്യർ അല്ല വൈകുണ്ഠം പരമേശ്വരൻ ആയാലും നിയമത്തിന്റെ പഴുതിലൂടെ സ്റ്റേറ്റിനെ വെട്ടിക്കുന്ന സമീപനം ഉണ്ടാകരുത്. അതിനുവേണ്ടിയുള്ള സംവിധാനം ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് ധർമ്മസ്ഥാപനങ്ങളുടെമേൽ ആളുകൾ വെട്ടിപ്പു നടത്തുന്നു എന്നു പറയുമ്പോൾ അസഹിഷ്ണുത കാണിക്കേണ്ട ആവശ്യമില്ല. ധർമ്മസ്ഥാപനങ്ങൾ അതിന്റെ ഉദ്ദേശത്തിലും ലക്ഷ്യത്തിലും നിന്നുകൊണ്ട് പ്രവർത്തിക്കാൻ ബാദ്ധ്യതപ്പെട്ടതാണ്. അതിൽ നിന്നും വ്യത്യസ്തമായ സമീപനം ഉണ്ടാകുന്നത് ശരിയല്ല. പാഷാണം വർക്കിയെ പോലെ ഗുരുവായൂരപ്പനെ പോറ്റുന്ന സ്ഥലത്ത് ഗുരുവായൂരപ്പനും പുണ്യാളൻമാരെ പോറ്റുന്ന സ്ഥലത്ത് പുണ്യാളൻമാരും എന്ന അർത്ഥത്തിൽ തങ്ങളുടെ ന്യായമായ

LIBRARY ARCHIVES Kerala Legislative Assembly

ആനുകൂല്യമായി വ്യാഖ്യാനിക്കപ്പെടുകയും സാമൂഹ്യവിരുദ്ധ സ്വഭാവം കൊണ്ട് നിയമത്തെ മറികടന്നുകൊണ്ട് വിനിയോഗിക്കുകയും ചെയ്യുന്ന സമീപനം ഈ ഭേദഗതി നിയമത്തിൽ ഉണ്ടാകരുത്. ആത്മാർത്ഥതയോടുകൂടി സബ്ജക്റ്റ് കമ്മിറ്റി പരിശോധിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

സർ, പച്ച ഇഞ്ചിക്ക് നികുതി പിൻവലിക്കുന്നതൊടൊപ്പം തന്നെ വേറൊരു കാര്യം കൂടി ഉണ്ട്. ഇന്ന് ചുക്കിനെ സംബന്ധിച്ചിടത്തോളം വ്യാവസായിക ഉൽപ്പന്നമെന്നുള്ള നിലയിൽ രണ്ടും കൂടി ബന്ധപ്പെടുന്ന സാഹചര്യം ഉണ്ടെങ്കിലും പാവപ്പെട്ട കൃഷിക്കാരൻ പച്ച ഇഞ്ചി ഉണക്കി ചുക്കാക്കി മാറ്റിക്കഴിയുമ്പോഴേ ആ കൃഷിക്കാരനു അതിൻമേൽ നികുതി വരാതിരിക്കാൻ ഉള്ള സാഹചര്യം കൂടി ഉണ്ടാകണം. പച്ച ഇഞ്ചിയെ സംബന്ധിച്ചിടത്തോളം ഇന്ന് പലയിടത്തും കൃഷി നടക്കുന്നത് നഷ്ടത്തിലാണ്. പ്രത്യേകിച്ച് നമ്മുടെ ധനകാര്യമന്ത്രി പ്രതിനിധാനം ചെയ്യുന്ന താലൂക്ക് വളരെയധികം ഇഞ്ചി കൃഷി നടക്കുന്ന സ്ഥലമാണ്. ആ കൃഷി ഏറ്റവും കൂടുതൽ ഒരു വർഷം കിട്ടിക്കഴിഞ്ഞാൽ പിന്നെ വർഷം അപ്പാടെ നശിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. അദ്ദേഹത്തിനു അത് നേരിട്ട് മനസ്സിലാക്കാൻ കഴിയും. ആ കാരണത്താൽ അത്തരത്തിലുള്ള കൊച്ചു കൃഷിക്കാർക്ക് ചുക്കിനു വില ഇടിഞ്ഞുപോകുന്ന സമയത്ത് ഒരു വർഷമെങ്കിലും വച്ചുകൊണ്ടിരുന്നിട്ട് വില കിട്ടുന്ന സാഹചര്യം വരുമ്പോഴേ വിൽക്കാൻ കഴിയുന്ന രീതിയിൽ അതിനുള്ള സംവിധാനം ഉണ്ടാകണം.

ശ്രീ. രാധാകൃഷ്ണൻ ഇവിടെ കവുങ്ങു കൃഷിയെസംബന്ധിച്ചിടത്തോളം പറഞ്ഞു. മാഹാളി രോഗം കാരണം അടയ്ക്കാമരം പോലും ഇല്ലാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. ആ രോഗത്തെ അതിജീവിച്ച് നിൽക്കാൻ സാധിക്കാത്ത സാഹചര്യം ഉള്ളതുകൊണ്ട് ആ കൃഷിയെ സംബന്ധിച്ചിടത്തോളം ഉള്ള ഒരു ധാരണ ഉണ്ടാകേണ്ടിയിരിക്കുന്നു.

അതുപോലെതന്നെ ഇവിടെ സൂചിപ്പിച്ച കുരുമുളക് കൃഷിക്ക് കൂടുതൽ വികാസം ഉണ്ടാകാൻ വേണ്ടി പന്നിയൂർ 1 എന്നും മറ്റും പുതിയ പരീക്ഷണങ്ങൾ ആരംഭിച്ചെങ്കിലും പഴയ രീതിയിലുള്ളത് തന്നെയാണ് പ്രയോജനകരമായി വന്നിട്ടുള്ളത്. ഒരു പ്രത്യേക സീസണിൽ കുരുമുളക് അപ്പാടെ തകരുന്നു. അതേ സമയം അന്തർദ്ദേശീയ മാർക്കറ്റിലും ദേശീയ മാർക്കറ്റിലും ഉണ്ടാകുന്ന ആഘാതങ്ങളെയെല്ലാം അതിജീവിക്കത്തക്കവിധത്തിൽ കുരുമുളകു കൃഷിക്ക് നൽകിയിരുന്ന ആനുകൂല്യങ്ങൾ ലഭിക്കാത്ത സാഹചര്യം ഇപ്പോഴേ ഉണ്ട്. ഇത്തരം കൃഷിക്കാർക്കു കൂടി ഇതിന്റെ ആനുകൂല്യങ്ങൾ ബാധകമാക്കാനുള്ള ശ്രമം ഉണ്ടാകണം.

സർ, നാളികേര കൃഷിക്കാരെ രക്ഷിക്കാനുള്ള സമീപനം ധാരാളം ഉണ്ടായിട്ടുണ്ട്. തെങ്ങ് ചതിക്കുകയില്ലെന്ന് പറയുന്നുണ്ടെങ്കിലും തെങ്ങ് ചതിക്കുന്നതിന്റെ കഥകൾ മാത്രമാണ് ഇപ്പോൾ കേൾക്കാനുള്ളത്. പലതും തലയില്ലാത്ത തെങ്ങുകളാണ്. അതും എണ്ണത്തിൽ പെട്ടുപോയതുകൊണ്ട് നികുതി കൊടുക്കേണ്ടിവരുന്ന സാഹചര്യം ഉണ്ട്. അതേസമയം നല്ല വിളയുള്ള നാളികേര കൃഷി ഉടമകൾക്ക് നികുതി വെട്ടിക്കാനുള്ള അവസരം ഉണ്ടാക്കി കൊടുക്കുകയും ചെയ്യുന്ന സ്ഥിതിക്ക് മാറ്റം വരണം. ആ മാറ്റം ഉണ്ടാകാൻ വേണ്ടി പരിശോധനാ വിഭാഗത്തെ കുറെ കൂടി കരുത്തുറ്റതാക്കാൻവേണ്ടിയുള്ള നിർദ്ദേശം ഈ നിയമത്തിൽ ഉണ്ടാകണമെന്നഭ്യർത്ഥിച്ചുകൊണ്ടും ഈ കൃഷിക്കാർക്ക് ആശ്വാസം പകർന്നുകൊടുക്കാൻ വേണ്ടി തന്റേടത്തോടുകൂടി കൊണ്ടുവന്ന ഈ നിയമത്തെ അനുകൂലിച്ചുകൊണ്ടും അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ ഈ ബില്ലിനെ എതിർക്കുന്നില്ല. സെൻട്രൽ ഗവൺമെൻറ് ഇൻകം ടാക്സിൻെറ പരിധി പതിനയ്യായിരം രൂപയായി ഉയർത്തി. അത് നമ്മുടെ സംസ്ഥാനത്തും പതിനയ്യായിരം രൂപയായി ഉയർത്തി. അതൊരു വലിയ കാര്യമായി ഞാൻ കാണുന്നില്ല. അതുപോലെതന്നെ നെൽക്കൃഷിക്കാരെ പരിപൂർണ്ണമായും ടാക്സിൽ നിന്നും ഒഴിവാക്കി എന്നു പറയുന്നതിലും വലിയ അർത്ഥമൊന്നുമില്ല. കാരണം ഭൂപരിധി നിയമമനുസരിച്ച് നമ്മുടെ സംസ്ഥാനത്ത് 12 ഏക്കറിൽക്കൂടുതൽ ഭൂമി കൈവശം വയ്ക്കുവാൻ അവകാശമില്ലാത്ത സന്ദർഭത്തിൽ ഒരേക്കർ സ്ഥലത്ത് നെൽക്കൃഷി നടത്തിയാൽ 200 പറ നെല്ലാണ് കൃഷി ചെയ്യുന്നവർക്ക് കിട്ടുന്നത്. അതിൽ 100 പറ നെല്ല് കൃഷിയാവശ്യങ്ങൾക്കും മറ്റുമായി പോയിക്കഴിഞ്ഞാൽ കാർഷികാദായ നികുതിക്കുവേണ്ടി കണക്കാക്കുന്നത് 100 പറ നെല്ലാണെന്നു പറഞ്ഞു. അങ്ങനെയാണെങ്കിൽ 12 ഏക്കറിൽനിന്നും ലഭിക്കുന്ന 1,200 പറ നെല്ല് ആദായനികുതി അസ്സസ്സ്ചെയ്യുന്നതിന് കണക്കാക്കുമെന്നു പറഞ്ഞു. അങ്ങനെ 1,200 പറ നെല്ലിന് ഗവൺമെൻറ് കൊടുക്കുന്ന 9 രൂപാവച്ച് കണക്കാക്കിയാൽ 10,800 രൂപയാകുന്നുണ്ട്. അതുപോലെതന്നെ ഇൻകം ടാക്സുകാർ ഒരേക്കറിന് കച്ചിവില കണക്കാക്കുന്നത് 100 രൂപ എന്നാണ്. അപ്പോഴും ഇതു രണ്ടുംകൂടി ചേർത്താലും പന്തീരായിരത്തിൽ കൂടുതൽ വരുന്നില്ല. ആ നിലയ്ക്ക് നെൽക്കൃഷിക്കാരെ മുഴുവൻ കാർഷികാദായ നികുതിയിൽനിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നുവെന്നുപറഞ്ഞാൽ അതിനെക്കുറിച്ച് മനസ്സിലാക്കുവാൻ പ്രയാസമാണ്. ഇതൊരു വലിയ ആനുകൂല്യമൊന്നുമല്ല. ഇതിൻെറ പരിധി പതിനയ്യായിരം. രൂപയായി ഉയർത്തിയതുകൊണ്ട് നെൽക്കൃഷിക്കാർ മുഴുവൻ കാർഷികാദായനികുതിയിൽനിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നുവെന്നാണ് പറച്ചിൽ.

ശ്രീ. വൈക്കം വിശ്വൻ സംസാരിച്ചപ്പോൾ ട്രസ്റ്റിൻെറ കാര്യത്തെക്കുറിച്ച് പറഞ്ഞു. ഇപ്പോഴത്തെ നിയമം അനുസരിച്ച് 10 വർഷത്തേയ്ക്ക് അക്യുമുലേറ്റ് ചെയ്യാനുള്ള സാഹചര്യമുണ്ട്. എന്നാൽ പതിനൊന്നാമത്തെ വർഷത്തിൽ ഉപയോഗിക്കപ്പെട്ടിട്ടില്ലായെന്ന് തെളിയിച്ചാൽമാത്രമേ ഇൻകംടാക്സ് ഈടാക്കൂ. ട്രസ്റ്റിനെക്കുറിച്ച് ശ്രീ. വൈക്കം വിശ്വൻ പറഞ്ഞതിനോട് ഒരു പരിധിവരെ അനുകൂലിക്കുകയാണ്. ഏതു കക്ഷിക്കും ട്രസ്റ്റ് രൂപീകരിച്ച് ഇൻകംടാക്സിൽനിന്നും രക്ഷപ്പെടാനുള്ള സാഹചര്യമില്ലേയെന്ന് സംശയിക്കുകയാണ്. എങ്കിലും ശ്രീ. വൈക്കം വിശ്വൻ ഇത് പറയേണ്ട കാര്യമില്ലായിരുന്നു. 1957-ൽ ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടിൻെറ ഭരണകാലത്ത് അദ്ദേഹത്തിൻെറ മന്ത്രിസഭയിലെ ധനകാര്യമന്ത്രിയായിരുന്ന ശ്രീ. വി. ആർ. കൃഷ്ണയ്യർ തൻെറ സ്വന്തം ഭൂമി രക്ഷപ്പെടുത്തുവാൻവേണ്ടി ഒരു ട്രസ്റ്റ് ഉണ്ടാക്കി നിയമത്തിൽ കൊണ്ടുവരികയും അദ്ദേഹത്തിൻെറ സ്വന്തം ഭൂമി കാർഷികാദായനികുതിയിൽനിന്നും ഒഴിവാക്കി രക്ഷപ്പെടുകയുംചെയ്തു. അതുകൊണ്ട് മാർക്സിസ്റ്റ് പാർട്ടിക്ക് വിപ്ലവവീര്യമൊന്നും പറഞ്ഞ് ഈ കാര്യത്തിൽനിന്നും രക്ഷപ്പെടാനാവില്ലായെന്നാണ് എൻെറ അഭിപ്രായം. ശ്രീ. വി. ആർ. കൃഷ്ണയ്യർ നിയമവകുപ്പ് ഉപയോഗിച്ചുകൊണ്ട് രാഷ്ട്രീയ പകപോക്കൽ ഒരു പരിധിവരെ നടത്തിയിരുന്നുവെന്ന് വളരെ വേദനയോടുകൂടി പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. എൻെറ നിയോജകമണ്ഡലത്തിലെ കാഞ്ഞിരപ്പള്ളി പ്രദേശത്ത് ഭൂമി ഉള്ള ആളുകളുടെ വീടിനു മുൻപിൽക്കൂടി ഉദ്യോഗസ്ഥൻമാർ തപ്പിനടക്കുകയാണ്. എനിക്ക് അടുത്തകാലത്തായി ബഹുമാനപ്പെട്ട മന്ത്രി കെ. എം. മാണിയോട് വളരെ

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനമാണ്. കാരണം താമസിയാതെ നമ്മളും ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ ചേരാൻപോവുകയാണ്.

ശ്രീ. സി. ബി. സി. വാര്യർ: എന്നുമുതൽക്കാണ് ശ്രീ. ജോർജിന് ഇങ്ങനെ കെ. എം. മാണിയോട് ഇത്രയും ബഹുമാനം തുടങ്ങിയത് ?

ശ്രീ. പി. സി. ജോർജ്: അതായത് ഞങ്ങൾകൂടി ഇടതുപക്ഷ ജനാധിപത്യമുന്നണിയിൽ യോജിച്ചുകളയാമെന്നുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അടുത്തകാലത്ത് തുടങ്ങിയതാണ്. സർ, കാഞ്ഞിരപ്പള്ളി പ്രദേശത്ത് അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് ഉദ്യോഗസ്ഥൻമാർ മാണിസാറിന്റെ പാർട്ടിയുടെ ചെയർമാനായ പൊട്ടക്കുളത്ത് അപ്പച്ചൻ, ജോർജ് ജെ. മാത്യു തുടങ്ങിയവരുടെ നിർദ്ദേശപ്രകാരം കർഷകരെ വളരെയധികം ബുദ്ധിമുട്ടിപ്പിക്കുന്ന സാഹചര്യം പലഭാഗത്തും ഉണ്ടായിരിക്കുകയാണ്.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഈ നിയമസഭയിൽ അംഗങ്ങളല്ലാത്ത ആളുകളെ വ്യക്തിപരമായി ഇങ്ങനെ പറയുന്നത് ശരിയല്ല. അത് അങ്ങ് തടയണം. ഇതുപോലെ വിഗറസ് ആയിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് സ്പീപ്പിംഗ് ആയിട്ട് നിയമസഭയിലില്ലാത്ത ആളുകളെ സംബന്ധിച്ച് പറഞ്ഞാൽ മറുപടി പറയാൻ പറ്റാത്തതുകൊണ്ട് അങ്ങനെയൊരു പരാമർശനം ഒഴിവാക്കണം. അതിന് അങ്ങ് നിർദ്ദേശം നൽകണം.

മി. ചെയർമാൻ: അത്തരം പരാമർശനം ബഹുമാനപ്പെട്ട മെമ്പർ ഒഴിവാക്കണം.

ശ്രീ. പി. സി. ജോർജ്: തെളിവ് തരാൻ സാധിക്കുന്ന കാര്യമായതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഈ കാര്യത്തിൽ അങ്ങ് ശ്രദ്ധിക്കണം. മേലാൽ ഈ രീതിയിലുള്ള സംഭവങ്ങളുണ്ടാകരുത്. കാരണം നമ്മൾ തമ്മിലുള്ള അഭിപ്രായ ഐക്യത്തിനും യോജിപ്പിനും ബുദ്ധിമുട്ടാകുമെന്നുള്ളതുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയത്.

ശ്രീ. കെ. എം. മാണി: അടുക്കാനുള്ള ഒരു സാധ്യതയും ഇല്ലല്ലോ....

ശ്രീ. സി. എ. കുര്യൻ: പൂഞ്ഞാറിലെല്ലാം തീർന്ന് ഇപ്പോൾ കാഞ്ഞിരപ്പള്ളിയിലാണോ?

ശ്രീ. പി. സി. ജോർജ്: സർ, ഞാനിത് പറഞ്ഞത് ഉദ്യോഗസ്ഥൻമാർ കാഞ്ഞിരപ്പള്ളിയിലെ പല കൃഷിക്കാരെയും ബുദ്ധിമുട്ടിപ്പിച്ചുവെന്ന് വ്യക്തമായി തെളിവുകളുള്ളതുകൊണ്ടാണ്. അതുകൊണ്ട് ഇത്തരം നടപടികൾ മേലാൽ ഉദ്യോഗസ്ഥൻമാർ ആവർത്തിക്കാതിരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. രാമപുരം, മരങ്ങാട്ടുപള്ളി എന്നീ സ്ഥലങ്ങളിൽ പാവപ്പെട്ട കൃഷിക്കാർക്ക് അസ്സസ്മെന്റ് നോട്ടീസ് കൊടുത്ത ചരിത്രമുണ്ട്. ഞാൻതന്നെ നോട്ടീസ് കൊടുത്ത ഉദ്യോഗസ്ഥൻമാരുമായി ബന്ധപ്പെട്ടു. അസ്സസ്മെന്റിന് അവകാശമില്ലാത്ത പാവപ്പെട്ട കൃഷിക്കാരായതുകൊണ്ട് അവരെ ഉപദ്രവിക്കുകയാണോയെന്ന് ഞാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരോട് ചോദിച്ചു. അപ്പോൾ അതിൽ നിന്നും തടിതപ്പിയ ഉദ്യോഗസ്ഥൻമാരും ഈ ഡിപ്പാർട്ടുമെന്റിലുണ്ട്,

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് അങ്ങനെയുള്ള നടപടികളെ മേലാൽ ആവർത്തിക്കാതിരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. മന്ത്രി അഴിമതി കാണിച്ചുവെന്നു ഞാൻ പറഞ്ഞില്ല. എന്തായാലും നമ്മുടെ ലജനാവിലേക്ക് വരേണ്ട തുക മറ്റൊരു വഴിക്കു പോകാതിരിക്കുന്നതിലേക്കുവേണ്ടി മാത്രമാണ് ഞാനിതു പറയുന്നത്.

സർ, ഇന്ന് കാർഷികാദായനികുതിയുടെ പരിധി പതിനയ്യായിരം രൂപയായി ഉയർത്തിയിരിക്കുകയാണ്. നെൽക്കൃഷിക്കാർക്ക് പന്ത്രീരായിരത്തിൽക്കൂടുതൽ രൂപയുടെ വരുമാനം ഉണ്ടാവുകയില്ല. ആ നിലയ്ക്ക് കർഷകർക്ക് എന്തെങ്കിലും ഗുണം കിട്ടണമെന്ന് ഗവൺമെൻറ് ആഗ്രഹിക്കുന്നുവെങ്കിൽ അതിൻെറ പരിധി ഇരുപതിനായിരമോ ഇരുപത്തയ്യായിരമോ രൂപയായി ഉയർത്തണം. അതിനാവശ്യമായ നടപടി ഗവൺമെൻറ് സ്വീകരിക്കണം.

1964-ൽ കേരള കോൺഗ്രസ് ഉണ്ടായ കാലം മുതൽ, ഞാനും ശ്രീ. കെ. എം. മാണിയും ഒന്നിച്ചുനിന്ന കാലം മുതൽ അടിസ്ഥാനപരമായി പറയുന്ന കാര്യമാണ് നികുതി ഏകീകരിച്ച് ഏകമുഖമാക്കുക എന്നുള്ളത്.

ശ്രീ. സി. എ. കുര്യൻ: 1964-ൽ ബഹുമാനപ്പെട്ട മെമ്പറും മാണി സാറും ഒന്നിച്ചുനിന്ന കാലഘട്ടത്തിൽ എന്നുപറഞ്ഞാൽ പത്തുപതിനേഴ് വർഷങ്ങൾക്കുമുൻപ്. അന്ന്.....

ശ്രീ. പി. സി. ജോർജ്: അന്ന് ഞാൻ വള്ളിനിക്കറും ഇട്ട് മാണി സാറിനുവേണ്ടി സിന്താബാദ് വിളിച്ചു നടക്കുകയായിരുന്നു. ഞാൻ മാണി സാറിനെക്കുറിച്ച് പറയുമ്പോൾ കുര്യൻ എന്തിനാണ് ഇത്രയും വിഷമിക്കുന്നത് ?

സർ, ഞാൻ ആദ്യംമുതലേ പറയുന്ന ഒരു കാര്യമാണ് കൃഷിക്കാരുടെ മേലുള്ള നികുതികളെല്ലാം ഏകീകരിച്ച് ഏകമുഖമാക്കണം എന്നുള്ളത്. ഈ വാക്ക് ഞാൻ പഠിച്ചത് ശ്രീ. മാണിസാറിൻെറ അടുത്തുനിന്നും ശ്രീ. കെ. എം. ജോർജ്സാറിൻെറ അടുത്തുനിന്നുമാണ്. അതുകൊണ്ട് എനിക്കു പറയാനുള്ളത്, അങ്ങ് ധനകാര്യമന്ത്രിയായിരിക്കുന്ന ഈ സമയത്തെങ്കിലും 1964 മുതൽ കർഷകരോട് പറഞ്ഞിരുന്ന ആ കാര്യം പ്രാവർത്തികമാക്കുവാൻ ഉള്ള ഒരു ചെറിയ നടപടിയെങ്കിലും സ്വീകരിക്കണം എന്നാണ്. ഇപ്പോൾ കാർഷികാദായനികുതിയിൽ പല ഇളവുകളും വരുത്തിയിട്ടുണ്ട്. അത് ഞാൻ സമ്മതിക്കുന്നു. പക്ഷേ ഈ ഡിപ്പാർട്ടുമെൻറിൻെറ ഉദ്യോഗസ്ഥൻമാരുടെ ശല്യം വിദ്യാഭ്യാസം ഇല്ലാത്ത പാവപ്പെട്ട കൃഷിക്കാർക്ക് ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് അതിൽനിന്നും കൃഷിക്കാരൻ രക്ഷപ്പെടണമെന്നുണ്ടെങ്കിൽ നികുതി ഒരേക്കറിന് ഇത്ര രൂപയെന്നു പറയണം. എന്നിട്ട് മറ്റു ടാക്സുകളെ എടുത്തുകളയണം. അങ്ങനെ ഒരു നിയമം ഉണ്ടാക്കി നികുതികളെ ഏകീകരിക്കുന്നതിനുള്ള നടപടികളെ സ്വീകരിച്ചാൽ അത് ഗവൺമെൻറിനും ഗുണകരമാണ്, കൃഷിക്കാർക്കും ഗുണകരമാണ്. അതിനെക്കുറിച്ചുകൂടി ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ആലോചിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ബില്ലിനെ എതിർക്കുന്നില്ല. എൻെറ വാക്കുകളെ അവസാനിപ്പിക്കുന്നു.

ശ്രീ. പി. ജെ. ജോസഫ്: സർ, ഈ ബില്ലിൽ പറഞ്ഞിരിക്കുന്നത് 15,000 രൂപമുതൽ 25,000 രൂപവരെ വരുമാനമുള്ളവർക്ക് സ്ലാബ് റേറ് 30 ശതമാനമാക്കിയിരിക്കുന്നുവെന്നാണ്. ആ നിലയിൽ വരുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

4,500 രൂപ ടാക്സ് വരുന്നു. ഇപ്പോൾ ഉണ്ടായിരുന്ന നികുതി എത്രയാണ്. 1,050 രൂപയാണ്. അത് 4,500 രൂപയാക്കിയിരിക്കുകയാണ്. കൃഷിക്കാർക്ക് ഇത് അനുകൂലമാണോ? ഇപ്പോഴത്തെ വില വർദ്ധനവിന്റെ അടിസ്ഥാനത്തിൽ.....

ധനകാര്യവും നിയമവും വകുപ്പ് മന്ത്രി (ശ്രീ. കെ. എം. മാണി): ശ്രീ. ജോസഫിന്റെ കണക്ക് തെറ്റാണ്. ബഡ്ജറ്റ് പ്രസംഗത്തിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. 15,000 രൂപമുതൽ 25,000 രൂപവരെ രണ്ട് സ്ലാബായി കിടന്നത് ഒറ്റ സ്ലാബായി നികുതി ചുമത്തിയതിന്റെ ഫലമായി ഓരോ വ്യക്തിയ്ക്കും പ്രതിവർഷം 450 രൂപമുതൽ 930 രൂപവരെ ആശ്വാസം ലഭിക്കുന്നതാണെന്ന്.

ശ്രീ. പി. ജെ. ജോസഫ്: അങ്ങനെയാണെങ്കിൽ വിശദീകരണം കൂടുതൽ കിട്ടേണ്ടിയിരിക്കുന്നു. സ്റ്റേറ്റ്മെന്റ് ഓഫ് ഒബ്ജക്ട്സ് ആൻറ് റീസൺസിന്റെ രണ്ടാമത്തെ പാരഗ്രാഫിൽ പറഞ്ഞിരിക്കുന്നത് Those in the slab of Rs. 15,000–20,000 who would have had to pay Rs. 1,050 plus 18 per cent of the excess over Rs. 15,000..... എന്നാണ്. അപ്പോൾ പതിനയ്യായിരം രൂപയ്ക്ക് 1,050 രൂപ കൊടുത്താൽ മതിയായിരുന്നു. ഇന്ന് അതിന്റെ 30 ശതമാനമെന്ന് കണക്കാക്കിയാൽ എത്രയാണ്?

ശ്രീ. സി. ബി. സി. വാര്യർ: സ്റ്റേറ്റ്മെന്റ് ഓഫ് ഒബ്ജക്ട്സ് ആൻറ് റീസൺ വായിക്കാതെ അതിന്റെ ക്ലാസ്സ് വായിച്ചു നോക്കണം. ക്ലാസ്സ് 4-ന്റെ ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്നത് 15,000 ആണെങ്കിൽ ആ രൂപയുടെ 30 ശതമാനം എടുക്കണമെന്ന് വളരെ ക്ലിയറായിട്ട് പറഞ്ഞിട്ടുണ്ട്.

30 per cent of the amount by which the total agricultural income exceeds Rs. 15,000

15,000 രൂപയ്ക്കുമേൽ എത്രവരുന്നോ അതിന്റെ 30 ശതമാനമെന്ന് ക്ലിയറായിട്ട് ക്ലാസ്സിൽ പറഞ്ഞിട്ടുണ്ട്.

ശ്രീ. പി. ജെ. ജോസഫ്: ഇതെപ്പറ്റി ഒരു വിശദീകരണം കിട്ടണമെന്നേ പറഞ്ഞുള്ളൂ. ഈ നിലയിൽ 30 ശതമാനമാക്കിയിരിക്കുന്നതുകൊണ്ട് എത്ര കൃഷിക്കാർക്ക് ആനുകൂല്യം കിട്ടുന്നുവെന്നുകൂടി ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. കേന്ദ്ര ഇൻകം ടാക്സിൽ ഈ വർഷം അമൻറ്മെന്റ് വരുത്തിയപ്പോൾ ധനകാര്യമന്ത്രിതന്നെ പറഞ്ഞു 14 ലക്ഷം അസസ്സികളെ ഒഴിവാക്കിയെന്ന്. ഇതുവരെ ടാക്സ് കൊടുത്തുകൊണ്ടിരുന്ന പതിനാലു ലക്ഷം പേർക്ക് ടാക്സ് കൊടുക്കണ്ടായെന്ന് പറഞ്ഞിരിക്കുകയാണ്, അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് വഴി എത്ര അസസ്സികളെ ഒഴിവാക്കുമെന്ന് പറയാൻ കഴിയുമോ? പന്തീരായിരം രൂപ പതിനയ്യായിരം രൂപയാക്കിയാലും ഇതുവരെ പന്തീരായിരം രൂപ വരുമാനമുണ്ടായിരുന്നവരെ പതിനയ്യായിരമാക്കും. അഗ്രിക്കൾച്ചറൽ ഡിപ്പാർട്ട്മെന്റ് നടത്തിക്കൊണ്ടിരിക്കുന്ന പരിപാടി ഇതാണ്. തുക കുറേക്കൂടി വർദ്ധിപ്പിച്ചതുകൊണ്ടുമാത്രം ടാക്സ് കൊടുക്കുന്നവരുടെ എണ്ണം ഒഴിവാക്കുന്നില്ല. ഇതുകൊണ്ട് ഒരു നിശ്ചിത ശതമാനം കൃഷിക്കാരെയെങ്കിലും ഇൻകം ടാക്സിൽനിന്ന് ഒഴിവാക്കിയിരിക്കുന്നുവെന്ന് പറയാമോ? റിട്ടേൺ കൊടുക്കുന്നതിനെ സംബന്ധിച്ച് പതിനയ്യായിരം രൂപ വരെ ഒഴിവാക്കിയിരിക്കുന്നുവെന്ന് പറഞ്ഞു. ആരെല്ലാം റിട്ടേൺ കൊടുക്കണമെന്ന് ഒരു നിശ്ചയവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ചില സ്ഥലത്ത് രണ്ട് ഏക്കർകാരനും ഒന്നര ഏക്കർകാരനുമൊക്കെ റിട്ടേൺ അയച്ചുകൊണ്ടിരിക്കുകയാണ്. രണ്ട് ഏക്കർകാരന് റിട്ടേൺ അയച്ച വസ്തുത എനിക്കറിയാം. ഒരു ഏക്കറിൽ ഇത്രരൂപ ആദായമുണ്ടെന്ന് ഉദ്യോഗസ്ഥൻമാർ കണക്കാക്കുകയാണ്. നോംസ് കൊടുത്താലും അത് പലപ്പോഴും പാലിക്കാറില്ല. ടാർജറ്റ് ഒപ്പിക്കണമെന്നുള്ള ഗവൺമെൻറിൻെറ നിർദ്ദേശം ഒരുവശത്തുനിൽക്കുന്നു. ഇത്ര തുക പിരിച്ചിരിക്കണമെന്ന നിർദ്ദേശമുള്ളതുകൊണ്ടായിരിക്കാം അവർ ഈ നടപടിയ്ക്ക് പ്രേരിപ്പിക്കുന്നത്. കൂടുതൽ കൂടുതൽ ആളുകൾക്ക് റിട്ടേൺ അയച്ചുകൊണ്ടിരിക്കുന്ന ഒരു സ്ഥിതിയാണുള്ളത്. അസസ്സ്മെൻറ് നടത്തുന്നവരുടെ എണ്ണം കുറയുന്ന സ്ഥിതിയില്ല. കേന്ദ്ര നിയമത്തിൽ മാറ്റംവരുത്തിയപ്പോഴും നികുതി കൊടുത്തുകൊണ്ടിരുന്ന പതിനാലുലക്ഷം പേർക്ക് നികുതി കൊടുക്കേണ്ടതില്ലെന്ന് പ്രഖ്യാപിക്കുകയുണ്ടായി. ഒരു നിശ്ചിത ശതമാനത്തിനെയെങ്കിലും ഇതിൽനിന്ന് ഒഴിവാക്കാൻ തയ്യാറാകുമോ? തെറ്റായി റിട്ടേൺ കൊടുത്താൽ സ്വീകരിക്കണമെന്ന് പറയുന്നില്ല. കൃഷിച്ചെലവ് കാണിച്ചാൽ പലപ്പോഴും അത് സ്വീകരിക്കാറില്ല. അതേപ്പറ്റി അവസാന തീരുമാനമെടുക്കാനുള്ള അധികാരം ടാക്സസ് അതോറിറ്റിക്കാണെന്ന് അവർ തന്നെ കണക്കാക്കുകയാണ്. പലപ്പോഴും ഈ കണക്കുകൾ സ്വീകരിക്കാറില്ല. കൃഷിച്ചെലവിന് എത്ര ആകുമെന്നുള്ള ഒരു പൊതുവായ മാനദണ്ഡം പോലുമില്ലാതെയാണ് ചെലവിനെ സംബന്ധിച്ച് പറയുന്നത്. ശ്രീ. വർക്കല രാധാകൃഷ്ണൻ പറഞ്ഞു ഒരു തെങ്ങിൽനിന്ന് ഇത്ര തേങ്ങ ആദായം കിട്ടുന്നുവെന്ന്. സംസ്ഥാനവ്യാപകമായി കണക്കാക്കിയിരിക്കുകയാണ്. ജില്ലകളിൽ കണക്കാക്കിയാൽപ്പോലും പല വില്ലേജുകൾ തമ്മിൽ വ്യത്യാസമുണ്ടാകും. ചില സ്ഥലത്ത് എൺപത് തേങ്ങ കിട്ടും. ചില സ്ഥലത്ത് നാല്പത് തേങ്ങ കിട്ടും. ഒരു തേങ്ങയുമില്ലാത്ത തെങ്ങുകളും കാണും. പക്ഷെ ആവറേജ് എടുക്കുമ്പോൾ യഥാർത്ഥത്തിൽ കിട്ടുന്നതിൻെറ മൂന്നിരട്ടിയും നാലിരട്ടിയും ആദായമുള്ളതായി ഈ ഡിപ്പാർട്ടുമെൻറ് കണക്കാക്കുന്നു. കുരുമുളകിൻെറ കാര്യത്തിലാണെങ്കിലും മറ്റ് പല കൃഷികളുടെ കാര്യത്തിലാണെങ്കിലും ഈ നിലയിലാണ് ആദായം കണക്കാക്കുന്നത്. റബർകൃഷിക്കാരെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ വൻകിട തോട്ടങ്ങളെ സംബന്ധിച്ചിടത്തോളം നല്ല ആദായം ഉണ്ടാകാം. ശാസ്ത്രീയമായ കൃഷി നടത്തുന്നതുകൊണ്ട് അവർക്ക് ആദായമുണ്ടാകും. ചെറുകിട കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഉല്പാദനശേഷിയുള്ള ഇനം തൈകളാണ് നടുന്നതെങ്കിലും കൃഷിരീതി മോശമായതുകൊണ്ടും ആവശ്യത്തിന് വളം ഇടാത്തതുകൊണ്ടും ഉല്പാദനം കുറയുന്നു. അതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. മൂന്നും നാലും ഏക്കറുള്ള റബർ കൃഷിക്കാരനും വൻകിടതോട്ടക്കാരനും കിട്ടുന്നരീതിയിലുള്ള ആദായം കണക്കാക്കുകയാണ്. ഒരു ടൺ റബർ ഒരു ഹെക്ടറിൽനിന്നും കിട്ടുന്നു വൻകിട തോട്ടക്കാർക്ക്. ഒരു ചെറുകിട റബർ കൃഷിക്കാരനും കിട്ടുന്നത് ഇരുന്നൂറ് കിലോ ആയിരിക്കും. ഇതാണ് വസ്തുത. വൻകിടതോട്ടങ്ങളുടെ മാനദണ്ഡം എടുത്തുകൊണ്ട് ചെറുകിടക്കാരെ വളരെയേറെ ബുദ്ധിമുട്ടിക്കുന്നുണ്ട്. ഇത് പ്രായോഗികമായി കൈകാര്യം ചെയ്യേണ്ട കാര്യമാണ്. യഥാർത്ഥത്തിലുള്ള ഇൻകം അസസ്സ് ചെയ്യുന്നതിനുള്ള മാനദണ്ഡം ഉണ്ടാകണം. റബർ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം റബർ മാർക്കറ്റിങ്ങ് സൊസൈറ്റി ആഴ്ചയിൽ വിൽക്കുന്ന രസീത് കാണിച്ചാൽപ്പോലും അത് സ്വീകരിക്കാത്ത നിലയാണുള്ളത്. വൻകിട തോട്ടക്കാരുടെ ഇൻകത്തിനൊപ്പം ഇവർക്കും ഇൻകം ഉണ്ടെന്ന് അസസ്സ് ചെയ്യുന്നതുകൊണ്ട് വളരെയേറെ ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്. ശ്രീ. പി. സി. ജോർജ് പറഞ്ഞ ഒരുകാര്യം പ്രത്യേകം ശ്രദ്ധയിൽ പെടുത്താനാഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

പ്രത്യേക വ്യക്തികളെയൊന്നും ഇതിനകത്ത് ഉൾപ്പെടുത്തുന്നില്ല. പാർട്ടിയുടെ സംസ്ഥാനസമ്മേളനം കഴിഞ്ഞ ഉടനെ ഞങ്ങളുടെ പാർട്ടിയുടെ കൂടെ നിന്ന ചില ആളുകളുടെ വസതിയിൽപ്പോയി നിങ്ങളുടെപേരിൽ കനത്ത ഇൻകം ടാക്സ് അസസ്സ്മെന്റ് വരുന്നുവെന്ന് ഭീഷണിപ്പെടുത്തുകയും അതിനെത്തുടന്ന് കഴിഞ്ഞ വർഷം ഉണ്ടായിരുന്നതിന്റെ നാലിരട്ടി അഞ്ചിരട്ടി ടാക്സ് ചുമത്താനുള്ള നിലയിൽ നോട്ടീസ് അയച്ചിരിക്കുകയും ചെയ്തിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി ഇതെപ്പറ്റി അന്വേഷിക്കുമോ ? ഞങ്ങളുടെ പാർട്ടിയിൽ വന്നുപോയതുകൊണ്ട് അവരെ ക്രൂശിക്കുന്ന ഏർപ്പാടാണോ ഗവൺമെന്റിനുള്ളതെന്ന് പറയണം. അവരുടെ ബന്ധുക്കളുടെ വീട്ടിൽപോയി ഇന്ന പാർട്ടിയിൽനിന്ന് മാറുന്നില്ലെങ്കിൽ അടുത്ത വർഷം ടാക്സ് മൂന്നിരട്ടിയായിരിക്കുമെന്ന് പറഞ്ഞു. എന്ത് സ്വാതന്ത്ര്യമാണുള്ളത് പാർട്ടിയിൽ പ്രവർത്തിക്കാൻ ? ഇങ്ങനെയുള്ള അനേകം ഉദാഹരണങ്ങളുണ്ട്. വേണമെങ്കിൽ എഴുതിത്തരാം. അന്വേഷിക്കാൻ തയ്യാറാകുമോ ?

ശ്രീ. സി. കെ. തങ്കപ്പൻ: ആളിന്റെ പേര് പറയാമോ ?

ശ്രീ. പി. ജെ. ജോസഫ്: ഞാൻ എഴുതി കൊടുക്കാമെന്ന് പറഞ്ഞല്ലോ. ഇന്ന പാർട്ടിയിൽപ്പെട്ട ഇന്ന ആളുടെ വീട് എവിടെയാണെന്ന് ചോദിച്ച് ഉദ്യോഗസ്ഥൻമാർ നടക്കുകയാണ്.

ശ്രീ. പി. എസ്. ചന്ദ്രശേഖരപിള്ള: ബഹുമാനപ്പെട്ട മെമ്പറുടെ പാർട്ടിയിൽ ചേരാൻ ആഗ്രഹിച്ച ആരോടെങ്കിലുമാണോ അന്വേഷിച്ചത് ?

ശ്രീ. പി. ജെ. ജോസഫ്: ഈ നിലയിലുള്ള നടപടി തുടരരുത്. ബഹുമാനപ്പെട്ട മന്ത്രി ഇത് അറിയുന്നില്ലെങ്കിൽ ഇതെപ്പറ്റി അന്വേഷിക്കണം. ഈ നിലയിലുള്ള വിവേചനപരമായ നടപടി അവസാനിപ്പിക്കണം. കൃഷിക്കാർക്ക് ചില്ലറ ആനുകൂല്യങ്ങളും അമൻറുമെൻറുമൊക്കെ ഉണ്ടായിട്ടുണ്ട്. കേന്ദ്ര ഗവൺമെൻറ് ടാക്സ് ലിമിറ്റ് ഉയർത്തുമ്പോൾ ഇവിടെയും അതുപോലെ കൊണ്ടുവരാറുണ്ട്. സെൻട്രൽ ഇൻകം ടാക്സ് അനുസരിച്ച് 25,000 രൂപവരെയുള്ളവർക്കുപോലും ടാക്സ് കൊടുക്കാത്ത സ്ഥിതിയുണ്ട്. ഇവിടെ പതിനയ്യായിരത്തിന് കൊടുക്കണം. അതുകൊണ്ട് എക്സംപ്ഷൻ ലിമിറ്റ് ഇരുപതിനായിരമായി ഉയർത്തണം. കൃഷിച്ചെലവിന്റെ വർദ്ധനവനുസരിച്ച് അതുകൂടിയാലേ ആനുകൂല്യം ലഭിക്കുകയുള്ളൂ. നീതിബോധത്തോടുകൂടി വരുമാനമുള്ളവരുടെ മേൽ ടാക്സ് ചുമത്തുകയും പകപോക്കലിനുവേണ്ടി ഈ ഡിപ്പാർട്ടുമെൻറിനെ ഉപയോഗിക്കുകയും ചെയ്യരുതെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. എം. പി. ഗംഗാധരൻ: സർ, ഈ നാട്ടിലെ കൃഷിക്കാർ നട്ടം തിരിയുകയാണ്, അവർ കഷ്ടപ്പെടുകയാണ്, അതുകൊണ്ട് അവർക്ക് കൊടുക്കുന്ന ആശ്വാസം എന്നു പറഞ്ഞുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രി ഈ ആനുകൂല്യങ്ങൾ കൊടുക്കുന്നത്, അതിന്റെ അടിസ്ഥാനത്തിലാണ് നിയമം കൊണ്ടുവന്നതെന്ന് പറഞ്ഞു. 15,000 രൂപവരെ ടാക്സ് വേണ്ടായെന്ന കേന്ദ്ര ഗവൺമെൻറിന്റെ തീരുമാനത്തെതുടർന്ന്, നമുക്ക് ഒരു തീരുമാനമെടുക്കേണ്ടിവന്നു. അതാണ് വാസ്തവം. ആ ആനുകൂല്യ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളം ഇവിടെയും കൊടുക്കാതിരുന്നാൽ കൃഷിക്കാർ എതിർക്കും. അതു കൊണ്ട് 'അമ്മായിയും കുടിച്ചു പാൽക്കഞ്ഞി' എന്നു പറയുന്ന രീതിയിൽ 15,000 രൂപവരെ ആക്കി.

ശ്രീ. പി. ജെ. ജോസഫ് പറഞ്ഞപോലെ, കേരളത്തെ സംബന്ധിച്ചിടത്തോളം കൃഷിക്കാർക്ക് അൽപ്പമെങ്കിലും ആശ്വാസം കൊടുക്കണമെന്ന് തീരുമാനിച്ചുവെങ്കിൽ, ഈ 15,000 രൂപവരെ കൊടുത്താൽ പോര. കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കൃഷിക്കാർ വാസ്തവത്തിൽ കാർഷികച്ചെലവിന്റെ താങ്ങാൻ വയ്യാത്ത ഭാരം ഏറ്റുകൊണ്ട് ബുദ്ധിമുട്ടുന്നുണ്ട്. അത് എല്ലാ ഭാഗത്തുനിന്നും സമ്മതിക്കുന്നുമുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ ഇത്രയും കൂലിയില്ല; അവിടെ കാർഷികപ്പണികളിൽ ഏർപ്പെടുന്നവർക്ക് ഇവിടെയുള്ളതുപോലെയുള്ള ഇത്ര വലിയ കൂലി കൊടുക്കേണ്ട ആവശ്യമില്ല; കൃഷിക്ക് ഇത്രവലിയ ചെലവില്ല. കേരളത്തിൽ, ഏത് ഉൽപ്പാദന രംഗത്തായാലും ശരി ചെലവ് കൂടുതലാണ്. അതനുസരിച്ചുള്ള വരുമാനം ലഭിക്കുന്നുമില്ല. അതുകൊണ്ട് കൃഷിക്കാർ കഷ്ടപ്പെടുന്നു എന്നുള്ള വസ്തുത കണക്കിലെടുത്ത്, കേരളത്തിലെ കൃഷിക്കാർക്ക് കൊടുക്കുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് ചിന്തിക്കുമ്പോൾ 15,000 രൂപ മതിയോ എന്ന് സംശയമാണ്. 20,000 ആക്കുന്നതിന് എന്തിനാണ് മടിച്ചുനിൽക്കുന്നത്; എന്തിനാണ് വിമുഖത കാണിക്കുന്നത്?

കൊടുക്കാൻ പോകുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് ബഡ്ജറ്റിൽ ധാരാളം പ്രസംഗിച്ചു. ബുദ്ധിമുട്ടനുഭവിക്കുന്ന കൃഷിക്കാരെ സമാധാനിപ്പിക്കാൻ ഇടതുപക്ഷജനാധിപത്യമുന്നണി മുന്നോട്ടുവന്നു എന്ന് പറഞ്ഞിട്ട്, ഈ രീതിയിലുള്ള ആനുകൂല്യങ്ങളാണോ കൊടുക്കേണ്ടത്? ഈ ആക്ട് തന്നെ വേണ്ടായെന്നുവച്ചാൽ എന്താണ്? ഞങ്ങൾ തയ്യാറാണ്. നിങ്ങൾ തയ്യാറാണെങ്കിൽ ബഹുമാനപ്പെട്ട മാണിയോട് പറയണം. എന്തിനാണ് അഗ്രികൾച്ചറൽ ഇൻകം ടാക്സ് ആക്ട്?

ഇതിൽ രണ്ട് കാരണങ്ങളുണ്ട്. ഇന്ന് കൊണ്ടുവന്ന ബനിഫിറ്റിന്റെ കാര്യംതന്നെ ചൂണ്ടിക്കാണിച്ചുകൊണ്ട് പറയാം. നിങ്ങൾക്ക് വരുമാനം കിട്ടുകയില്ല. വളരെ പ്രധാനപ്പെട്ട രണ്ട് അമൻറ്മെൻറുകളാണ് കൊണ്ടുവന്നിട്ടുള്ളത്. എന്നാൽ അതിൽതന്നെ പലതും ചേർക്കേണ്ടതുണ്ട്. ഇവിടെ പറഞ്ഞിരിക്കുന്ന ഈ ഇനങ്ങളെല്ലാം ലാൻറ് റിഫോംസ് ആക്ടിന്റെ പരിധിയിൽപ്പെട്ട ഭൂമിയിൽ കൃഷിചെയ്തു വിളവെടുക്കുന്ന ഇനങ്ങളാണ്. ഇവിടെ പ്രധാനമായ അമൻറ്മെൻറ് കൊണ്ടുവന്നത് സെക്ഷൻ നാലിലാണ്.

ശ്രീ. സി. ബി. സി. വാര്യർ: കഴിഞ്ഞവർഷം കൊണ്ടുവന്ന അമൻറ്മെൻറ് അനുസരിച്ച് പ്ലാൻേറഷനടക്കം അഗ്രികൾച്ചറൽ ഇൻകം ടാക്സിന്റെ അസസ്മെൻറിൽ കൊണ്ടുവന്നില്ലേ? ആ നിലയ്ക്ക് ആ വലിയ വരുമാനക്കാരെയടക്കം ഒഴിവാക്കണമെന്നാണോ ബഹുമാനപ്പെട്ട മെമ്പർ പറയുന്നത്?

ശ്രീ. എം. പി. ഗംഗാധരൻ: അതാണ് ഞാൻ പറഞ്ഞു വരുന്നത്. ഞാൻ അതിനെക്കുറിച്ച് എക്സ്പ്ലെയിൻ ചെയ്യുമ്പോൾ മനസ്സിലാകും. നമ്മൾ കൊണ്ടുവന്നിട്ടുള്ള ആനുകൂല്യങ്ങൾ paddy, tapioca, plantains, ginger, vegetables, etc., ഇതെല്ലാം കെ. എൽ. ആർ. ആക്ടിന്റെ പരിധിയിൽപെട്ട ഭൂമിയിൽ കൃഷിചെയ്യുന്നതാണ്. അതൊക്കെ 12 ഏക്കർ വരെ മാത്രമേ കൈവശം വയ്ക്കാൻ ഒക്കുകയുള്ളൂ. നമ്മുടെ ഭാരിച്ച ചെല

LIBRARY ARCHIVES Kerala Legislative Assembly

പൊക്കെ എടുത്തു നോക്കുമ്പോഴും ഇതിലെല്ലാം ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക്, ചെലവുകഴിച്ച് ബാക്കിവരുന്ന വരുമാനമെന്നു പറയുന്നത് 15,000 ത്തിന് മുകളിൽ പോവുകയില്ല. പിന്നെ എന്തിനാണ് 15,000 വരെ വച്ച് ആനുകൂല്യം കൊടുക്കുന്നു എന്ന് പറയുന്നു എന്നാണ് എന്റെ ചോദ്യം. ചിലത് പ്ലാന്റേഷനിൽപെടുന്നുണ്ട്. അതിനെ അഗ്രികൾച്ചറൽ ഇൻകംടാക്സിൽ പെടുത്തിയിട്ടുണ്ട്. പെപ്പർ, കാർഡമം, സിനമൺ, ടീ, കോഫി ഇതൊക്കെ വലിയ പ്ലാന്റേഷനാണ്. ഈ പ്ലാന്റേഷനുകളെ പ്ലാന്റേഷൻ ടാക്സ് കൂടാതെ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഞാൻ പറയുന്നത് ഇത് രണ്ടും രണ്ടായി ക്ലാസിഫൈ ചെയ്യണമെന്നാണ്. പ്ലാന്റേഷനെന്നുള്ളതിന് പ്ലാന്റേഷൻ ടാക്സ് വർദ്ധിപ്പിക്കണം. ആനുകൂല്യങ്ങൾ കൊടുത്തുകൊണ്ടുതന്നെ ഇനിയും ഒരു ആക്ട് വരുന്നുണ്ടല്ലോ. ഇവിടെത്തന്നെ പ്ലാന്റേഷൻ അമൻറ്മെൻറ് ബിൽ ബഹുമാനപ്പെട്ട റവന്യൂ മിനിസ്റ്റർ അവതരിപ്പിക്കുന്നുണ്ട്. അത് നമുക്ക് ചർച്ച ചെയ്യാം. നാല് ഏക്കർവരെ ഒഴിവാക്കിയിരിക്കുന്നു. നാല് ഏക്കറിനു ശേഷം സ്ലാബിട്ടുകൊണ്ട് പ്ലാന്റേഷൻ ടാക്സ വേണമെന്ന് തീരുമാനിക്കുന്ന പ്ലാന്റേഷൻ അമൻറ്മെൻറ് ബില്ല് കൊണ്ടുവന്നിട്ടുണ്ട്. അടുത്തുതന്നെ അത് ചർച്ചക്ക് വരും. അതിൽ സ്വീകരിക്കാവുന്നത് സ്വീകരിക്കാം.

ഞാൻ പറയുന്നത്, അഗ്രികൾച്ചറൽ ഇൻകം ടാക്സ് ബാധിക്കുന്ന കൃഷിയിനങ്ങളെ സംബന്ധിച്ചിടത്തോളം എന്തിനു നിങ്ങൾ കർക്കശമായി പോകുന്നു. കൃഷിക്കാർക്ക് ഗുണം ചെയ്യുകയാണെങ്കിൽ ഗുണം ചെയ്യണം. ഗുണം ചെയ്യണമെന്നുള്ള അഭിപ്രായക്കാരാണ് ഞങ്ങൾ. ഞങ്ങളുടെ കർഷക സംഘടന അത് ആവശ്യപ്പെട്ടതാണ്. ഭാരിച്ച ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന കൃഷിക്കാരെ സംബന്ധിച്ചിടത്തോളം കൂടുതൽ കൂടുതൽ ആനുകൂല്യങ്ങൾ കൊടുക്കണം. കേന്ദ്രഗവൺമെൻറ് ഇൻകം ടാക്സ് ആക്ടിൽ വരുത്തിയ മാറ്റങ്ങൾക്ക് വിധേയമായി 15,000 രൂപവരെ കൊടുത്ത് തടിതപ്പിയിട്ട്, കൃഷിക്കാർക്ക് ആശ്വാസം കൊടുത്തിരിക്കുന്നു എന്നു പറയുന്നതിന്റെ കാര്യം ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. അത് ചെയ്യാൻ നിങ്ങൾ ബാദ്ധ്യസ്ഥരാണ്. നിങ്ങൾക്ക് കൃഷിക്കാരെ സഹായിക്കണമെന്നുണ്ടെങ്കിൽ കൂടുതൽ ചെയ്യാനുള്ള സൗകര്യമുണ്ട്. ചെയ്യാൻ നിങ്ങൾ മുന്നോട്ടുവരണം.

ഇവിടെ ടാപ്പിയോക്ക, ജിഞ്ചർ എന്നൊക്കെ കുറെ ഐറ്റംസ് പറഞ്ഞു. ജിഞ്ചർ എന്നു പറയുന്നത് ഇഞ്ചിയാണ്. എന്താണ് ചുക്ക്? ഡ്രൈ ജിഞ്ചർ ഇതിൽപ്പെടുത്തിയിട്ടില്ല. പച്ച ഇഞ്ചി ഇതിന്റെ പരിധിയിൽപ്പെടുത്തി. പച്ച ഇഞ്ചി അല്ല വിൽപ്പനക്ക് വരുന്നത്. ചുക്കാണ് വരുന്നത്. അതുകൊണ്ട് ഈ ആനുകൂല്യം ജിഞ്ചർ ഉണ്ടാക്കുന്ന കർഷകരെ സംബന്ധിച്ചിടത്തോളം ഇല്ല. അതുപോലെതന്നെ പല ഐറ്റംസ് ഇവിടെ പറഞ്ഞു. അടയ്ക്ക, തേങ്ങ ഇവയുടെ ഒക്കെ കാര്യം. വലിയ പ്ലാന്റേഷനിൽ തെങ്ങു വയ്ക്കാൻ കഴിയുകയില്ല. കാരണം സീലിംഗ് അപ്ലൈ ചെയ്യുന്ന ഒരു കൃഷിയാണ്. തെങ്ങ്, കമുക്, കുരുമുളക് ഇതു മൂന്നും എക്സംപ്ഷനിൽ പെടുത്തുന്നതിൽ എന്താണ് ബുദ്ധിമുട്ട്? 15,000 ത്തിന്റെ വരുമാനംവരെ സീലിംഗാണ് നിങ്ങളുടെ എക്സംപ്ഷനിൽ, ഷെഡ്യൂളിൽ പറയുന്നത്. 15,000 വരെ nil. 15,000 മുതൽ 20,000 വരെ ഒരു സ്ലാബുണ്ടായിരുന്നു. 20,000 മുതൽ 25,000 വരെ മറെറാരു സ്ലാബുണ്ടായിരുന്നു. തെങ്ങ്, കമുക്, കുരുമുളക് ഇതെല്ലാം എക്സംപ്ഷനിൽപ്പെടുത്തേണ്ട കാർഷിക വിഭവങ്ങളാണ്. അതിന് ഈ ഗവൺമെൻറ് മുന്നോട്ടു വരുമോ? പല ജില്ലകളിലും തെങ്ങിന് രോഗം വന്നതിന്റെ ഫലമായി തെങ്ങുകൃഷി

LIBRARY ARCHIVES Kerala Legislative Assembly

നശിച്ചുകൊണ്ടിരിക്കുകയാണ്. അതിൽനിന്ന് അനുഭവം ഇല്ലാതായിരിക്കുകയാണ്. അതുപോലെ തന്നെ അടയ്ക്കാ ശാസ്ത്രീയമായി എങ്ങനെ ഉപയോഗിക്കണമെന്നതിനെ സംബന്ധിച്ചിടത്തോളം യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇന്ന് വെറും മുറുക്കാൻവേണ്ടി മാത്രം ഉപയോഗിക്കുന്ന ഒരു വസ്തുവായി അടയ്ക്കാ കയറി അയക്കുകയാണ്. അതിന്റെ പ്രൈസ് കൺട്രോൾ ചെയ്യുന്ന മൊണോപ്പോളീസ് ഉണ്ട്. അതിന്റെ ഫലമായി കർഷകനെ സംബന്ധിച്ചിടത്തോളം അവർ ഉൽപ്പാദിപ്പിക്കുന്ന അടയ്ക്കക്ക് വില കിട്ടുന്നില്ല. കുറച്ചുകാലം മുമ്പുവരെ വളരെ ശോചനീയമായിരുന്നു ഇതിന്റെ സ്ഥിതി. ഈ കൃഷി എല്ലാം നശിച്ചുകഴിഞ്ഞു. ഇപ്പോൾ അൽപ്പം വില കിട്ടുന്നുണ്ട്. എപ്പോഴാണ് പോവുക എന്നറിയില്ല, അതാണ് കമുകിന്റെ കാര്യം. തെങ്ങിന്റെ കാര്യത്തിലാണെങ്കിൽ രണ്ടേക്കർ, മൂന്നേക്കർ, അഞ്ചേക്കർ ഇതെല്ലാം ഇതിൽനിന്നും ഒഴിവാക്കിയാൽ എന്താണ് അവ. കടം. 12 ഏക്കർ മാത്രമേ ഒരു കർഷകന് കൈവശം വയ്ക്കാൻ പാടുള്ളൂ. കർഷകനുവേണ്ടി നിയമം കൊണ്ടുവരുന്നു എന്നാണ് നിങ്ങളുടെ വാദമെങ്കിൽ അത് പൊള്ളയാണെന്നാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. കർഷകനെ സഹായിക്കാൻ മാണി ആത്മാർത്ഥമായി ആഗ്രഹിക്കുന്നു എങ്കിൽ, അതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ മുദ്രാവാക്യമെങ്കിൽ നിങ്ങളും കമുകും, തെങ്ങും, അതുപോലെ കുരുമുളകും, ഇഞ്ചിയും എല്ലാം കെ. എൽ. ആർ. ആക്ടിന്റെ പരിധിയിൽ കൊണ്ടുവരണം. സീലിംഗ് ഇല്ല. സീലിംഗിൽ എക്സംപ്റ്റഡ് അല്ല. സീലിംഗിൽ എക്സംപ്റ്റഡ് ആയി റബർ, സിനമൺ, തേയില, കാർഡമം, കോഫി ഈ അഞ്ച് ഐറ്റമേ ഉള്ളൂ. ബാക്കിയുള്ള എല്ലാ കാർഷികോൽപ്പന്നങ്ങളും തെങ്ങായാലും കമുകായാലും, കുരുമുളകായാലും, കപ്പയായാലും, നെല്ലായാലും എല്ലാം ഒന്നിച്ച് ക്ലാസ്സിഫൈ ചെയ്തു. അതിനു സീലിംഗ് പ്രൊവിഷൻ ബാധകമാക്കിയാൽ 12 ഏക്കറിൽ കൂടുതൽ ഒരു കർഷകനും കൈവശം വയ്ക്കാൻ ഒക്കുകയില്ല. 12 ഏക്കർ തന്നെ കൈവശം വയ്ക്കുന്ന കർഷകർ ഒന്നോ രണ്ടോ ശതമാനം മാത്രമേയുള്ളൂ. 85, 90 ശതമാനം കർഷകർ ഈ ഐറ്റംസ് കൈവശം വയ്ക്കുന്നത് 2 ഏക്കർ, 3 ഏക്കർ, അര ഏക്കർ, ഒരേക്കർ വരെയാണ്. അതുകൊണ്ട് ഇത് കംപ്ലീറ്റായി എക്സംപ്ഷൻ ക്ലാസിൽപ്പെടുത്തിക്കൊണ്ട് ആനുകൂല്യങ്ങളും നൽകണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. അമൻറുമെൻറ് സെക്ഷൻ 4 (1) എ–(എ) യിൽ കുരുമുളകും, തെങ്ങും, കമുകും, ഡ്രൈ ജിഞ്ചറും ഉൾപ്പെടുത്തണം. എന്നാൽ മാത്രമേ കർഷകനെ സംബന്ധിച്ചിടത്തോളം ഉദ്ദേശിക്കുന്ന ആനുകൂല്യം, കട ബാദ്ധ്യതയിൽനിന്നും രക്ഷപ്പെടുന്ന ആനുകൂല്യം അവനുലഭിക്കുകയുള്ളൂ.

ശ്രീ. സി. ബി. സി. വാര്യർ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഐറ്റംസ്കൂടി ഉൾപ്പെടുത്തിക്കഴിഞ്ഞാൽ പിന്നെ എന്താണ് മിച്ചമുള്ളത്?

ശ്രീ. എം. പി. ഗംഗാധരൻ: അതാണ് ഞാൻ ആദ്യം പറഞ്ഞത്, അവിടെ വരുമ്പോൾ അഗ്രികൾച്ചറൽ ഇൻകം ടാക്സിന്റെ പ്രസക്തി മനസ്സിലാകും. അവിടെ മാത്രമല്ല ഇന്നലെ വേറൊരു അമൻറുമെൻറ് കൊണ്ടുവന്നിരിക്കുന്നു, ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷനെപ്പറ്റി. ഞാൻ അവിടേക്ക് വരികയാണ്.

ശ്രീ. സി. ബി. സി. വാര്യർ: പ്ലാനിംഗ് കമ്മീഷന്റെ ഒരു റിസോഴ്സ് മൊബിലൈസേഷൻ പാനൽ അഗ്രികൾച്ചറൽ സെക്ടറിൽ ടാക്സ് പോരാ എന്നുള്ള ശുപാർശ നടത്തിയിരിക്കുന്നത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. ഗംഗാധരൻ: പ്ലാനിംഗ് കമ്മീഷന്റെ നിർദ്ദേശം സ്വീകരിക്കാൻ വലിയ തോട്ടം ഉടമകളും ഉണ്ടല്ലോ. അഗ്രിക്കൾച്ചറൽ ലാൻറിനു തന്നെ ഉൽപ്പാദനം ഉണ്ടാക്കുന്ന ക്യാഷ് ക്രോപ്പുണ്ട്. നിങ്ങൾ വേണമെങ്കിൽ അതിന്റെ ടാക്സ് കൂട്ടിക്കൊള്ളൂ. എന്തുകൊണ്ട് അത് ചെയ്യുന്നില്ല. ഇവിടെ ലാൻഡിന്റെ ഭൂരിഭാഗം വരുന്നത് പ്ലാന്റേഷൻ ആണ്. റബറായാലും ശരി, കാർഡമമായാലും ശരി, ടീ ആയാലും ശരി, കോഫി ആയാലും ശരി അതിന് പരിധി ഇല്ല. സീലിംഗ് ആക്ട് ബാധകമല്ല.

ശ്രീ. കെ. ശങ്കരനാരായണൻ: പാവപ്പെട്ടവർക്ക് വേണ്ടിയുള്ള വാദമല്ല പണക്കാർക്ക് വേണ്ടിയിട്ടാണ് വാദിക്കുന്നത്, അത് മനസ്സിലായില്ല.

ശ്രീ. എം. പി. ഗംഗാധരൻ: ഇവിടെ പണക്കാർക്ക്വേണ്ടി വാദിക്കുന്നതു കൊണ്ട് ആണ് ഈ കർഷക പ്രേമവുമായി പാവപ്പെട്ടവനുണ്ടാക്കുന്ന ഉൽപ്പാദനവുമായി.....

ശ്രീ. സി. ബി. സി. വാര്യർ: ഏറ്റവും ഉയർന്ന വരുമാനക്കാർക്ക് പോലും അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് ചുമത്തേണ്ട എന്നുള്ളതാണോ പണക്കാർക്ക് വേണ്ടിയുള്ള വാദം. അതോ അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് ചുമത്തണമെന്നുള്ള ഗവൺമെൻറിന്റെ നിലപാടാണോ പണക്കാർക്ക് വേണ്ടിയുള്ള വാദം.

ശ്രീ. എം. പി. ഗംഗാധരൻ: ശ്രീ. സി. ബി. സി. വാര്യർ ഈ അമൻറുമെൻറ് വായിച്ചിട്ടില്ല. ഏറ്റവും വലിയ വരുമാനമുണ്ടാക്കുന്ന, അഗ്രിക്കൾച്ചറൽ പ്രോഡക്റ്റസ് ഉണ്ടാക്കുന്ന.....

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: ശ്രീ. സി. ബി. സി. തെറ്റിദ്ധരിച്ചതാണ്. ഗംഗാധരനെപ്പറ്റി ആണ് ശങ്കരനാരായണൻ പറഞ്ഞത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ശ്രീ. എം. പി. ഗംഗാധരൻ: അതേ, അതേ. അദ്ദേഹം തെറ്റിദ്ധരിച്ചതുതന്നെ ആകാം. അദ്ദേഹത്തിനും ബോദ്ധ്യപ്പെടണമല്ലോ.

ശ്രീ. സി. ബി. സി. വാര്യർ: പണക്കാർക്ക്വേണ്ടി വാദിക്കുന്നു എന്നുപറഞ്ഞത് സ്വന്തം പാർട്ടി മെമ്പറെപ്പറ്റി അല്ലേ?

ശ്രീ. എം. പി. ഗംഗാധരൻ: ഏറ്റവും വലിയ കാർഷിക വരുമാനം ഉണ്ടാക്കുന്ന പ്ലാന്റേഷന്റെ ടാക്സിനു റേറ്റ് കൂട്ടാതെ ഒരേക്കറും രണ്ടേക്കറും തെങ്ങും കമുകും വച്ച് കൃഷി ചെയ്യുന്നവനെ ടാക്സ് ചുമത്തുന്ന നടപടി ശരിയല്ലെന്നാണ് ഞാൻ പറയുന്നത്. കേരളാ ലാൻറ് റിഫോംസ് ആക്ടിലെ സീലിംഗ് പ്രൊവിഷന്റെ പരിധിയിൽപ്പെട്ട തെങ്ങ്, കമുക് മുതലായവയ്ക്ക് ടാക്സ് ചുമത്തുകയും പരിധി ഇല്ലാതെ ആയിരക്കണക്കിനു പ്ലാന്റേഷൻ നടത്തുന്നവരുടെ റേറ്റ് കുറച്ചുകൊണ്ട് അതിൽ തൊടാൻ ധൈര്യമില്ലാതെ കർഷക പ്രേമം പറഞ്ഞു നടക്കുകയും ചെയ്യുന്നത് ശരിയല്ലെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. സി. ബി. സി. വാര്യർ: 15,000 ഉറുപ്പികയ്ക്ക്മേൽ വരുമാനം ഉണ്ടെങ്കിലേ ഈ പറഞ്ഞ ടാക്സ് കർഷകർ കൊടുക്കേണ്ടി വരികയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. ഗംഗാധരൻ: ഇതിനെക്കുറിച്ച് പി. സി. ജോർജ്ജും ശ്രീ. ജോസഫും ഒക്കെ ചൂണ്ടിക്കാണിച്ചു. 12 ഏക്കർവരെ മാത്രമേ തെങ്ങായാലും കുരുമുളകായാലും കൈവശാവകാശത്തിന് നിയമം അനുവദിക്കൂ. കെ. എൽ. ആർ. ആക്ട് പ്രകാരം അതിനുള്ള വരുമാനം 15,000 ത്തിനു മേലേ പോവുകയില്ല. പിന്നെ എന്തിന് ആനുകൂല്യം എന്നു പറഞ്ഞ് ആളെ പറഞ്ഞിക്കാൻ പോകുന്നു. അത് ഒഴിവാക്കിക്കൂടെ? വാര്യർതന്നെ പറയുന്നു, പിന്നെ കൊടുക്കേണ്ട എന്ന്. പിന്നെ എന്തിന് നിയമം കൊണ്ടുവരുന്നു? ഇത് കർഷകന് സംരക്ഷണം കൊടുക്കാനാണോ? ആശ്വാസത്തിനാണ് പുതിയ നിയമം കൊണ്ടുവരുന്നത്?

ശ്രീ. സി. ബി. സി. വാര്യർ: 12 ഏക്കറിൽനിന്ന് 15,000 ഉറുപ്പിക പോലും വരുമാനം കിട്ടുകയില്ലെന്ന് ബഹുമാനപ്പെട്ട ഗംഗാധരന് എവിടെനിന്നു കിട്ടിയ കണക്കാണ്.

ശ്രീ. എം. പി. ഗംഗാധരൻ: ഞാൻ പറയാം. ഇന്ന് തെങ്ങിന്റെയും കമുകിന്റെയുമെല്ലാം ഭാരിച്ച ഉൽപ്പാദനച്ചെലവുമായി തട്ടിച്ചു നോക്കുമ്പോൾ നിങ്ങളുടെതന്നെ ഡിപ്പാർട്ടുമെന്റിന്റെ കണക്കുവച്ച് നോക്കുമ്പോൾ 12,000 ത്തിൽ മേലേ പോവുകയില്ല ഒരുകൊല്ലത്തെ വരുമാനം. അതു കൊണ്ടാണ് പറഞ്ഞത് ആശ്വാസം കൊടുക്കുകയാണെങ്കിൽ ഇങ്ങനെ കൊണ്ടുവരികയല്ല വേണ്ടത്. മുഴുവനും ഒഴിവാക്കി കൊടുക്കാൻ തയ്യാറാകണം. ഞാൻ ചോദിക്കട്ടെ കെ. എൽ. ആർ. ആക്ട് ബാധകമല്ലാത്ത ഭൂമി ഉണ്ടല്ലോ, വലിയ വലിയ പ്ലാന്റേഷൻസ്; റബർ, തേയില, കോഫി ഇവയൊക്കെ ഉണ്ട്. ഇതിനൊക്കെ അഗ്രിക്കൾച്ചറൽ ഇൻകം ടാക്സിന്റെ റേറ്റ് കയറ്റിയാൽ ആരും ഒന്നും പറയുകയില്ല. എന്നിട്ട് പ്ലാനിംഗ് കമ്മീഷൻ നിർദ്ദേശമനുസരിച്ച് കാർഷിക വിഭവങ്ങളിൽ നിന്നുള്ള ടാക്സ് അപര്യാപ്തമാണെങ്കിൽ അത് പരിഹരിക്കാൻ ശ്രദ്ധിക്കൂ.

ശ്രീ. കെ. ശ്രീധരൻ: 12 ഏക്കർ ഭൂമിയിൽ നിന്ന് 15,000 ഉറുപ്പിക വരുമാനം ഉണ്ടാവുകയില്ല എന്ന് ബഹുമാനപ്പെട്ട അങ്ങ് പറയുന്ന സമയത്ത് കേന്ദ്ര ഗവൺമെന്റ് അനുവർത്തിച്ചുകൊണ്ടിരിക്കുന്ന നയങ്ങളുടെ ഫലമായി കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ് കൂടുതൽ കൂടുതൽ വരുന്ന സാഹചര്യമല്ലേ ഉള്ളത്?

ശ്രീ. എം. പി. ഗംഗാധരൻ: വരുമാനം എവിടെനിന്ന് എന്ന് ശ്രീ. വാര്യർ ചോദിച്ചു. വരുമാനം ഇല്ല. വളരെ അബദ്ധമായ മറ്റൊരു അമൻറുമെന്റ് കൊണ്ടുവന്നിട്ടുണ്ട്. ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷന്റെ പേരിൽ. ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻസിന് സൗകര്യങ്ങൾ ചെയ്തു കൊടുക്കേണ്ട എന്നല്ല ഞാൻ പറയുന്നത്. ചെയ്തു കൊടുക്കണം.

ലാൻഡ് റിഫോംസ് ആക്ട് കൊണ്ടുവരാൻ പോകുന്നു, മിച്ചഭൂമി പിടിച്ചെടുക്കാൻ പോകുന്നു എന്നുള്ള വിവരം അറിഞ്ഞപ്പോൾത്തന്നെ 1957-ലെ മന്ത്രിസഭയിലെ അംഗമായിരുന്ന വി. ആർ. കൃഷ്ണയ്യർ സ്വന്തം ട്രസ്റ്റുണ്ടാക്കി രക്ഷപ്പെട്ട അനുഭവം വിശ്വനുണ്ട്. അതാണ് വിശ്വൻ അതു സംബന്ധിച്ച് പൂണ്ടിക്കാണിച്ചത്. ഈ ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷനെ സംബന്ധിച്ചിടത്തോളമുള്ള ഈ ആനുകൂല്യം കൊടുക്കേണ്ടതാണ്. 20 ശതമാനം റിസർവുചെയ്തു. ബാക്കിവരുന്ന 75 ശതമാനം ചെലവഴിച്ചിട്ടുണ്ടെങ്കിൽ അതും എക്സംപ്റ്റ് ചെയ്തുകൊടുക്കണം. അതുവരെ ശരി. അതു ചെലവഴിച്ചിട്ടില്ലെങ്കിലും ഇൻകംടാക്സ് ഓഫീസറുടെ മുമ്പിൽ ഒരു അഫിഡവിറ്റ് കൊടുത്താൽ ഭാവിയിൽ ചെലവഴി

LIBRARY ARCHIVES Kerala Legislative Assembly

ക്കാൻ പോകുന്നു എന്നുപറഞ്ഞ് എഴുതിക്കൊടുത്താൽ എക്സംപ്റ്റ് ചെയ്യാമെന്ന്. ഇങ്ങനെ വലിച്ചുനീട്ടി ഈ അമൻറുമെൻറ് ബില്ലിൻെറ മുഴുവൻ ഭാഗവും കവർന്നെടുക്കേണ്ട കാര്യമുണ്ടോ? സംശയമാണ്. അതിൻെറ വെളിച്ചത്തിൽ വ്യക്തികം മുഴുവൻ സ്ഥാപനങ്ങളും ഉണ്ടാക്കുകയും അതിൻെറ വെളിച്ചത്തിൽ കിട്ടാവുന്ന ആനുകൂല്യം മുഴുവൻ ചോർത്തിയെടുക്കുകയും ശ്രീ. വാര്യർക്ക് ആശങ്ക ഉണ്ടായ വിധത്തിൽത്തന്നെ ടാക്സ് വരുമാനം കുറയുകയും ചെയ്യും.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സെൻട്രൽ ഇൻകംടാക്സ് നിയമം അനുസരിച്ച് ഒഴിഞ്ഞുമാറാൻ കഴിയുകയില്ല. റിട്ടേൺ കൊടുക്കണമെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. എം. പി. ഗംഗാധരൻ: സെൻട്രൽ ഇൻകംടാക്സ് നിയമത്തിൽ നികുതിയിൽനിന്ന് തെറ്റായി രക്ഷപ്രാപിക്കുന്ന ഏർപ്പാട് കർശനമായി നിയന്ത്രിച്ചിട്ടുണ്ട്. ഈ ഭേദഗതി പാസ്സായി കഴിഞ്ഞാൽ ഞാൻ ബഹുമാനപ്പെട്ട മാണിയോടു പറയുന്നു കേരളത്തെ സംബന്ധിച്ചിടത്തോളം അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് നിയമത്തിലെ 4-ാമത്തെ ക്ലാസിലെ എക്സംപ്ഷൻ കഴിഞ്ഞുവരുന്ന പലരും ധർമ്മസ്ഥാപനങ്ങളോ മത സ്ഥാപനങ്ങളോ ഒക്കെയാക്കിമാറ്റി ട്രസ്റ്റൊക്കെയാക്കിമാറ്റി അവർ നികുതിയിൽനിന്ന് രക്ഷപ്പെടും. അതിനുള്ള കയർ വീണ്ടും കൊടുത്ത് ഈ നിയമത്തെ പരസ്യമായി അപമാനപ്പെടുത്തുന്ന രീതിയിൽ ഇങ്ങനെ ഒരു നടപടിയുടെ ആവശ്യമുണ്ടോ? ആദ്യത്തെ എക്സംപ്ഷൻ കടന്നു വരുന്നവർ ഇത്തരം സ്ഥാപനങ്ങളുണ്ടാക്കി ഒരു അഫിഡവിറ്റ് കൊടുത്ത് രക്ഷപ്പെടും. അങ്ങനെ നികുതിവരുമാനം ഒന്നും കിട്ടാത്ത ഒരു പരിതഃസ്ഥിതി ഉണ്ടാകും.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: മതധർമ്മസ്ഥാപനങ്ങൾക്ക് ഈ ആനുകൂല്യം വേണ്ടെന്നാണോ പറയുന്നത്.

ശ്രീ. എം. പി. ഗംഗാധരൻ: ബഹുമാനപ്പെട്ട ദക്ഷിണാമൂർത്തിക്ക് മത സ്ഥാപനങ്ങളോട് അടുത്ത ബന്ധം ഉള്ളതുകൊണ്ടാണ് ഈ ബഹുമാനം എന്നു തോന്നുന്നു. മതസ്ഥാപനങ്ങൾക്കെതിരായി ഞാൻ പറയുകയല്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗത്തിൽത്തന്നെ പറഞ്ഞു ആദ്യത്തെ എക്സംപ്ഷൻ കഴിഞ്ഞ് 75 ശതമാനം ചെലവഴിച്ചില്ലെങ്കിലും സാരമില്ല, ചെലവഴിക്കാൻ പോകുന്നു എന്നുപറഞ്ഞ് ഇൻകംടാക്സ് ആഫീസർക്ക് ഒരു അഫിഡവിറ്റ് കൊടുത്താൽ അത് ഒഴിവാക്കും എന്ന്.

ശ്രീ. സി. എഫ്. തോമസ്: ഈ ആനുകൂല്യങ്ങൾ കൂടിക്കൂടെന്നാണോ? മതസ്ഥാപനങ്ങൾക്കുള്ള ആനുകൂല്യം കൂടിപ്പോയെന്നാണോ പറയുന്നത്.

ശ്രീ. എം. പി. ഗംഗാധരൻ: ആനുകൂല്യം കൊടുക്കണം. പക്ഷെ ഈ ആനുകൂല്യങ്ങളുടെ പേരിൽ ഇത്രയും ഖണ്ഡികകൾ ചേർത്തതിൻെറ പേരിൽ നിയമത്തിൻെറ ലൂപ്പ്ഹോളിൽക്കൂടി സ്ഥാപനങ്ങൾ ഉണ്ടാക്കി നികുതിയിൽനിന്ന് രക്ഷപ്പെടാനുള്ള പരിശ്രമം ഉണ്ടാകും.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): കേന്ദ്ര ആദായനികുതി നിയമത്തിൽ മതധർമ്മസ്ഥാപനങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന അതേ വാചകങ്ങൾ കോമയ്ക്കുപോലും വ്യത്യാസമില്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

റീപ്രൊഡ്യൂസ് ചെയ്തിരിക്കുകയാണ് ഇവിടെ. അത് നികുതി വെട്ടിക്കുന്നതിന് സഹായകമാണെങ്കിൽ കേന്ദ്രത്തെക്കൊണ്ട് അതുകൂടി ഒന്ന് ഭേദഗതി ചെയ്യിപ്പിച്ചാൽ കൊള്ളാം.

ശ്രീ. എം. പി. ഗംഗാധരൻ: അല്ല, അൽപം വ്യത്യാസമുണ്ട്. ആദ്യത്തെ പോർഷൻ അതാണ്. താഴോട്ടുവരുമ്പോൾ അതല്ല. പരിശോധിച്ചാൽ അതറിയാം. നമുക്ക് രണ്ടുപേർക്കും പരിശോധിക്കാൻ അറിയാം. ഡിപ്പാർട്ടുമെൻറിനും പരിശോധിക്കാൻ അറിയാം. ഈ വലിച്ചുനീട്ടൽ അതിലില്ല. നെല്ല്, കപ്പ ഇങ്ങനെ ചില ഇനങ്ങൾ എക്സംപ്റ്റ് ചെയ്തതോടുകൂടി പിന്നെ ബാക്കി വല്ലവരും ഇൻകംടാക്സിന് വിധേയമായിട്ടുണ്ടെങ്കിൽ ഈ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം നീട്ടിവലിച്ച് വ്യവസ്ഥകൾ കൊടുത്താൽ അതിന്റെപേരിൽ നിയമത്തെ മറികടന്ന് രക്ഷപ്പെടാനുള്ള ശ്രമം നടത്തും. ഇതൊന്നും ഇല്ലാത്തകാലത്തുതന്നെ, ഇടതുമുന്നണി ഗവൺമെൻറ് ആദ്യമായി കേരളം ഭരിച്ചപ്പോൾ, കമ്മ്യൂണിസ്റ്റ് പാർട്ടി ആദ്യമായി കേരളം ഭരിച്ചപ്പോൾ മന്ത്രിസഭയിൽ ഉണ്ടായിരുന്ന ഒരാൾപോലും അതുചെയ്ത പാരമ്പര്യം ഈ രാജ്യത്തുണ്ട്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: ബഹുമാനപ്പെട്ട മെമ്പർക്ക് ഈ അഭിപ്രായമാണുള്ളതെങ്കിൽ ഈ ഭാഗം ഡിലീറ്റ് ചെയ്യണമെന്നുപറഞ്ഞ് ഒരു ഭേദഗതി അവതരിപ്പിച്ചുകൂടെ.

ശ്രീ. എം. പി. ഗംഗാധരൻ: ശ്രീമാൻ വൈക്കം വിശ്വൻ പ്രഖ്യാപിച്ചതിന്റെ വെളിച്ചത്തിൽ ഈ ഭേദഗതി ബഹുമാനപ്പെട്ട കുറുപ്പെങ്കിലും കൊണ്ടുവരൂ. അവിടെനിന്നാണ് കൊണ്ടുവരേണ്ടത്. അതാണ് നല്ലത്.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: ശ്രീ. വൈക്കം വിശ്വൻ പറഞ്ഞതും എക്സംപ്ഷനുവേണ്ടിമാത്രം ഉണ്ടാക്കുന്ന മതധർമ്മസ്ഥാപനങ്ങളെ സംബന്ധിച്ചാണ്. യഥാർത്ഥത്തിലുള്ള സത്യസന്ധമായ മതധർമ്മസ്ഥാപനങ്ങൾക്ക് ഈ ആനുകൂല്യം കൊടുക്കുന്നതിനെ ശ്രീ. വിശ്വൻ എതിർത്തിട്ടില്ല.

ശ്രീ. എം. പി. ഗംഗാധരൻ: ഞാൻ പറഞ്ഞതിനേയും കവച്ചുവെച്ചാണ് വൈക്കം വിശ്വൻ പറഞ്ഞത്. ഞാൻ പറഞ്ഞതിനേക്കാൾ കൂടുതൽ പറഞ്ഞു. ഈ മതസ്ഥാപനങ്ങൾക്ക് ഞാൻ എതിരല്ല. അതിനുവേണ്ടി ഈ ഖണ്ഡിക വെച്ചതോടുകൂടി ഇതിനെ കയറിട്ടുപിടിക്കാൻ യാതൊരു നടപടിയും ഇല്ലാത്തിടത്തോളം കാലം അഭ്യർത്ഥിച്ചാൽ ഇൻകംടാക്സ് ആക്ടിന് വിധേയമായ ആളുകൾ, വരുമാനമുള്ളവർ ഇത്തരം സ്ഥാപനങ്ങൾ ഉണ്ടാക്കി രക്ഷപ്പെടാൻ ശ്രമിക്കും. അതുകൊണ്ട് ഈ എക്സംപ്ഷനും ആദ്യത്തെ എക്സംപ്ഷനും കൊണ്ടുവന്നതിന്റെ അടിസ്ഥാനത്തിൽ ഈ ആക്ട് തന്നെ ആവശ്യമില്ല. കർഷകരെ സംബന്ധിച്ചിടത്തോളം ആനുകൂല്യം കൊടുക്കുക എന്നുള്ളതാണ് ഗവൺമെൻറിന്റെ സമീപനമെങ്കിൽ സ്വീകരിക്കേണ്ട നടപടി വേറെ ഉണ്ട്. ബഹുമാനപ്പെട്ട മാണിതന്നെ കർഷകർ ഇന്ന് വിഷമം അനുഭവിക്കുന്നു എന്നു പറഞ്ഞു. കേന്ദ്ര ഇൻകംടാക്സ് ആക്ടിൽ 15,000 രൂപവരെ വാർഷിക വരുമാനമുള്ള ആളുകൾക്ക് കേന്ദ്രഗവൺമെൻറ് ആനുകൂല്യം പ്രഖ്യാപിച്ചപ്പോൾ അത് കൊടുക്കാതിരിക്കാൻ നിർവ്വാഹമില്ലാത്തതുകൊണ്ട് ഇവിടെയും കൊടുത്തിട്ട് ഇങ്ങനെ പരാമർശിക്കണമോ? അത് കർഷകരോടുള്ള മമതയല്ല. പ്രത്യേകിച്ചും കേരള കോൺഗ്രസ് (എം) കർഷകപ്രേമം കൊട്ടിഘോഷിക്കുന്ന ഒരു പാർട്ടിയാണ്. എന്നിട്ട് എന്തിനാണ് ഈ

LIBRARY ARCHIVES Kerala Legislative Assembly

15,000 രൂപയിൽ നിറുത്തിയത്. ധൈര്യമുണ്ടോ 15,000 രൂപയിൽനിന്ന് കയറി 20,000 രൂപയാക്കാൻ. ഈ എക്സംപ്ഷനിൽ കമുകും, തെങ്ങും, കുരുമുളകും കൂടി ചേർക്കാൻ ആരും എതിർക്കുന്നവരില്ല. എന്തുകൊണ്ട് അത് കൊണ്ടുവരുന്നില്ല. അരയേക്കറും ഒരേക്കറും ഒന്നരയേക്കറും രണ്ടേക്കറും തെങ്ങുകൃഷി ചെയ്യുന്നവരുണ്ട്. ഇൻകംടാക്സ് ഉദ്യോഗസ്ഥൻമാർ ചെന്ന് അനുഭവം കൂടുതലുണ്ട്, ടാക്സ് കെട്ടണമെന്നുപറഞ്ഞ് അവരെ ബുദ്ധിമുട്ടിക്കുന്നു. ഈ ഇനങ്ങളെല്ലാം എക്സംപ്റ്റ് ചെയ്തതോടുകൂടി ഇനി തെങ്ങിനും കുരുമുളകിനും വേണ്ടി മാത്രമാണ് അവർ പോകുന്നത്.

സർ, അസസ്മെൻറിൻെറ കാര്യം ഇവിടെ ഒരു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് അസസ്മെൻറിൻെറ ബേസിസ് എന്താണ്, ഉദ്യോഗസ്ഥൻമാർക്ക് തോന്നിയ ബേസിസ്. ഒരു താലൂക്കിൽ ഒരു ചെലവാണെങ്കിൽ മറെറാരു താലൂക്കിൽ വേറെ ഒരു ചെലവ്. കർഷകൻ കൊടുക്കുന്ന ബില്ലുപോലും കണക്കിലെടുക്കുന്നില്ല. വളത്തിൻെറയും ഉൽപ്പാദനച്ചെലവിൻെറയും വർദ്ധനവ് അനുസരിച്ചുള്ള കൃഷിക്കാരൻെറ കണക്കും അവർ അംഗീകരിക്കുന്നില്ല. ഉദ്യോഗസ്ഥൻമാർക്ക് തോന്നിയ രീതിയിൽ കൂട്ടുകയാണ്. കാരണം ഗവൺമെൻറിൽനിന്ന് സർക്കുലർ ഉണ്ട്, ഡയറക്ഷനുണ്ട്. ഇന്ന താലൂക്കിൽനിന്ന് ഇത്രലക്ഷം രൂപ കിട്ടിയേതീരൂ. പണക്കാരൻ നേരത്തെ പറഞ്ഞ കാര്യങ്ങംവച്ച് രക്ഷപ്പെടും. പിന്നെ പാവപ്പെട്ട കൃഷിക്കാരൻെറ അടുത്താണ് ചെല്ലുന്നത്. അവർ കൊടുക്കുന്ന കണക്ക് സ്വീകരിക്കാൻ തയ്യാറില്ല. ഒരു ബേസിസ് പോലും ഇല്ലാത്ത അസസ്മെൻറാണ് അഗ്രിക്കൾച്ചറൽ ഇൻകംടാക്സിനെ സംബന്ധിച്ചിടത്തോളം അധികാരികം സ്വീകരിക്കുന്നത്.

ശ്രീ. സി. എ. കുര്യൻ: പ്രതിമാസം 1,250 രൂപ വച്ച് 15,000 രൂപ വാർഷികവരുമാനം കിട്ടുന്ന ആൾ പാവപ്പെട്ടവനാണെന്ന് എങ്ങനെ പറയാൻ കഴിയും. അതുകൊണ്ട് 15,000 എന്നുള്ളതു വർദ്ധിപ്പിക്കണമെന്നു പറയുന്നത് ആർക്കുവേണ്ടി വാദിക്കുന്നതാണ്.

ശ്രീ. എം. പി. ഗംഗാധരൻ: ബഹുമാനപ്പെട്ട കുര്യനു ഞാൻ പറഞ്ഞതൊന്നും മനസ്സിലാകുന്നില്ല. ഞാൻ പറഞ്ഞത് പാവപ്പെട്ട കൃഷിക്കാരനെക്കുറിച്ചാണ്. നിങ്ങൾ വാദിക്കുന്നത് പണക്കാരായ കൃഷിക്കാർക്കുവേണ്ടിയാണ്.

ശ്രീ. സി. എ. കുര്യൻ: പതിനയ്യായിരം എന്നത് ഉയർത്തണമെന്നു പറഞ്ഞല്ലോ. ഞാൻ പറയുന്നത് അതു കൂടുതലാണെന്നാണ്. എന്തെന്നാൽ ഈ രാജ്യത്തെ ബഹുഭൂരിപക്ഷംപേരും പാവപ്പെട്ടവരാണ്. പതിനയ്യായിരം ഉയർത്തണമെന്നു പറയുകയും പാവപ്പെട്ടവർ പാവപ്പെട്ടവർ എന്നു പറയുകയും ചെയ്യുന്നത് ആരെ ഉദ്ദേശിച്ചാണ്?

ശ്രീ. എം. പി. ഗംഗാധരൻ: ഈ വീറും വാശിയുമൊക്കെ അടുത്ത ബിൽ വരുമ്പോൾ കാണിക്കണം, കുര്യൻ. അന്ന് ആബ്സൻറ് ആകരുത്.

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ട കുര്യൻ പറഞ്ഞു പതിനയ്യായിരം രൂപവരെയുള്ളവർ വലിയ ആളുകളല്ലെന്ന്. അയ്യായിരം രൂപപോലും വരുമാനമില്ലാത്ത ആളുകളുടെ പേരിലാണ് ഇൻകംടാക്സ് ചുമത്തുന്നതും അസസ് ചെയ്യുന്നതും എന്നതറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. ഗംഗാധരൻ: അതാണ് സത്യം. യാതൊരടിസ്ഥാനവുമില്ലാതെ, തോന്നിയമാതിരിയാണ് ഇന്ന് അസസ് ചെയ്യുന്നത്.

ശ്രീ. എ. സി. ജോസ്: ഏതു ബേസിസാണ് വേണ്ടതെ?

ശ്രീ. എം. പി. ഗംഗാധരൻ: അഗ്രിക്കൾച്ചറൽ ഇൻകംടാക്സിന്റെ ബേസിസ് എന്തായിരിക്കണമെന്നു ഞാൻ പറയണമോ?

ശ്രീ. എ. സി. ജോസ്: വേണം.

ശ്രീ. എം. പി. ഗംഗാധരൻ: കർഷകനു വരുന്ന യഥാർത്ഥമായ ചെലവ് വകവച്ചുകൊടുക്കുക. ചിലത് വകവച്ചുകൊടുക്കുകയും ചിലത് കോട്ട തികയ്ക്കാൻവേണ്ടി തിരസ്കരിക്കുകയുമല്ല വേണ്ടത്. നിയമം അനുശാസിക്കുന്ന ചില ആനുകൂല്യങ്ങളുണ്ട്. ചെലവുകളൊന്നും ഇൻകംടാക്സ് ഉദ്യോഗസ്ഥൻമാർ സ്വീകരിക്കുന്നില്ല. ഞാനും ശ്രീ. ജോസുമൊന്നുമല്ല അസസ് ചെയ്യുന്നത്. ഇൻകംടാക്സ് ആഫീസർമാരാണ് അസസ് ചെയ്യുന്നത്. കർഷകന്റെ സ്ഥലംപോലും പരിശോധിക്കാതെയാണ് അസസ്മെന്റ് നടത്തുന്നത്. ഒരു തെങ്ങിൽനിന്ന് ഒരു കൊല്ല ത്തേക്ക് ഇത്ര തേങ്ങ കിട്ടും എന്ന കണക്കുവെച്ചാണ് അസസ്മെന്റ് നടത്തുന്നത്. ചിലപ്പോഴും ആ തെങ്ങുതന്നെ ആ സ്ഥലത്തുണ്ടായിരിക്കുകയില്ല. ലാൻഡ് ഇൻസ്പെക്ഷൻ നടത്തണമെന്ന് പറവപ്പെട്ട കർഷകൻ ആവശ്യപ്പെട്ടാൽ നടത്തുമോ? ഇല്ല. ഇതാണ് ഇന്നത്തെ തകരാറുകൾ. എക്സസ് ഇൻകം ഒരു ജുഡീഷ്യലായ തീരുമാനമായി എടുത്തിട്ടില്ല; തോന്നിയമാതിരിയാണ്, അതിന് ആരെങ്കിലും എതിരുപറഞ്ഞാൽ കേൾക്കാൻ ഉദ്യോഗസ്ഥൻ തയ്യാറല്ല. കർഷകനു ദ്രോഹകരമായിട്ടാണ് അസസ്മെന്റ് നടത്തുന്നത് എന്നു പറഞ്ഞതിന്റെ കാരണം ഇതൊക്കെയാണ്. ഈ കൺസഷൻ കൊടുക്കാൻ നിർബന്ധിതമായത് കേന്ദ്രഗവൺമെന്റ് ചെയ്തതുകൊണ്ടു ചെയ്തു എന്നല്ലാതെ ഞാൻ കൂടുതലായിട്ടൊന്നും കാണുന്നില്ല. കൂടുതലായി കാണണമെങ്കിൽ തെങ്ങ്, കവുങ്ങ്, കുരുമുളക് മുതലായവയേയും കൂടെ എക്സംപ്റ്റുചെയ്യാൻ നടപടി സ്വീകരിക്കണം. എക്സംപ്ഷൻ ക്ലാസിൽപ്പെട്ട ഭൂമിയിലുള്ള വിളവുകൾ തേയിലയായാലും കാപ്പിയായാലും റബറായാലും ഇതല്ല സ്ഥിതി. കാരണം, അതൊക്കെ ആയിരക്കണക്കിന് ഏക്കർ കൈവശംവച്ച് കൃഷിചെയ്യാനുള്ള അവകാശമുണ്ട്. നേരെമറിച്ച് ഇതാണെങ്കിൽ 12 ഏക്കറിൽ താഴെയേ ആകുകയുള്ളു. 8 മുതൽ 12 ഏക്കർ വരെയുള്ളവർതന്നെ രണ്ടോമൂന്നോ ശതമാനം ഉണ്ടോയെന്നു സംശയമാണ്. കർഷകരെപ്പറ്റി ശ്രീ. കുര്യന് അറിയില്ലെങ്കിൽ ഞാൻ പറഞ്ഞുതരാം. തെങ്ങും കവുങ്ങും കുരുമുളകുമൊക്കെ കൃഷിചെയ്യുന്ന എൺപതു ശതമാനം ആളുകളും അഞ്ചേക്കറിൽത്താഴെയുള്ളവരാണ്. തെങ്ങുമുതലാളിയെപ്പറ്റി പറയുമ്പോഴും കുര്യനെപ്പോലെയുള്ള ആളുകൾ കാർഡമം മുതലാളിമാരുടെ കാര്യമാണ് ആലോചിക്കുന്നത്; റബർ മുതലാളിമാരെക്കുറിച്ചാണാലോചിക്കുന്നത്. അതാണ് ബുദ്ധിമുട്ട്. അരയേക്കറും ഒരേക്കറും ഒന്നരയേക്കറുമൊക്കെ കൃഷിചെയ്യുന്ന ആളുകളെക്കുറിച്ചാലോചിക്കുന്നില്ല. അവരെയാണ് ഈ കാർഷികാദായനികുതി കൂടുതലായി ബാധിക്കുന്നത്.

ശ്രീ. സി. എ. കുര്യൻ: ഏക്കറിന്റെ അടിസ്ഥാനത്തിലല്ല കാർഷികാദായനികുതി കൊടുക്കുന്നത് എന്നത് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ? ഏലവും കാപ്പിയുമൊക്കെ നഷ്ടമാണെങ്കിൽ ഒരു പൈസപോലും നികുതി

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കേണ്ട രണ്ടുമൂന്നു വർഷമായിട്ട്. സംസ്ഥാന ഖജനാവിൽ ആ ഇനത്തിൽ ഒരുകാശും വരാതായിട്ട് രണ്ടുമൂന്നു വർഷമായി എന്ന വസ്തുത അറിയില്ലേ?

ശ്രീ. എം. പി. ഗംഗാധരൻ: അതാണ് ഞാൻ പറഞ്ഞത്.....

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ശ്രീ. ഗംഗാധരൻ, ബഹുമാനപ്പെട്ട മെമ്പർ സംസാരിക്കാൻ തുടങ്ങിയിട്ട് 34 മിനിട്ടായി.

ശ്രീ. എം. പി. ഗംഗാധരൻ: സർ, വളരെ പ്രധാനപ്പെട്ട ഒരു അമെൻറു മെൻറാണ് ഞാൻ കൊണ്ടുവന്നത്. ഇങ്ങനെ നിയന്ത്രിക്കുന്നത് കഷ്ടമാണ്.

മി. സ്പീക്കർ: അത്യാവശ്യംവേണ്ട പോയിൻറുകൾ മാത്രമല്ല ബഹുമാനപ്പെട്ട മെമ്പർ പറയുന്നത്. വളരെ എലാബറേറ്റായിട്ടാണ് പറയുന്നത്. ഇങ്ങനെപോയാൽ ഈ ബില്ലുകളൊന്നുംതന്നെ ഈ സെഷനിൽ പരിഗണിച്ചു തീരുകയില്ല. ബിസിനസ് അഡൈ്വസറി കമ്മിറ്റി ചില ധാരണകളിലൊക്കെ എത്തിയിട്ടുണ്ട്. വളരെ ബ്രീഫായി സംസാരിച്ച് അവസാനിപ്പിക്കണം.

ശ്രീ. എം. പി. ഗംഗാധരൻ: തെങ്ങ്, കവുങ്ങ്, കുരുമുളക് മുതലായ ക്രോപ്സ്.....

മി. സ്പീക്കർ: ഇതൊക്കെ പറഞ്ഞ പോയിൻറ്സ് ആണ്. വീണ്ടും റിപ്പീറ്റ് ചെയ്യാൻ പാടില്ല. ബാക്കി ബഹുമാനപ്പെട്ട അംഗങ്ങൾക്കും സംസാരിക്കണം.

ശ്രീ. എം. പി. ഗംഗാധരൻ: ആരും സംസാരിക്കേണ്ടെന്നു ഞാൻ പറഞ്ഞിട്ടില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗംതന്നെ വളരെ കൂടുതൽ സമയം എടുത്തുകഴിഞ്ഞു. പറഞ്ഞ പോയിൻറുതന്നെ റിപ്പീറ്റുചെയ്തത് സഭയുടെ വിലയേറിയ സമയം നഷ്ടപ്പെടുത്താൻ പാടില്ല.

ശ്രീ. എം. പി. ഗംഗാധരൻ: സർ, ഞാൻ സംസാരിക്കുമ്പോൾ അങ്ങ് ഇവിടെയില്ലായിരുന്നു. ഓരോരുത്തരും ഇടപെട്ട് എൻറെ സമയം പോയതാണ്. ഞാൻ 34 മിനിട്ടൊന്നും എടുത്തിട്ടില്ല. പകുതിയിലേറെ സമയവും മറ്റു മെമ്പർമാരാണ് ചോദ്യം ചോദിക്കാൻവേണ്ടി എടുത്തത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ അങ്ങനെ എല്ലാ ചോദ്യത്തിനും യീൽഡ് ചെയ്യരുത്. സമയം വളരെ ചുരുക്കമാണെന്നു ധരിച്ചുകൊണ്ടുവേണം സംസാരിക്കാൻ. അതുകൊണ്ട് പെട്ടെന്ന് അവസാനിപ്പിക്കണം.

ശ്രീ. എം. പി. ഗംഗാധരൻ: ഒരു നിയമസഭാ സാമാജികൻ എന്ന നിലയിൽ ഒരു നിയമനിർമ്മാണ ചർച്ചയിൽ പങ്കെടുത്തു സംസാരിക്കാനുള്ള അവകാശം എനിക്കുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അങ്ങനെയുള്ള അവകാശത്തെയൊന്നും ചെയറിൽ നിന്നു തടയുന്നില്ല. ഒരു ബഹുമാനപ്പെട്ട അംഗത്തിന്റെ അവകാശത്തെയും തടയുകയില്ല. എന്നാൽ ആവർത്തിച്ചാവർത്തിച്ചു പോയിൻറ്സ് പറയുമ്പോൾ നിയന്ത്രിക്കേണ്ടിവരും.

ശ്രീ. എം. പി. ഗംഗാധരൻ: അങ്ങനെ അധികാരം കവർന്നെടുക്കാനൊന്നും ഈ നിയമസഭയിൽ ആരും അനുവദിക്കുകയില്ല. കൺസഷനൊക്കെ കൊടുത്തു എന്നു പറയുന്നതിന്റെ വെളിച്ചത്തിൽ ഈ ആക്ട് തന്നെ ദുർബലപ്പെടുത്തുന്നതാണു നല്ലത്. കെ എൽ. ആർ. ആക്ട് ബാധകമല്ലാത്ത വിളവുകൾക്ക് ടാക്സ് റേറ്റ് കൂടുതലാക്കണം. അത് പണക്കാരുടെ പ്രശ്നമാണ്. അവരോടു ദാക്ഷിണ്യം കാണിക്കേണ്ട കാര്യമില്ല. അതെപ്പറ്റി ഒരു അമെൻറുമെൻറ് വരുന്നുണ്ട്, അപ്പോൾ അതു കൂടുതൽ ചർച്ചചെയ്യാം. ചെറുകിട കൃഷിക്കാരെ രക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണെനിക്കു പറയാനുള്ളത്. ഇഞ്ചിയുടെ കൂടെ ചുക്ക് കൂടി ഉൾപ്പെടുത്തി ഭേദഗതിചെയ്യണമെന്നു ഗവൺമെൻറിനോടാവശ്യപ്പെടുകയാണ്. എങ്കിലേ നാം വിചാരിച്ച ഗുണം കിട്ടുകയുള്ളു.

ശ്രീ. സി. എഫ്. തോമസ്: സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയാണ്. കർഷകരോട് ഇത്രയധികം സ്നേഹം കാണിക്കുന്ന ശ്രീ. ഗംഗാധരൻ തെങ്ങിന്റെ കാര്യം എടുത്തെടുത്തു പറഞ്ഞു. തെങ്ങിന്റെ മണ്ടപോകുന്ന കാര്യം പറഞ്ഞു. ഇവിടെ തെങ്ങിന്റെ മണ്ടമാത്രമല്ല സർ, പോകുന്നത്. കേന്ദ്രഗവൺമെൻറ് ഇറക്കുമതി ചെയ്തു ചെയ്ത് കേരളത്തിലെ കർഷകന്റെ തലമണ്ടകൂടി പോകുകയാണ്. അങ്ങനെ ഒരു വശത്ത് കർഷകനെ തകർക്കാനുള്ള നടപടി സ്വീകരിച്ചിട്ട് ഇവിടെ വന്ന് കാർഷികാദായനികുതിയേ പിരിക്കേണ്ട എന്നു പറയുന്നതു വഞ്ചനാപരമായ നിലപാടാണ്. സർ, നമ്മൾ ചില കാര്യങ്ങൾ ചെയ്യുകയാണ്. കഴിഞ്ഞ ബഡ്ജറ്റിലെ ഒരു നിർദ്ദേശം അംഗീകരിക്കാൻ വേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. പതിനയ്യായിരം രൂപ വരെയുള്ളവർക്ക് ആശ്വാസം കൊടുത്താൽ അത്രയുമായി. അതൊരു സ്ഥിരമായ ആശ്വാസമല്ല. സാധിക്കുമെങ്കിൽ അത് കുറെക്കൂടി ഉയർത്തണം. അത്രയേറെ രൂക്ഷമാണ് പ്രശ്നം. നെല്ലിനെ ഒഴിവാക്കിയത് വളരെ ശ്രദ്ധേയമായ ഒരു നടപടിയാണ്. ഈ രാജ്യത്ത് ഏറ്റവും കൂടുതൽ കഷ്ടപ്പെടുന്ന ഒരു വിഭാഗമാണ് നെൽകൃഷിക്കാർ. പ്രകൃതിക്ഷോഭംകൊണ്ട് മുഴുവൻ നെല്ലും നശിക്കുകയാണ്. വർഷകാലം ആരംഭിച്ചശേഷം കുട്ടനാട്ടിൽ നാലുതവണ വെള്ളപ്പൊക്കമുണ്ടായി. മുഴുവൻ കൃഷിയും നശിക്കുകയാണ്. കെ. എൽ. ഡി. സി. ബണ്ടുകളെല്ലാം തകരുന്നു. രണ്ടാംകൃഷി അസാധ്യമായിരിക്കുന്നു. വളത്തിനാണെങ്കിൽ ദ്വിവസംതോറും വില കൂടിക്കൊണ്ടിരിക്കുകയാണ്. നെൽകൃഷിക്കാരെ സംബന്ധിച്ച് അവരെയാകെ വെള്ളത്തിലാക്കിയിരിക്കുകയാണ്. ഇങ്ങനെയൊരു സാഹചര്യത്തിലാണ് നെല്ലിനേയും കൂടി അതിന്റെ പരിധിയിൽനിന്ന് ഒഴിവാക്കിയത്. 12 ഏക്കർവരെ കൈവശം വച്ചുകൊണ്ടിരിക്കാം. അതുകൊണ്ട് ഇതിനകത്ത് ആനുകൂല്യമില്ല എന്നൊരു സമീപനമല്ല വേണ്ടത്. 12 ഏക്കറിനകത്ത് പല കൃഷികളുണ്ട്. അതെല്ലാംകൂടി കണക്കാക്കിയാൽ വലിയ വരുമാനമുള്ളതായി കാണുന്നുണ്ട്. അതുകൊണ്ടാണ് നെല്ലും, കപ്പയും, വാഴയുമൊക്കെ ഇതിനകത്ത് ഒഴിവാക്കിയത്. ഇത്രയും ആളുകൾക്ക് ആശ്വാസം കൊടുക്കാനുള്ള നടപടിയാണ് ഗവൺമെൻറ് ചെയ്യുന്നത്. ഇവിടെ ശ്രീമാൻ ജോർജ്ജ് ഇങ്ങനെയുള്ള കാര്യങ്ങൾ പറയുമ്പോൾ അതിനോട് ഞാൻ അനുകൂലിക്കുന്നില്ല. ശ്രീമാൻ പി. ജെ. ജോസഫ് അങ്ങനെ പറയുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമാൻ പി. ജെ. ജോസഫ് സ്റ്റേറ്റുമെൻറ് ഓഫ് ഒബ്ജക്ട്സ് ആൻറ് റീസൺസ് പകുതിമാത്രമാണ് വായിച്ചത്. മുഴുവൻ വായിക്കുകയാണെങ്കിൽ വളരെ വ്യക്തമാകും. Only at a flat rate of 30 per cent of the excess over Rs. 15,000. അതുകൊണ്ട് ഉത്തരവാദിത്വമുള്ള കാര്യങ്ങളെക്കുറിച്ച് കാണാതെ പഠിക്കണമായിരുന്നു എന്നു പറയുകയാണ്. ശ്രീമാൻ പി. സി. ജോർജ് ഇവിടെ ചില കാര്യങ്ങൾ സൂചിപ്പിച്ചു. അതൊരു തമാശയായി എടുക്കാം. പക്ഷെ പാർട്ടിയുടെ അദ്ധ്യക്ഷൻ എന്ന നിലയിൽ പി. ജെ. ജോസഫ് പറഞ്ഞത് തമാശയായി എടുക്കാൻ പറ്റുകയില്ല. അങ്ങനെയാണെങ്കിൽ പലതും പറയേണ്ടിവരും. തൊടുപുഴ താലൂക്കാഫീസിൽ തന്നെ പല കഥകളുമുണ്ട്. ആരുടെ ഒക്കെയോ ഭൂമിയെ സംബന്ധിച്ച് പല കഥകളും അവിടെയൊക്കെയുണ്ട്. അതൊക്കെ പറയേണ്ടിവരും. ഒന്നിക്കാൻ ഇരിക്കുന്ന നമ്മൾ അതൊക്കെ പറഞ്ഞ് അകലുന്നതെന്തിനാണ്. മുന്നണി തകർന്നു ഭിന്നിച്ചാലും നമ്മൾ കേരളാ കോൺഗ്രസ് ഒന്നാകണം. അതിന് തടസ്സം കൂടാതിരിക്കണമെങ്കിൽ പല കാര്യങ്ങളും നമ്മൾ ആലോചിക്കേണ്ടതായിട്ടുണ്ട്. നമ്മുടെ രാജ്യത്ത് നല്ല കാര്യങ്ങൾ ചെയ്യുമ്പോൾ അത് അംഗീകരിക്കാനുള്ള മനഃസ്ഥിതി പ്രതിപക്ഷം കാണിക്കണം. ഈ ഗവൺമെൻറ് നല്ല കാര്യങ്ങൾ ചെയ്തിട്ടില്ലെന്ന് കഴിഞ്ഞദിവസം ശ്രീ. ടി. എം. ജേക്കബ് പറഞ്ഞു. ഒരു ഗവൺമെൻറ് എന്നാൽ നല്ല കാര്യങ്ങളും ചെയ്യണമെന്ന് ശ്രീ. ടി. എം. ജേക്കബ് പറഞ്ഞു. പലതിലും അനുകൂലിക്കേണ്ടതായി വരുന്നുണ്ട്. കുറെ നല്ല കാര്യങ്ങൾ ചെയ്യുന്നുണ്ട്. അത് ഈ രാജ്യത്തെ കൃഷിക്കാരനു വേണ്ടിയാണ്. കേന്ദ്ര ഗവൺമെൻറിൻറെ നയം കൊണ്ട് ബുദ്ധിമുട്ട് അനുഭവിക്കുന്ന കൃഷിക്കാരെ കേരള ഗവൺമെൻറ് കുറച്ചൊക്കെയൊന്ന് സഹായിക്കാൻ ശ്രമിക്കുകയാണ്. അതു കണ്ടില്ലെന്ന് നടിക്കരുതേ. പോരായ്മകളുണ്ടെങ്കിൽ ഒഴിവാക്കണം. പതിനയ്യായിരം രൂപയെന്നുള്ളത് ഇരുപതിനായിരം രൂപയെന്ന് ഉയർത്തണമെന്ന് ആവശ്യപ്പെടാം. മറ്റൊരുകാര്യം മത ധർമ്മസ്ഥാപനങ്ങൾക്ക് കൊടുക്കുന്ന ആനുകൂല്യങ്ങൾ വിഷമിച്ചാണ് സ്വാഗതം ചെയ്തു കണ്ടത്. ശ്രീ. എം. പി. ഗംഗാധരൻ മറ്റൊരു രൂപത്തിലെടുക്കുകയാണ്. കൂടിപ്പോയി എന്നു പറഞ്ഞ്; ഒരിക്കലും കൂടിപ്പോയില്ല സർ. മത ധർമ്മ സ്ഥാപനങ്ങൾ ഈ രാജ്യത്തു ചെയ്യുന്ന സേവനങ്ങളെ ഈ രാജ്യത്തെ എല്ലാ ഭരണാധികാരികളും എല്ലായ്പ്പോഴും പ്രശംസിക്കുന്നതാണ്. അങ്ങനെ ചെയ്യുന്ന കാര്യങ്ങൾക്കുവേണ്ടി കൊടുത്ത തുക അതിനെ കാർഷികാദായ നികുതി നിയമത്തിൻറെ പരിധിയിൽ നിന്നു മാറ്റിക്കൊടുത്തത് ധീരമായ ഒരു കാൽവയ്പാണ്. അതിൽ ഞാൻ ധനകാര്യമന്ത്രിയെ അഭിനന്ദിക്കുകയാണ്. കേന്ദ്രഗവൺമെൻറ് സ്വീകരിക്കുന്ന നയത്തിൻറെ ഫലമായി ചാട്ട വാറടി എൽക്കുന്ന കൃഷിക്കാർക്ക് അൽപ്പം ആശ്വാസം പകർന്നുകൊടുക്കുന്ന ഇത്തരം നിയമനിർമ്മാണ പരിപാടികളും തീർച്ചയായും സ്വാഗതാർഹമാണ്.

ശ്രീ. എ. സി. ജോസ്: സർ, ഞാൻ ഈ നിയമത്തെ സ്വാഗതം ചെയ്യുകയാണ്. മുൻ പ്രാസംഗികൻ സൂചിപ്പിച്ചതു പോലെ വളരെ ബുദ്ധിമുട്ടുനിറഞ്ഞ ഒരു കാലഘട്ടത്തിൽ കർഷകർക്ക് മറ്റ് ജനങ്ങളോടൊപ്പമുള്ള ആനുകൂല്യം കൊടുക്കുന്നതിന് വേണ്ടി മാത്രമാണ് ഈ ബില്ല് കൊണ്ടുവന്നിട്ടുള്ളത്. ഈ ബില്ലിൻറെ മറ്റ് ഭാഗങ്ങളിലേക്ക് കടന്ന് ഇവിടത്തെ പ്രതിപക്ഷ സുഹൃത്തുക്കളെ സംസാരിക്കുകയുണ്ടായി. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ആർക്കും എതിർപ്പുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിച്ച അവസരത്തിൽ കേന്ദ്ര ഗവൺമെൻറ് ഇൻകം ടാക്സ് ഇനത്തിൽ വരുത്തിയ ഭേദഗതി

LIBRARY ARCHIVES Kerala Legislative Assembly

കളുടെ ചുവടുപിടിച്ചു കൊണ്ടാണ് ഏറെക്കുറെ ഈ ഭേദഗതിയും കൊണ്ടു വന്നിട്ടുള്ളത്. പ്രത്യേകിച്ച് ഈ ഭേദഗതി നിയമം ഇവിടെ അവതരിപ്പിക്കുന്നത് കേന്ദ്ര ഗവൺമെൻറിൻെറ ബഡ്ജറ്റ് പ്രസംഗത്തിനു ശേഷവും സംസ്ഥാന ഗവൺമെൻറിൻെറ ബഡ്ജറ്റ് അവതരണത്തിനു ശേഷവും ഉണ്ടായിട്ടുള്ള പ്രത്യേക പ്രവണതകളും കണക്കിലെടുക്കുമ്പോൾ എൻെറ സ്നേഹിതൻ ശ്രീ. സി. എഫ്. തോമസ് പറഞ്ഞതുപോലെ ഇപ്പോൾ കൊടുത്തിട്ടുള്ള ആനുകൂല്യങ്ങൾകൊണ്ട് എന്തെങ്കിലും ഫലം ഉണ്ടാകുമോ എന്ന് സംശയമാണ്. കാരണം അതിനുശേഷമാണ് കൃഷിക്കാർക്ക് ഒട്ടേറെ തലങ്ങളിൽ സബ്സിഡി കുറവ് ചെയ്തിട്ടുള്ളത്. വളത്തിൻെറ വില വർദ്ധിച്ചിട്ടുണ്ട്. മറ്റ് എല്ലാ സാധനങ്ങളുടെയും വില വർദ്ധിച്ചിട്ടുള്ളതുകൊണ്ട് ഇന്ന് പതിനയ്യായിരം രൂപയായി കൂട്ടിയിട്ടുണ്ടെങ്കിൽ പോലും അത് ന്യൂട്രലൈസ് ചെയ്യുന്ന സ്ഥിതിയിൽ, അതുപോലും മതിയാകാതെയാണ് വന്നിട്ടുള്ളത്. നിർഭാഗ്യവശാൽ കേരളത്തിലെ കൃഷിയെ എടുത്തുനോക്കിയാൽ നാണ്യ വിളകളാണ് കൂടുതലുള്ളത്. ഇക്കാര്യത്തിൽ യഥാർത്ഥത്തിലുള്ള ശിക്ഷ എന്താണെന്ന് ഗവൺമെൻറിനു പോലും അറിയാൻ പാടില്ലാത്ത സ്ഥിതിയാണുള്ളത്. ഞാൻ സൂചിപ്പിക്കുന്നത് എത്ര റബർ ഉണ്ടാകുന്നു, എത്ര കൊക്കോ ഉണ്ടാകുന്നു, എത്ര ഏലം ഉണ്ടാകുന്നു അതുപോലെ മറ്റ് സാധനങ്ങൾ എത്ര ഉണ്ടാകുന്നുവെന്ന് സമഗ്രമായ ഒരു സർവേയും സമഗ്രമായ വിവരവും ഗവൺമെൻറിനു തന്നെ ഇല്ലാത്ത സ്ഥിതിയാണുള്ളത്. പലപ്പോഴും കാർഷിക രംഗത്തെക്കുറിച്ച് ശബ്ദമുണ്ടാക്കി സംസാരിക്കുന്ന പല അംഗങ്ങളും ഉണ്ട്. അവർക്ക് ആർക്കും തന്നെ ഈ പ്രശ്നത്തിൻെറ യഥാർത്ഥ ചിത്രം എന്താണെന്ന് മനസ്സിലാക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ഈ ബില്ലിൻെറ ചർച്ചാവേളയിൽ ആദ്യമായി ഈ ഗവൺമെൻറിനെ അറിയിക്കാനുള്ളത് നമ്മുടെ കാർഷിക വിളകളെക്കുറിച്ച് പ്രത്യേകിച്ചും നമ്മുടെ നാണ്യവിളകളെക്കുറിച്ച് ശരിയായ രീതിയിൽ സർവേ നടത്തുകയും എത്ര ഉണ്ടെന്ന് അറിയുകയും വേണമെന്നാണ്. ഇതു പറയാൻ കാരണമുണ്ട്. കേന്ദ്ര ഗവൺമെൻറ് ഇറക്കുമതി ചെയ്യുന്നതിനെക്കുറിച്ച് നമ്മൾ പ്രതിഷേധിക്കാറുണ്ട്. ആ പ്രതിഷേധത്തിന് കേന്ദ്ര ഗവൺമെൻറ് മറുപടി പറയുന്നത് ഇവിടെയുണ്ടാക്കുന്ന റബർ ഇവിടത്തെ ആവശ്യത്തിന് മതിയാകുന്നില്ല. ഇവിടെ ഉണ്ടാകുന്ന മറ്റ് സാധനങ്ങൾ ഇവിടത്തെ ആവശ്യത്തിന് മതിയാകുന്നില്ല എന്നാണ്. ഇവിടത്തെ റബർ ഉൽപ്പാദനം ഇത്ര എന്നും, മറ്റു സാധനങ്ങൾ ഇത്ര ഉണ്ടാക്കുന്നുവെന്നുള്ളതിൻെറയും യഥാർത്ഥ ചിത്രം കൊടുത്താൽ കേന്ദ്ര ഗവൺമെൻറിന് ഇക്കാര്യത്തിൽ ഒഴിഞ്ഞുമാറാൻ പറ്റാതെ വരും. ഇത്തരത്തിൽ ഒരു സമഗ്രമായ കണക്ക് ബ്യൂറോ ഓഫ് എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പോ അതുപോലെ ഒരു വിഭാഗമോ എടുക്കണം.

ഇവിടെ നെല്ലിൻെറ കാര്യം സൂചിപ്പിച്ചു. ഈ ബില്ലിൽ ഏറ്റവും ശ്രദ്ധേയമായിട്ടുള്ളത് നെൽകൃഷിക്കാരെ അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് കൊടുക്കുന്നതിൽനിന്ന് ഒഴിവാക്കിയെന്നതാണ്. മലയാളികളുടെ സാധാരണ ഭക്ഷണം അരിയാണ്. നിർഭാഗ്യവശാൽ നാം ഇവിടെ മുഴുവൻ ഉണ്ടാക്കുന്നില്ല. ഉണ്ടാക്കുന്നതുതന്നെ മറ്റ് കൃഷിക്ക് ഉണ്ടാകുന്ന നഷ്ടത്തെക്കാൾ ഏറെ നഷ്ടമാണ് വന്നുകൊണ്ടിരിക്കുന്നത്. നാട്ടിൻ പുറങ്ങളിലൂടെ യാത്രചെയ്യാൻ സാധിച്ചാൽ കാണാൻ കഴിയുന്നത് നെൽപ്പാടങ്ങൾ നികത്തി വീടുവയ്ക്കുന്നതിനോ മറ്റേതെങ്കിലും കാര്യങ്ങൾക്കു വേണ്ടിയോ ഉപയോഗിക്കുന്ന ഖേദകരമായ ചിത്രമാണ്. പടിഞ്ഞാറൻ പ്രദേശങ്ങളിലാണെങ്കിലും, കിഴക്കൻ പ്രദേശങ്ങളിലാണെങ്കിലും കാണുന്ന

LIBRARY ARCHIVES Kerala Legislative Assembly

ചിത്രം അതുതന്നെയാണ്. അതുകൊണ്ട് കാർഷിക വിളകൾക്ക് ഗവൺമെൻറ് കൊടുക്കുന്ന ആനുകൂല്യങ്ങളേക്കാൾ കൂടുതൽ ഇളവ് നെൽകൃഷിക്ക് കൊടുക്കണം.

മറെറാരു കാര്യം രണ്ടാം വകുപ്പിൽ ക്ലാസ് (എ) യിൽ മററ് എല്ലാം പെടുത്തിയിട്ടുണ്ട്. പക്ഷെ കൊക്കോ പെടുത്തിയിട്ടില്ല. ഞാൻ കാർഷിക മേഖലയിൽനിന്ന് വരുന്ന ആളല്ല, കാർഷിക മേഖലയിൽനിന്ന് വരുന്ന എല്ലാ സുഹൃത്തുക്കളും തന്നെ കൊക്കോയെക്കുറിച്ച് പറയുകയുണ്ടായി. കൊക്കോയുടെ ഭാവിയെക്കുറിച്ച് സംശയമുള്ളവനല്ല ഞാൻ. എന്തെല്ലാം പറഞ്ഞാലും ആശ്വാസം കാണുന്ന നമ്മുടെ രാജ്യത്തിന് നല്ല ഭാവിയുള്ള ഒരു കാർഷികവിളയായിത്തീരും കൊക്കോ എന്നു വിശ്വസിക്കുന്നവനാണ് ഞാൻ. അത് ആകുന്നതുവരെ കൊക്കോകൂടി ഇതിൽ കൊടുത്തിരിക്കുന്ന എക്സംപ്ഷനിൽപ്പെടുത്തണം. ഈ സഭയിലുണ്ടാകുന്ന വാദകോലാഹലങ്ങളും പുറത്തുണ്ടാകുന്ന സംസാരങ്ങളുമെല്ലാം കൊക്കോകൃഷിക്കാരന്റെ മനസ് തളർത്തിയിരിക്കുകയാണ്.

<u>ശ്രീ. സി. എഫ്. തോമസ്:</u> ശ്രീ. ശങ്കരനാരായണൻ പറഞ്ഞു കൊക്കോ എല്ലാവരും കൃഷിചെയ്തു. ശ്രീ. ജോസ് കൂടിപറഞ്ഞ് പാവപ്പെട്ട കൃഷിക്കാരെക്കൊണ്ട് കൊക്കോ വയ്പിക്കാനാണോ ശ്രമിക്കുന്നത്.

<u>ശ്രീ. എ. സി. ജോസ്:</u> വളരെ ദൂരക്കാഴ്ചയില്ലാത്ത സംസാരമാണ് എന്റെ സ്നേഹിതൻ ശ്രീ. സി. എഫ്. തോമസ് നടത്തുന്നത്. ഞാൻ പറയുന്നത് കൊക്കോ ഒരു കൺസ്യൂമർ ഐറ്റം ആകുമെന്നാണ്. അങ്ങനെ ഉണ്ടാകണം എന്ന അഭിപ്രായക്കാരനാണ്. ഈ വർഷം വില കുറഞ്ഞതു കൊണ്ട് കച്ചവടം മോശമായിപ്പോകുമെന്ന അഭിപ്രായം എനിക്കില്ല. ഞാൻ വളരെ വിശദമായി ഇൻറർനാഷണൽ മാർക്കറിന്റെ സ്ഥിതിതന്നെ പഠിച്ച് നോക്കിയിട്ട് മറെറതിനേക്കാളും നല്ല വില കേരളത്തിൽ ഉണ്ടാകുമെന്ന അഭിപ്രായക്കാരനാണ്. ഘാനായിലേയും ആഫ്രിക്കയിലേയും ആളുകൾ കേരളീയരെക്കണ്ട് സംസാരിച്ചുകഴിഞ്ഞാൽ ആദ്യം ചോദിക്കുന്നത് നിങ്ങളുടെ കൊക്കോയുടെ സ്ഥിതി എന്തായി എന്നാണ്. അത്രമാത്രം പേടി നമ്മുടെ കൊക്കോയെക്കുറിച്ച് അവർക്കുണ്ട്. അതുകൊണ്ട് കൊക്കോയുടെ കാര്യം കൂടി ഒഴിവാക്കിക്കൊണ്ട് നടപടി സ്വീകരിച്ചാൽ ഈ രാജ്യത്തെ സാധാരണ ജനങ്ങളുടെ ഇൻറർകോപ്പായിത്തീരും എന്ന കാര്യം തീർച്ചയാണ്. അസെസ്മെൻറിന്റെ കാര്യം എം. പി. ഗംഗാധരൻ പറഞ്ഞു. അദ്ദേഹം പറഞ്ഞതുകൊണ്ടുമാത്രമായി അതു ഉപേക്ഷിക്കാൻ പാടില്ല. അസെസ്മെൻറിന്റെ കാര്യത്തിൽ തകരാറുണ്ട്. കൃഷിയെ സംബന്ധിച്ചാകുമ്പോൾ ഓരോ പ്രദേശത്തെ മാത്രമെടുത്താൽ പോര, ഓരോ കൃഷിക്കാരന്റെ ഭൂമിയും കൃത്യമായി കണക്കാക്കണം. കാരണം, മനുഷ്യനെപ്പോലെയാണ് കൃഷിയും. വിത്തുഗുണം പത്തു ഗുണം എന്നൊക്കെ പറയാറുണ്ടല്ലോ. ഒരു തെവച്ചാൽ മറെറാരു തെ വയ്ക്കുന്നതുപോലെയല്ല. യീൽഡിന്റെ കാര്യത്തിൽ കൂടുതൽ കുറവുണ്ടാകും. പ്രത്യേകിച്ചും നാളികേരത്തിന്റെ കാര്യത്തിൽ ജനറലൈസ് ചെയ്തുകൊണ്ടുള്ള അസെസ്മെൻറ് തെററാണ്. അത് യഥാർത്ഥത്തിൽ കൃഷിക്കാരന് ബുദ്ധിമുട്ടുണ്ടാക്കും. മററു കാര്യത്തിൽ നടത്തുന്നതുപോലെയുള്ള അസെസ്മെൻറ് കാർഷിക വിളകളുടെ കാര്യത്തിൽ ഉണ്ടാകരുത്. കാർഷികാദായ നികുതിയുടെ ഇൻസ്പെക്ഷൻ വിങ്ങ് ശക്തിപ്പെടുത്തണമെന്ന് വൈക്കം വാസുവും സൂചിപ്പിച്ചു. സാധിക്കുമെങ്കിൽ ദാക്ഷിണ്യപൂർവം എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലങ്ങളും സന്ദർശിച്ചുതന്നെ ഇക്കാര്യത്തിൽ കൃഷിക്കാർക്കുള്ള ബുദ്ധിമുട്ട് പരിഹരിക്കണം. (ഇന്ന് അതിന് ആളുകളും കുറവാണ്). ഇല്ലെങ്കിൽ കാർഷിക വിളകളും മാറിമാറി കൃഷിചെയ്യാൻ കൃഷിക്കാർ നിർബന്ധിതരാവുകയും ഇതിന്റെ ഉദ്ദേശം നശിക്കുകയും ചെയ്യും.

ചാരിറ്റബിൾ സ്ഥാപനങ്ങളെക്കുറിച്ചും ട്രസ്റ്റിനെക്കുറിച്ചും സൂചിപ്പിച്ചു. ശ്രീ. സി. എഫ്. തോമസ് പറഞ്ഞ അഭിപ്രായം എനിക്കില്ല. മതസ്ഥാപനങ്ങളും ട്രസ്റ്റുകളും നടത്തുന്ന ചാരിറ്റബിൾ സ്ഥാപനങ്ങളെ ഒഴിവാക്കുന്നതു നല്ലതാണ്. ഞാൻ റെപ്രസിഷനിംഗ് ആൻറ് അക്വിസിഷൻ നിയമത്തെക്കുറിച്ചു സംസാരിച്ചപ്പോൾ പറഞ്ഞു; നാട്ടിൽ പലതരം ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷനുകളും പൊങ്ങിവരുന്നുണ്ട്; അതിൽ പലതും പ്രത്യേകിച്ച് ട്രസ്റ്റുകൾ, ദുരുപയോഗത്തിനും നിയമത്തിൽ നിന്നും രക്ഷപെടാനും വേണ്ടി മനഃപൂർവം ഉണ്ടാക്കിയിട്ടുള്ളതാണ്. അത്തരം ട്രസ്റ്റുകളെയും ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷനുകളെയും മറ്റുള്ളവയെപ്പോലെ കാണണമെന്ന് ആരും പറയുകയില്ല. റിലീജിയസ് ട്രസ്റ്റുകൾ എന്നും മറ്റും പറഞ്ഞ് പല ട്രസ്റ്റുകളുണ്ടാക്കിയിട്ടുണ്ട്; നിയമത്തിൽനിന്നു രക്ഷപെടാനുള്ള മാർഗ്ഗങ്ങളാണവയെല്ലാം. അതുകൊണ്ട് ട്രസ്റ്റുകൾ സൂക്ഷ്മമായി പരിശോധിക്കാൻ ഏർപ്പാടുകളുണ്ടാകണം. ഇന്നു നിലവിലുള്ള ട്രസ്റ്റുകളധികവും തൊണ്ണൂറു ശതമാനവും എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്, കുടുംബങ്ങൾക്കുവേണ്ടിയും ബന്ധുമിത്രാദികൾക്കുവേണ്ടിയും മാത്രമാണ്. അത്തരം ട്രസ്റ്റുകളെ പരിപൂർണ്ണമായി ഒഴിവാക്കുന്ന ഏർപ്പാടുണ്ടാകരുത്.

ഇഞ്ചി ഒഴിവാക്കാമെങ്കിൽ ചുക്കിനും അതു ബാധകമാണ്. വില കിട്ടുന്നതിനുവേണ്ടി രണ്ടു ദിവസം വച്ചുകൊണ്ടിരുന്നു എന്നുള്ളതുകൊണ്ടുമാത്രം അക്കാര്യത്തിൽ മാറ്റം വരുത്തരുത്. ചുക്കുകൂടി എക്സംപ്ഷനിൽ ഉൾപ്പെടുത്തണമെന്നു ഞാനഭ്യർത്ഥിക്കുന്നു.

അച്ചടിപ്പിശകായിരിക്കാം, സ്റ്റേറ്റ്മെൻറ് ഓഫ് ഓബ്ജെക്റ്റ്സ് ആൻറ് റീസൺസിൽ എഴുതിയിട്ടുള്ളത് as a measure of relieving the distress of cultivators of crops like paddy, tapioca, plantains, ginger and all catch crops എന്നാണ്. Cash crops എന്നതിനു പകരം catch crops എന്നാണെഴുതിയിട്ടുള്ളത്. അച്ചടിപ്പിശകാണെങ്കിലും ബില്ലായതുകൊണ്ട് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.

റൗണ്ടിംഗ് ഓഫ് അത്ര കാര്യമായ ഒന്നല്ലെങ്കിലും സൂക്ഷിച്ചില്ലെങ്കിൽ ദുരുപയോഗപ്പെടുത്താനിടയുള്ളതാണ്. മൂലനിയമത്തിൽ 61 കഴിഞ്ഞ് വേറെ വകുപ്പില്ല. ഇപ്പോൾ പുതിയ വകുപ്പ് എഴുതിച്ചേർത്തിരിക്കുകയാണ്. എന്താണ് ഒരു വകുപ്പുകൊണ്ടുവന്ന് റൗണ്ടിംഗ് ഓഫ് ഉൾപ്പെടുത്താൻ കാരണമെന്ന് വ്യക്തമായിട്ടില്ല. ഇപ്പോഴത്തെ സാധാരണ ഗതിയിൽ കോടതിയിലായാലും നിയമ പുസ്തകങ്ങളിലായാലും റൗണ്ടിംഗ് ഓഫ് നടക്കുന്നുണ്ട്; ടാക്സിന്റെ കാര്യത്തിൽ പ്രത്യേകം പറയാനുള്ള കാരണം എന്തെന്ന് മനസ്സിലാകുന്നില്ല. മറ്റു രീതിയിൽ വ്യാഖ്യാനിച്ചു ദുരുപയോഗപ്പെടുത്തുമോ എന്നറിഞ്ഞുകൂടാ. അതുകൊണ്ട് 61 (എ) വേണ്ട രീതിയിൽ കുറച്ചുകൂടി ശുദ്ധീകരിക്കണം. ആ സെക്ഷൻ വേണ്ടെന്നു അഭിപ്രായക്കാരനാണ് ഞാൻ. അതില്ലാതെ തന്നെ ബഹുമാനപ്പെട്ട മന്ത്രി ഉദ്ദേശിക്കുന്ന കാര്യം എല്ലായിടത്തും ഇന്നു നടക്കുന്നുണ്ട്. അതുകൊണ്ട് എന്തിനാണ് ഈ സെക്ഷൻ എന്നതിനെപ്പറ്റി വിശദീകരണം കിട്ടിയാൽ കൊള്ളാം. ഒഴിവാക്കാവുന്നതാണ്,

LIBRARY ARCHIVES Kerala Legislative Assembly

രണ്ടു മൂന്നു കാര്യങ്ങൾ ആവർത്തിച്ചു പറയേണ്ടിയിരിക്കുന്നു. ഒന്ന് ഇൻസ്പെക്ഷന്റെ കാര്യം. പിന്നെ, പരിധിയുടെ കാര്യത്തിൽ ആനുകൂല്യം കൊടുത്തുവെന്ന് വിളിച്ചുപറയാൻ കഴിയുമെങ്കിലും യഥാർത്ഥത്തിൽ അത്രവലിയ ഗുണമൊന്നും കൃഷിക്കാരനു് അതുകൊണ്ടു് കിട്ടുകയില്ല. അതുപോലെ 6 രൂപ ചെലവു് വച്ചിരിക്കുന്നിടത്തു് യഥാർത്ഥത്തിൽ 60 രൂപയുണ്ടെങ്കിൽപോലും നടക്കുകയില്ല. കാസർകോടു് മുതൽ പാറശ്ശാലവരെ ഇതു് ഒരേ രീതിയിലല്ല. ഓരോ സ്ഥലത്തും വ്യത്യസ്തമാണു്. വ്യത്യസ്തമായ കണക്കുകൂട്ടൽ വേണം. ഇതിന്റെ അടിസ്ഥാനത്തിൽ ഇൻസ്പെക്ഷൻ നടത്തി നിശ്ചയിക്കുകയും അതുകൊണ്ടുള്ള ഗുണം കൃഷിക്കാരനു് ലഭ്യമാക്കുകയും വേണം; അങ്ങനെ, നിയമം നടപ്പിൽ വരുമ്പോഴേ കൃഷിക്കാരനു് ഗുണമുണ്ടാകുന്ന സംവിധാനം വേണം, എന്നഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ നിയമത്തെ അനുകൂലിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ. പി. പ്രഭാകരൻ]

ശ്രീമതി കെ. ആർ. സരസ്വതിയമ്മ: സർ, ഈ ബിൽ പൊതുജനാഭിപ്രായത്തിനു സർക്കുലേറ്റുചെയ്യണമെന്നാണെനിക്കഭിപ്രായപ്പെടാനുള്ളതു്. രണ്ടുമൂന്നു ഭാഗങ്ങളിലായി ചില ആനുകൂല്യങ്ങൾ കൃഷിക്കാർക്കു പ്രഖ്യാപിച്ചിട്ടുണ്ടു്. കൃഷിക്കാർക്കു് സാരമായ പ്രയോജനംചെയ്യാൻ കഴിവുള്ളവയാണു് അവയെന്നു് വിശ്വസിക്കാനാവില്ല. 2.8 കോടി ഹോൾഡിംഗ്സ് ഉണ്ടെന്നും അതിൽ 87 ശതമാനത്തോളം ഒരു ഹെക്ടറിൽത്താഴെയുള്ളതാണെന്നുമാണു് കണക്കു്. ഇവിടെ ഇളവു പ്രധാനമായി കൊടുത്തിട്ടുള്ളതു് 15,000 രൂപവരെ ആദായമുള്ളവർക്കാണു്. മുൻപു് 12,000 ആയിരുന്നു. മൂവായിരം രൂപ കൂടുതൽ വച്ചാൽ അതു് സാരമായ ആനുകൂല്യമാണെന്നു് ഞാൻ കരുതുന്നില്ല. ഈ ഇളവു വച്ചശേഷം കാർഷികമേഖലയിൽ വ്യത്യാസങ്ങളുണ്ടായിട്ടുണ്ടു്; വളത്തിന്റെകാര്യത്തിലായാലും കൂലിയുടെകാര്യത്തിലായാലും എല്ലാം ചെലവു വർദ്ധിച്ചിട്ടുണ്ടു്. 15,000 രൂപയെന്നുള്ളതു കുറേക്കൂടി ഉയർത്തണം. 20,000 വരെയെങ്കിലുമാക്കണം. ഫുഡ് പ്രോഡക്ട്സ്—നെല്ലു്, കപ്പ, ഇഞ്ചി ഇങ്ങനെയൊക്കെയുള്ളവ—ഒഴിവാക്കിയിട്ടുണ്ടു്. തീർച്ചയായും ഒഴിവാക്കണം. നെല്ലിനെസംബന്ധിച്ചിടത്തോളം ശ്രീ. ജോസു് പറഞ്ഞ അഭിപ്രായത്തോടു് ഞാൻ യോജിക്കുന്നു. നെൽപ്പാടങ്ങൾ നികത്തി വീടുവയ്ക്കുകയും തെങ്ങുവയ്ക്കുകയും മറ്റും ചെയ്യുന്ന പരിതഃസ്ഥിതിയാണു് നാട്ടിലുള്ളതു്. നെല്ലിനു് ഉപയോഗിക്കുന്ന വളത്തിനു മാത്രമല്ല മുഴുവൻ ഫുഡ്പ്രോഡക്ട്സിന്റെ കാര്യത്തിലും വളത്തിന്റെ ചെലവു് ആദായനികുതിയിൽനിന്നും ഒഴിവാക്കണം. സാധാരണയായി നെല്ലു് വളരെയധികം ഉൽപ്പാദിപ്പിച്ചിരുന്ന സ്ഥലങ്ങൾ ഇന്നു് അങ്ങനെയല്ലാത്ത പരിതഃസ്ഥിതി വന്നിരിക്കുന്നു. ഞങ്ങളുടെയൊക്കെ സ്ഥലത്തു്, മദ്ധ്യതിരുവിതാംകൂറിൽ, കരിമ്പുണ്ടു്, അതിനെപ്പറ്റി ബഡ്ജറ്റിൽ ഒന്നും പറഞ്ഞിട്ടില്ല. അഗ്രിക്കൾച്ചറൽ ഇൻസ്പെക്ടർമാരുടെകാര്യത്തിൽ പറഞ്ഞിട്ടില്ല; നിയമത്തിൽ പറഞ്ഞിട്ടില്ല. അതിനും ഈ നിയമം ബാധകമാക്കണം. പച്ചക്കപ്പയുടെ കാര്യം പറഞ്ഞു. ഈ രാജ്യത്തു് പച്ചക്കപ്പയ്ക്കു് നികുതികൊടുക്കുന്ന എത്രയാളുകളുണ്ടെന്നു് കണക്കെടുത്തിട്ടുണ്ടോ? വെറും തുച്ഛമായ എണ്ണമേ കാണുകയുള്ളു. അതും തുച്ഛമായ സംഖ്യ കൊടുക്കുന്നവർ.

സർ, ഈ കാർഷികാദായനികുതി ഇളവുചെയ്യുന്ന അവസരത്തിൽ എത്ര പേർക്കു് ഗുണംകിട്ടുമെന്നുള്ളകാര്യം നോക്കണം. നമ്മളെസംബന്ധിച്ചിടത്തോളം അതിന്റെ കണക്കെടുക്കാൻ സാധിച്ചിട്ടില്ല. ഇതെല്ലാം കണക്കിലെടുത്തുകൊണ്ടാണു് 2.8 കോടി ഹോൾഡിംഗ്സ് ഉള്ള ഈ രാജ്യത്തു് 87 ശത

LIBRARY ARCHIVES Kerala Legislative Assembly

മാനം ആളുകൾ ഒരു ഹെക്ടറിൽ താഴെ ഉള്ളവരാണെന്നുള്ളതുകൊണ്ട് ഈ നിയമത്തിന്റെ പ്രയോജനം കിട്ടുന്നവർ തുച്ഛമാണ്. തീർച്ചയായും ഈ നികുതി ഇളവ് സാർവ്വത്രികമായി പ്രയോജനപ്പെടുന്നില്ലെന്നു ഞാൻ പറയുന്നു. തെങ്ങ്, കവുങ്ങ്, കുരുമുളക് തുടങ്ങിയ ഭക്ഷ്യവിളവുകളെപ്പറ്റി ഇവിടെ പറഞ്ഞു. അത് നാണ്യവിളകളാണെന്നു പറഞ്ഞാലും തെങ്ങിനെസംബന്ധിച്ചിടത്തോളം പറയുമ്പോൾ തെങ്ങ് ഈ രാജ്യത്ത് വെട്ടിമാറുന്ന സമീപനമാണ് കാണാൻ സാധിക്കുന്നത്. അതിന്റെ അർത്ഥം ഈ രാജ്യത്ത് തെങ്ങിൽനിന്നും ഉള്ള വിളവ് കുറഞ്ഞുകൊണ്ടിരിക്കുകയാണ് എന്നുള്ളതാണ്. 75 രൂപ വെട്ടിമാറ്റുന്ന തെങ്ങിന് കൊടുക്കും. പുതുതായി വയ്ക്കാൻ തൈയും കൊടുക്കുമെന്നു പറയുന്നുണ്ട്. അങ്ങനെയുള്ള പ്രത്യേക സാഹചര്യത്തിൽ തെങ്ങിനും കരിമ്പിനുമെല്ലാം ഈ ഇളവ് ബാധകമാക്കണമെന്നഭ്യർത്ഥിക്കുകയാണ്.

സർ, മതസ്ഥാപനത്തെപ്പറ്റി പറയുമ്പോൾ വളരെയധികം ആശങ്കയോടുകൂടിയാണ് ഞാൻ ആ ക്ലോസ്സിനെ വീക്ഷിക്കുന്നത്. മതവിശ്വാസമുള്ള കൂട്ടത്തിലാണ് ഞാൻ. അപ്പുറത്തുനിന്നും വളരെയധികം ഒച്ചപ്പാടുകൾ ഇതിനെക്കുറിച്ച് ഉണ്ടായി. ബഹുമാനപ്പെട്ട ആ സുഹൃത്തുക്കളോട് കേരള രാഷ്ട്രീയചരിത്രത്തിന്റെ ഏടുകൾ അല്പം പിന്നോട്ട് മറിച്ചുനോക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഒരുകാലത്ത് ഈ രാജ്യത്ത് ഭൂനിയമം കൊണ്ടുവന്ന അവസരത്തിൽ സ്വന്തം ഭൂമികളെ രക്ഷിക്കുന്നതിനു വേണ്ടി ട്രസ്റ്റുകളായി മാറിയ പാരമ്പര്യം നിലനിൽക്കുന്നുണ്ട്. ട്രസ്റ്റുകളെക്കുറിച്ച് പറയുമ്പോൾ ആശങ്കപ്പെടുന്നത് അസ്ഥാനത്തായിരിക്കുമെന്ന് കരുതാൻ നിവൃത്തിയില്ല. ഈ ട്രസ്റ്റുകളുടെകാര്യം അൽപം കൂടി സൂക്ഷിച്ച് കൈകാര്യംചെയ്യണമെന്നുള്ള അഭിപ്രായമുണ്ട്. സാക്ഷാൽ ട്രസ്റ്റ് ആണെങ്കിൽ ആ ട്രസ്റ്റിന്റെ പർപ്പസ്സിനുവേണ്ടിത്തന്നെ ഉപയോഗിക്കുന്നതാണെങ്കിൽ ഈ വകുപ്പനുസരിച്ചുള്ള ആനുകൂല്യങ്ങൾ ചെയ്യേണ്ടെന്നു പറയാൻ സാധിക്കുകയില്ല. പക്ഷെ ട്രസ്റ്റിലൂടെ മുതലെടുപ്പു നടത്തുന്ന ഒരു സമീപനം നമ്മുടെ രാജ്യത്ത് ഉള്ളതുകൊണ്ട് അതിനെ പ്രത്യേകം വീക്ഷിക്കണമെന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

സർ, ഇവിടെ ഭൂമിക്ക് വിവിധയിനം നികുതികൾ ഉണ്ട്. നാലഞ്ച് നികുതികൾ ഭൂമിയെ ബാധിക്കുന്നത് ഉണ്ട്. ശ്രീ. കെ. എം. മാണി ഈ നിയമം കൊണ്ടുവന്നത് നല്ല ഉദ്ദേശത്തോടുകൂടിയാണെന്ന് ഞാൻ വിശ്വസിക്കുയാണ്. എന്നാൽ ചില ഉപാധികൾക്ക് വിധേയമായി മാത്രമേ അദ്ദേഹത്തിന് നിയമം കൊണ്ടുവരാൻ കഴിഞ്ഞിട്ടുള്ളു. നിയമത്തിൽ വന്നിട്ടുള്ള വൈകല്യമാണ് അതിന് കാരണമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. ഒരുകാലത്ത് ഞങ്ങളെല്ലാവരുംകൂടി ഒരുമിച്ച് കേരളാ കോൺഗ്രസ്സുകാരായി ഇരുന്നിട്ടുള്ളകാര്യം ഞാൻ ഓർക്കുകയാണ്. ആ അവസരത്തിൽ കർഷകന്റെ നികുതിഭാരം കുറയ്ക്കുമെന്നും പ്രയാസങ്ങൾ നേരിട്ട് കൈകാര്യം ചെയ്യുമെന്നും ഉള്ള സുശക്തമായ ഒരു ദൃഢപ്രതിജ്ഞയോടുകൂടിയാണ് കേരളാകോൺഗ്രസ് രംഗത്തുവന്നിട്ടുള്ളത്. കർഷകന് കൂടുതൽ ബാദ്ധ്യതകൾ ഉണ്ടാക്കിക്കൊണ്ട് കൂടുതൽ നികുതികൾ ചുമത്തുന്ന സമ്പ്രദായം ഉപേക്ഷിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

സർ, ഏറ്റവും ഒടുവിൽ റൗണ്ടിംഗ് ഓഫ് എന്നു പറഞ്ഞതിൽ എനിക്ക് അൽപം ആശങ്ക ഉണ്ട്. ഏതുകാര്യത്തെസംബന്ധിച്ചിടത്തോളവും മുമ്പിനാലെതന്നെ അങ്ങനെ ചെയ്തുവരുന്ന കാര്യമാണ്. അതിന് പ്രത്യേക

LIBRARY ARCHIVES Kerala Legislative Assembly

മായ വ്യവസ്ഥ ആവശ്യമാണെന്ന് തോന്നുന്നില്ല. അതുകൊണ്ട് ആ വ്യവസ്ഥയെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി വിശദീകരണം നൽകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

സർ, ഈ രാജ്യത്ത് മറ്റുചില അഭിപ്രായഗതികളും പൊന്തിവന്നിട്ടുണ്ട്. ഇവിടെ കർഷകനു വളരെയധികം ആനുകൂല്യങ്ങളും ചെയ്തിട്ടുണ്ടെന്നും ഇടതുപക്ഷഗവൺമെന്റ് അവകാശപ്പെടുകയാണ്. കർഷകർക്ക് വായ്പ കൊടുത്തത് തിരിച്ചടയ്ക്കുന്നകാര്യത്തിൽ പലിശ ഇളവ് തുടങ്ങിയ ചില ആനുകൂല്യങ്ങളും കൊടുത്തിട്ടുണ്ടെന്നും അവകാശപ്പെടുമ്പോഴും അവർക്ക് അനുഭവവേദ്യമല്ലാത്ത നാമമാത്രമായ കാര്യങ്ങളാണ് ഈ ഗവൺമെന്റിൽ നിന്നും ലഭിക്കുന്നതെന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. അതിനുള്ള വസ്തുത ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. മറ്റ് അയൽ രാജ്യങ്ങളിൽ കോടിക്കണക്കിനു രൂപാ വായ്പ ഇനത്തിലും മറ്റും കർഷകർ കൊടുക്കാനുള്ളത് എഴുതി തള്ളുന്ന അവസരത്തിൽ ഇവിടെ കേവലം ഒന്നോ രണ്ടോ ശതമാനം നികുതി കുറവുചെയ്തുകൊണ്ട് കർഷകർക്ക് ആനുകൂല്യങ്ങൾ ചെയ്തെന്ന് പറയാൻ ലജ്ജയില്ലേ? രാഷ്ട്രീയമായ കാരണങ്ങളൊന്നും കൂടാതെതന്നെ ഈ രാജ്യത്തെ കർഷകനാണ് രാജ്യത്തിന്റെ നട്ടെല്ലെന്നുള്ളത് മനസ്സിലാക്കിക്കൊണ്ട് മറ്റ് യാതൊരുവിധത്തിലും ആനുകൂല്യങ്ങൾ ലഭിക്കാത്ത ഈ കർഷകനെ വളർത്തിയെടുത്തെങ്കിൽമാത്രമേ നമ്മുടെ രാജ്യത്തെ ഭക്ഷ്യോൽപ്പാദനം വിജയിക്കയുള്ളൂ. ജനസംഖ്യയിൽ 80 ശതമാനത്തിൽപ്പരം വരുന്ന കർഷകർക്ക് ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുന്ന കാര്യത്തിൽ കുറേക്കൂടി താൽപ്പര്യപൂർവ്വം മുന്നോട്ടുവരണമെന്നഭ്യർത്ഥിക്കുകയാണ്. അതുകൊണ്ടാണ് ഈ നിയമം പബ്ലിക്ക് ഒപ്പീനിയനുവേണ്ടി സർക്കുലേറ്റ്ചെയ്തുകൊണ്ട് അവരുടെ അഭിപ്രായംകൂടി ആരാഞ്ഞുകൊണ്ടുവേണം പാസാക്കാൻ എന്നു പറഞ്ഞത്. പലകാര്യങ്ങളിലും വ്യത്യാസംവരുത്തിക്കൊണ്ടുവേണം ഇതു നിയമം ആക്കേണ്ടത്. കൂടുതൽ ആനുകൂല്യങ്ങൾ കർഷകന് ലഭിക്കണം.

ഈ രാജ്യത്തെ നാണ്യവിളകളെസംബന്ധിച്ചിടത്തോളം പറഞ്ഞില്ലെങ്കിലും കൊക്കോയെസംബന്ധിച്ചിടത്തോളം അൽപ്പം പറയാനുണ്ട്. ആ കാര്യത്തിൽ ഞാൻ ശ്രീ. ജോസിന്റെ അഭിപ്രായത്തോട് യോജിക്കുകയാണ്. കൊക്കോ ഈ രാജ്യത്ത് വളർന്നുവരേണ്ട കൃഷിയാണ്. സംസ്കരണശാലകളും ഉണ്ടാകുമ്പോൾ കൊക്കോയുടെ വില കൂടും. അങ്ങനെ കൊക്കോ കൃഷി വർദ്ധിക്കണമെന്നുണ്ടെങ്കിൽ അതിനുകൂടി നികുതി ഇളവ് അനുവദിച്ചുകൊണ്ട് അത് കൃഷിചെയ്യുന്നതിന് ആളുകളെ പ്രേരിപ്പിക്കണമെന്നുള്ളതാണ് എന്റെ അഭിപ്രായം. ഈ ബിൽ പബ്ലിക്ക് ഒപ്പീനിയനു സർക്കുലേറ്റ്ചെയ്യണമെന്നുള്ള അഭിപ്രായം രേഖപ്പെടുത്തിക്കൊണ്ട് എന്റെ വാക്കു ഉപസംഹരിക്കുന്നു.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഈ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. എന്നാൽ ഇവിടെ നിലക്കടലയേയും പരുത്തിയേയും വിട്ടിരിക്കുകയാണ്. പ്രത്യേകിച്ച് ചിറ്റൂരിലും മണ്ണാർക്കാട്ട് താലൂക്കിലും മാത്രമേ ഈ കൃഷി ഉള്ളൂ. അതുതന്നെ വളരെ നഷ്ടത്തിലാണ് നടക്കുന്നതെന്നുള്ള കാര്യം ഡിപ്പാർട്ടുമെന്റും സമ്മതിച്ചിട്ടുള്ളതാണ്. അതുംകൂടി നികുതിയിൽനിന്നും ഒഴിവാക്കാൻ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ശ്രദ്ധിക്കണമെന്നഭ്യർത്ഥിക്കുകയാണ്.

സർ, റിട്ടേൺ സമർപ്പിക്കുന്നകാര്യത്തിൽ ജൂൺ 1-ാം തീയതിക്കുമുമ്പായി റിട്ടേൺ സമർപ്പിക്കണമെന്നാണ്. സത്യസന്ധരായ കൃഷിക്കാർക്ക് എന്തെങ്കിലും കാരണവശാൽ 30-ാം തീയതിക്കുമുമ്പ് റിട്ടേൺ സമർപ്പിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

സാധിച്ചില്ലെങ്കിൽ അതിന് സമയം നീട്ടിക്കൊടുക്കാൻ ഈ ഓഫീസർക്ക് അധികാരമില്ല. കള്ളത്തരംചെയ്യുന്ന വല്ല കൃഷിക്കാരനും ഓഫീസർതന്നെ അസസ്മെന്റ് എടുക്കുകയാണെങ്കിൽ ആഗസ്റ്റിലോ മാർച്ചിനുമുമ്പോ കൊടുത്താൽ അടുത്ത സാമ്പത്തികവർഷം വരെ നീട്ടിക്കൊടുക്കാൻ ഓഫീസർക്ക് അധികാരമുണ്ട്. അതുകൊണ്ട് ഇത് ഒഴിവാക്കാൻ ശ്രദ്ധിക്കണം. റിട്ടേൺ കൊടുക്കുന്നകാര്യത്തിൽ സത്യസന്ധമായി ചെയ്യുന്ന ആളുകൾക്ക് ആനുകൂല്യം കിട്ടുകയില്ല. അല്ലാത്ത ആളുകൾക്ക് ആനുകൂല്യം കിട്ടുന്ന സമ്പ്രദായം ഉണ്ട്. അത് മാറ്റി എടുക്കാൻ കഴിയണം.

അതുപോലെതന്നെ ട്രസ്റ്റികളുടെ കാര്യം എടുക്കുമ്പോൾ ഞങ്ങളുടെ നാട്ടിൽത്തന്നെ ട്രസ്റ്റികൾ ധാരാളം ഉണ്ടായിട്ടുണ്ടെന്നുള്ളതാണ് വസ്തുത. ട്രസ്റ്റികൾ നടത്തുമ്പോൾ അത് ഒരു സംഖ്യയും ചെലവ് ചെയ്യുകയില്ല. കണ്ണിവച്ചുകൊടുക്കുന്ന സ്ഥാപനങ്ങളാണ്. അത് ഒരു പൈസയും ചെലവാക്കുകയില്ല. പക്ഷെ കണക്കെഴുതി എടുക്കും. അത് ആഡിറ്റ് ചെയ്യാനുള്ള സൗകര്യംപോലും ഇതുപ്രകാരം ഉണ്ടാകുന്നില്ല. അതുകൊണ്ട് കണക്ക് ബോദ്ധ്യപ്പെടുത്താൻ സാധിക്കുകയില്ല. റിട്ടേൺ കൊടുക്കാൻ ഈ വകുപ്പുപ്രകാരം യാതൊരു അധികാരവും ഈ ഓഫീസർക്ക് ഇല്ല. അതുകൂടി ശ്രദ്ധിക്കണം.

നെൽക്കൃഷിക്കാരെസംബന്ധിച്ചിടത്തോളവും മറ്റും ധാരാളം കേസുകൾ പെൻറിംഗിൽ ഉണ്ട്. അഞ്ചും എട്ടും അംഗങ്ങളുള്ള കുടുംബങ്ങളിൽ പത്തും പന്ത്രണ്ടും ഏക്കർ സ്ഥലമുണ്ടായിരിക്കും. 300 പറ നെല്ലാണ് വച്ചിട്ടുള്ളത്. അതായത് 1668 കിലോഗ്രാം. 300 മേനി വിളയുന്ന സ്ഥലം കാണുകയില്ല. അങ്ങനെ ഒരിക്കലും കിട്ടുകയില്ലെന്നുള്ളതുകൊണ്ട് അനേകം കേസുകൾ ഇന്നും ഹൈക്കോടതിയിലും മറ്റും കിടക്കുകയാണ്. അതിനെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം ശ്രദ്ധിച്ചാൽ അതിൽ നിന്നും അനേകം ആളുകൾക്ക് രക്ഷപ്പെടാൻ കഴിയും. ഇങ്ങനെയുള്ള ആളുകൾക്ക് പതിനായിരവും ഇരുപതിനായിരവും രൂപ ടാക്സ് ചുമത്തിയാൽ പ്രയാസമാണ്. ബഹുമാനപ്പെട്ട മന്ത്രിതന്നെ ഞാൻ പറഞ്ഞിട്ട് ചില കേസുകളിൽ സ്റ്റേ കൊടുത്തിട്ടുണ്ട്. യാതൊരു വരുമാനവുമില്ലാത്ത ആളുകളാണ്. പല കാരണങ്ങൾകൊണ്ടും ഉദ്യോഗസ്ഥൻമാരുടെ താൽപ്പര്യംകൊണ്ടുംമറ്റും ഈ കേസ് പെൻറിംഗിൽ കിടക്കുകയാണ്.

സർ, എന്റെ ജില്ലയിലെ ചിറ്റൂർ താലൂക്കിനേയും ആലത്തൂർ താലൂക്കിനേയും പ്രത്യേകം കണ്ടിരിക്കുകയാണ്. ആലത്തൂരിൽ കുറവും ചിറ്റൂരിൽ കൂടുതലുമാണ് ടാക്സ് ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ളത്. അത് ശരിയല്ല. ചിറ്റൂരിൽ വളരെക്കാലമായി ഇറിഗേഷൻ ഉള്ളതാണ്. ആലത്തൂരിൽ വളരെ അടുത്തകാലത്താണ് വെള്ളത്തിന്റെ സൗകര്യം വന്നത്. അവിടെ ഇപ്പോൾ ഉൽപ്പാദനം കൂടിവരികയാണ്.* ചിറ്റൂരിലും ആലത്തൂരിലും രണ്ടുതരത്തിലുള്ള നികുതി ഏർപ്പെടുത്തിയിരിക്കുന്നത് നീതികേടായ പ്രവർത്തനമാണ്. അത് ഒഴിവാക്കാനുള്ള ശ്രമം നടത്തണം. മൊത്തത്തിൽ നിലക്കടലയുടെയും പരുത്തിയുടേയും കാര്യംകൂടി ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം ശ്രദ്ധിച്ച് നികുതിയിൽനിന്നും ഒഴിവാക്കണമെന്ന ഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. പി. സീതിഹാജി: സർ, ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഭരണകക്ഷികളിൽനിന്ന് പ്രസംഗിച്ചവർ കർഷകന് വലിയ ആനുകൂല്യം ചെയ്തുകൊടുത്തിരിക്കുന്നുവെന്ന് പറയുകയുണ്ടായി. എന്താണ് ചെയ്തത്? 1960-ൽ അയ്യായിരം രൂപയ്ക്ക് അഗ്രിക്കൾച്ചറൽ ഇൻകം

LIBRARY ARCHIVES Kerala Legislative Assembly

ടാക്സ് ഉണ്ടായിരുന്നു. ഇന്ന് പതിനയ്യായിരം രൂപയായി വർദ്ധിപ്പിച്ചു. ഇന്നത്തെ സാധനങ്ങളുടെ വിലക്കയറ്റവും മറ്റും കണക്കിലെടുക്കുമ്പോൾ ഇത് മതിയോ? കർഷകന് ആനുകൂല്യംചെയ്തുകൊടുക്കാൻ ഗവൺമെൻറിന് ആഗ്രഹമുണ്ടെങ്കിൽ ധനകാര്യമന്ത്രി കൊണ്ടുവന്ന പ്ലാൻറേഷൻ ടാക്സ് ഉണ്ടല്ലോ. പത്ത് ഏക്കർവരെയുള്ളവരെ നികുതിയിൽനിന്ന് ഒഴിവാക്കിയതുപോലെ പത്ത് ഏക്കർ ഉള്ളവരെയെല്ലാം അഗ്രിക്കൾച്ചറൽ ഇൻകംടാക്സിൽനിന്ന് ഒഴിവാക്കണം. ഉദ്യോഗസ്ഥൻമാർ കണക്കാക്കുന്നത് എങ്ങനെയാണ്? ഇരുനൂറ് രൂപയാണ് ഒരു ഏക്കർ കൃഷിചെയ്യാനായി ഉദ്യോഗസ്ഥൻമാർ ചെലവ് കണക്കാക്കുന്നത്. ധനകാര്യമന്ത്രിക്ക് 500 രൂപ തരാം ഒരു ഏക്കർ കൃഷിചെയ്തുതരാമോ? ഇവിടെ സർക്കാരിൻറെ തൊഴിലാളികളുടെ മിനിമംകൂലി 8 രൂപ 90 പൈസയാണ്. 22 രൂപയും ഉച്ചയ്ക്ക് ചോറും വൈകിട്ട് ഒരു പാക്കറ്റ് സിഗററ്റും കൊടുത്താലും തൊഴിലാളികളെ കിട്ടുകയില്ല. ഇതൊന്നും കണക്കിലെടുക്കുന്നില്ല. ശ്രീ. കുര്യൻ ചോദിച്ചു പതിനയ്യായിരം രൂപയുള്ളവർ വലിയ മുതലാളിമാരല്ലേയെന്ന്. പതിനയ്യായിരം രൂപ എവിടെയാണ് കിട്ടുന്നത്. അശാസ്ത്രീയമായ അസസ്മെൻറ് ആണ്. കൃഷിക്കാർക്ക് രണ്ടായിരം രൂപ പോലും കിട്ടുകയില്ല. ശ്രീ. ഗംഗാധരൻ പറഞ്ഞു ടാർജറ്റ് കൊടുക്കാൻ. മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിൽ എത്രയാണ്? ബഹുമാനപ്പെട്ട മന്ത്രി ഈ കേസ്സുകളിൽ തീരുമാനിക്കാനുള്ള നിർദ്ദേശം കൊടുക്കുമോ? പതിനഞ്ചും ഇരുപതും കൊല്ലമായി അഗ്രിക്കൾച്ചറൽ ഇൻകംടാക്സിനെസംബന്ധിച്ച് അപ്പീൽ പോയിട്ട് അവിടെ കെട്ടിക്കിടക്കുകയാണ്. അവർ അസസ് ചെയ്യുന്നത് എങ്ങനെയാണ്. പാവപ്പെട്ട കൃഷിക്കാരെൻറനേരെ ജപ്തിക്ക് വരികയാണ്. റവന്യൂ റിക്കവറിക്ക് ഇവിടെ വന്നാൽ കൊടുക്കുന്നത് രണ്ടുമാസം. പിന്നേയും വരുന്ന ആൾ രണ്ടുമാസം കൊടുക്കും. മന്ത്രിയെത്തന്നെ കാണണം. അപ്പീൽ കൊടുത്തിട്ടുണ്ടെങ്കിൽ ആ റവന്യൂറിക്കവറി സ്റ്റേചെയ്തുകൊടുക്കണം. കൃഷിക്കാരെ ഒരുഭാഗത്തുനിന്ന് ദ്രോഹിക്കുന്നുണ്ട്. എന്നിട്ട് പതിനയ്യായിരം കൊടുത്തില്ലേയെന്നു പറയുന്നു. പതിനയ്യായിരം രൂപ ആർക്കും കിട്ടിയിട്ടില്ല. ഈ രാജ്യത്തെ നട്ടെല്ല് ഒടിഞ്ഞ കൃഷിക്കാരെ സഹായിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാർ തയ്യാറാകണം. പാലക്കാട് ജില്ലയിൽനിന്ന് ജയിച്ചുവന്നതാണ്. കൃഷിക്കാരുടെ സ്ഥിതി അദ്ദേഹത്തിന് നല്ലവണ്ണം അറിയാം.

ശ്രീ. പി. ആർ. ശിവൻ: കൃഷിക്കാർ ബുദ്ധിമുട്ട് അനുഭവിക്കുന്നതിൻെറ പ്രധാനകാരണം രാസവളങ്ങളുടെ വിലവർദ്ധനവുകൊണ്ടാണ്. അതുകൊണ്ട് ശ്രീ. സീതിഹാജി വടക്കോട്ട് പോകുമ്പോൾ രാസവളങ്ങളുടെ വില കുറയ്ക്കാൻ ശ്രീമതി ഇന്ദിരാഗാന്ധിയോട് പറയാൻ ദയവുണ്ടാകുമോ?

ശ്രീ. പി. സീതിഹാജി: തെക്കുള്ള ഗവൺമെൻറിനോടാണ് പറയുന്നത്. ശ്രീമതി ഇന്ദിരാഗാന്ധി കയറ്റിയിരിക്കുന്നതിൻെറ മേലുള്ള സെയിൽസ്ടാക്സ് ഉണ്ടല്ലോ. അത് പിൻവലിക്കാൻ തയ്യാറുണ്ടോ? തമിഴ്നാട് ഗവൺമെൻറും പോണ്ടിച്ചേരി ഗവൺമെൻറും കർണ്ണാടക ഗവൺമെൻറും കൃഷിക്കാർക്ക് വളത്തിന് സബ്സിഡി കൊടുക്കുന്നു. നിങ്ങൾക്ക് കൊടുത്താൽ എന്താണ്? നിങ്ങൾ കൊടുത്തോ? പെട്രോൾ ഉൽപ്പന്നങ്ങൾക്ക് വിലവർദ്ധനവുണ്ടായി. ഇടതുപക്ഷം ഭരിക്കുന്ന ബംഗാളിൽ ബസ്ചാർജ് കൂടാതെ അതിന് സബ്സിഡി കൊടുത്തു. ഈ ഗവൺമെൻറ് ഇതൊന്നും ചെയ്യുന്നില്ല. ഞങ്ങൾ ശ്രീ. നായനാർ ഭരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറിൻെറ കുറ്റങ്ങളും കുറവുകളും പറയാനാണ് വന്നത്. ശ്രീമതി ഇന്ദിരാഗാന്ധിയോട് പറയാൻ ജോതിർമയിബാസുവിനോട് പോയി പറഞ്ഞാൽ മതി. ഇവിടത്തെ കാര്യങ്ങളും ഞങ്ങളും നോക്കിക്കൊള്ളാം. കൃഷിക്കാരൻെറ പേരിൽ മുതലക്കണ്ണീർ പൊഴിക്കുന്ന നിങ്ങളും പാവപ്പെട്ട കൃഷിക്കാർക്കുവേണ്ടി എന്തുചെയ്തു? ഈ തട്ടിപ്പൊന്നും അധികനാളും നടക്കുകയില്ല ശിവാ.

ശ്രീ. സി. ബി. സി. വാര്യർ: ഇതിനകത്ത് നെൽക്കൃഷിക്കാരെയും കപ്പക്കൃഷിക്കാരേയും പൂർണ്ണമായും ഒഴിവാക്കിയില്ലേ? അത് കൃഷിക്കാരെ സഹായിക്കുന്ന നടപടിയല്ലേ?

ശ്രീ. പി. സീതിഹാജി: നിങ്ങളും ഒഴിവാക്കിയില്ലെങ്കിലും ജനങ്ങളും ഒഴിവാക്കിക്കൊണ്ടിരിക്കുകയാണ്. നിങ്ങളുടെ സൗജന്യംകൊണ്ട് ഒന്നുമല്ല. സകല വയലുകളിലും തെങ്ങുവച്ച് പിടിപ്പിച്ചു. കാരണം എന്താണ് കൃഷിക്കാരെ സഹായിക്കാത്തതുകൊണ്ടല്ലേ? നെല്ല് അറുക്കാൻ കഴിയുകയില്ല, വിത്ത് ഇറക്കാൻ കഴിയുകയില്ല, കിടന്ന് ഉറങ്ങാൻ കഴിയുകയില്ല. അതിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ഇതെല്ലാം ഗവൺമെൻറിൻെറ കൊള്ളരുതായ്മകൊണ്ട് വന്നതാണോ? ജനങ്ങളും പേടിച്ചുപോയി. അരി വാങ്ങി തിന്നാൽ മതിയല്ലോ.

ശ്രീ. സി. ബി. സി. വാര്യർ: അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് ആക്ടിൻെറ പരിധിയിൽനിന്ന് നെൽക്കൃഷിക്കാരെയും കപ്പക്കൃഷിക്കാരെയും ഒഴിവാക്കിയത് കൃഷിക്കാർക്ക് സഹായമാണ്, സൗജന്യമാണ് എന്ന് സീതിഹാജി കരുതുന്നുണ്ടോ?

ശ്രീ. പി. സീതിഹാജി: ഇത് സൗജന്യമല്ല. നിങ്ങളും അവരുടെമേൽ ടാക്സ് വച്ചാൽ കിട്ടാൻ പോകുന്നില്ല. നെൽക്കൃഷി ചെയ്താൽ അതിൽ നിന്ന് ആദായമുണ്ടാക്കാൻ കഴിയുമോ? കപ്പ കൃഷിചെയ്താൽ അതിൽ നിന്ന് ആദായമുണ്ടാക്കാൻ കഴിയുമോ? നിങ്ങൾക്ക് റവന്യൂറിക്കവറിയുമായിട്ട് നടക്കാമെന്നല്ലാതെ ഒന്നിനും പറ്റുകയില്ല. ഗത്യന്തരമില്ലാതെവന്നപ്പോൾ ചെയ്തതാണ്. ശ്രീ. മാണിക്ക് കൃഷിക്കാരെ സഹായിക്കണമെന്നുണ്ട്. നല്ല മനുഷ്യനാണ്. ഇടതുപക്ഷത്തിൻെറ സ്വഭാവംവിട്ട് സ്വതന്ത്രമായിട്ട് അദ്ദേഹം ചിന്തിക്കണം. ഈ രാജ്യത്തെ കൃഷിക്കാരൻ സംസ്ഥാനത്തിനുവേണ്ടി പാടുപെടുന്നവനാണ്. പത്ത് ഏക്കർവരെ യാതൊരു അഗ്രിക്കൾച്ചറൽ ഇൻകംടാക്സും കെട്ടുകയില്ലെന്ന് പറയണം.

ശ്രീ. സി. ബി. സി. വാര്യർ: പതിനയ്യായിരം രൂപവരെ ഒഴിവാക്കിയല്ലോ? ഏക്കറിന് 1,500 രൂപയിൽ കൂടുതൽ വരുമാനം കിട്ടുമെന്നാണോ ശ്രീ. ഹാജി പറയുന്നത്?

ശ്രീ. പി. സീതി ഹാജി: ശ്രീ. വാര്യർക്ക് ഞാൻ പറഞ്ഞത് മനസ്സിലായില്ല. വെളുക്കുന്നതുവരെ രാമായണം വായിച്ചിട്ട് വെളുക്കുമ്പോൾ 'രാമൻ സീതയ്ക്ക് എപ്പടി' എന്നു ചോദിക്കുന്നതുപോലെയാണ്. പതിനയ്യായിരം രൂപ കണക്കാക്കുന്നത് ശ്രീ. കെ. എം. മാണിയുടെ ഉദ്യോഗസ്ഥനാണ്. കൃഷിക്കാരനു ആദായം കിട്ടുന്നില്ല. നിങ്ങളുടെ അശാസ്ത്രീയമായ അസസ്മെൻറിൻെറ ഫലമായി പതിനയ്യായിരം രൂപ കിട്ടുന്നുവെന്നാണ് പറയുന്നത്. അഞ്ച് ഏക്കർ പത്ത് ഏക്കർ വരെ ഒഴിവാക്കിക്കൊടുത്തോ. അതിൻെറ ആദായം കിട്ടട്ടെ. നിങ്ങൾ കണക്കാക്കിയതാണ് പതിനയ്യായിരം കിട്ടുമെന്ന്. പതിനയ്യായിരം കിട്ടുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ആർ. ശിവൻ: നാളെ ശ്രീ. സീതിഹാജി മന്ത്രിയായി എന്നിരിക്കട്ടെ. ധനകാര്യമന്ത്രിയുടെ ചുമതലയും കിട്ടി. അപ്പോൾ ഇതെല്ലാം അസസ്സ്ചെയ്യാൻ ശ്രീ. സീതിഹാജി നേരിട്ട് പോകുമോ? അതോ ഉദ്യോഗസ്ഥൻമാരെ വിടുമോ?

ശ്രീ. പി. സീതിഹാജി: ഞാൻ മന്ത്രിയായാൽ ഉദ്യോഗസ്ഥൻമാരെ മണിക്കൂറുവച്ച് ജോലിചെയ്തുതീർപ്പിക്കും. നിങ്ങളുടെമാതിരി ഒന്നും ചെയ്യുകയില്ല. മന്ത്രിയായാൽ എനിക്ക് ഒഴിവില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഒരുകാര്യം കൊണ്ടുവരാനാഗ്രഹിക്കുകയാണ്. ഒരു ഏക്കർകാരനു റിട്ടേൺ കൊടുക്കണം. അത് ഒന്ന് അവസാനിപ്പിക്കണം. ഇത്ര ഏക്കർകാരൻ റിട്ടേൺ കൊടുത്താൽ മതിയെന്ന് വയ്ക്കണം. ഒരു ഏക്കർകാർക്ക് റിട്ടേൺ കൊടുക്കാൻ ബുദ്ധിമുട്ടുണ്ട്. അങ്ങനെ ഒഴിവാക്കാൻ പറഞ്ഞിയതില്ലെങ്കിൽ പതിനയ്യായിരമെന്നുള്ളത് ഇരുപതിനായിരംരൂപ ആക്കണം. മലപ്പുറം ജില്ല 1969-ൽ വന്നതാണ്. അപ്പീൽ ബോധിപ്പിക്കണമെങ്കിൽ കോഴിക്കോട്ടോ പാലക്കാട്ടോ പോകണം. അവിടെ ഒരു ആഫീസില്ല. കേസുകളെല്ലാം കെട്ടിക്കിടക്കുകയാണ്. ആ കാര്യങ്ങളം ചിന്തിച്ച് കൃഷിക്കാരെ സംരക്ഷിക്കാൻവേണ്ട നടപടികളം സ്വീകരിക്കണം. പതിനയ്യായിരം എന്നുള്ളത് ഇരുപതിനായിരം ആക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ പ്ലാന്റേഷൻ ടാക്സ് കുറച്ചതുപോലെ ഇത്ര ഏക്കർവരെയുള്ളവരെ ഒഴിവാക്കണമെന്നുള്ള അഭ്യർത്ഥനയോടുകൂടി എന്റെ വാക്കുകളം അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ശങ്കരനാരായണൻ: ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ മനസ്സിൽ തോന്നിയ ഉത്തമവിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ബില്ല് കൃഷിക്കാർക്ക് വലിയ മേൻമചെയ്യുമെന്ന ഉദ്ദേശത്തോടുകൂടി അവതരിപ്പിച്ചിട്ടുള്ളത്. ഈ ബില്ല് അവതരിപ്പിക്കുമ്പോൾ കാർഷികരംഗത്തെ യഥാർത്ഥ കർഷകന് ഉണ്ടാകണമെന്ന് അദ്ദേഹത്തിന്റെ മനസ്സിൽ ആഗ്രഹിക്കുന്ന ആനുകൂല്യങ്ങളം ഇതുകൊണ്ടുണ്ടാകുമോയെന്നുള്ളതിനെക്കുറിച്ച് ആലോചിക്കണമെന്ന് അപേക്ഷിക്കുന്നു. ഇതിൽ കാർഷികമേഖലയിൽ വ്യാപൃതരായിട്ടുള്ള കൃഷിക്കാർക്ക് ചില ആനുകൂല്യങ്ങളം കൊടുക്കുകയും ആ ആനുകൂല്യംതന്നെ ഇന്നത്തെ സാമ്പത്തികസ്ഥിതിയുടെ പാശ്ചാത്തലത്തിൽ അധികമാണെന്നുള്ള തോന്നലും മനസ്സിലുണ്ടെന്ന് തോന്നുന്നു. ഈ ബില്ലിൽ പ്രവചിച്ചിട്ടുള്ളവിധത്തിൽ ആനുകൂല്യങ്ങളം കൊടുക്കുന്നതുകൊണ്ട് കേരളത്തിലെ കാർഷികമേഖലയിലുള്ള എത്രശതമാനം കർഷകന് സാമ്പത്തികമായി ആനുകൂല്യം ഉണ്ടാകുമെന്നും സാമ്പത്തികമായി ആനുകൂല്യം ഉണ്ടാകാത്തതിന്റെ പശ്ചാത്തലത്തിൽ എത്രശതമാനം പ്രൊഡക്ഷനെ ബാധിക്കുന്നുവെന്നുള്ളതിനെസംബന്ധിച്ചും ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ആലോചിക്കണമെന്ന് അപേക്ഷിക്കുകയാണ്. നെൽക്കൃഷിക്കാരെ ടാക്സിൽനിന്ന് ഒഴിവാക്കിയെന്ന് പറഞ്ഞു. കപ്പക്കൃഷിക്കാരേയും ഒഴിവാക്കിയിട്ടുണ്ട്. അതിൽ സന്തോഷമുണ്ട്. കേരളസംസ്ഥാനത്തിൽ ഇന്ന് ഉൽപാദിപ്പിക്കുന്ന ഭക്ഷ്യധാന്യങ്ങളം നമ്മുടെ സംസ്ഥാനത്ത് എത്രമാസം ഉപയോഗിക്കാനുണ്ടെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഈ കൃഷിക്കാരെ ടാക്സിൽ നിന്ന് ഒഴിവാക്കിയെന്നുള്ളതുകൊണ്ട് വലിയ പ്രത്യേകതയൊന്നും ഉണ്ടായിട്ടില്ല.

കേരളത്തിന്റെ ഒരതിർത്തി മുതൽ മറേറ അതിർത്തിവരെ തീവണ്ടിയിലും കാറിലും സഞ്ചരിക്കുന്ന ആളുകൾക്ക് കാണാൻ കഴിയുന്നത് നെൽക്കൃഷിചെയ്തുകൊണ്ടിരുന്ന സ്ഥലങ്ങളിൽ മുഴുവൻ വലിയ രമ്യ

LIBRARY ARCHIVES Kerala Legislative Assembly

ഹർമ്മ്യങ്ങൾ ഉയർന്നുവരുന്നതായിട്ടാണ്. ഇവിടെ കെ. എൽ. യു. ഓർഡർ നിലവിലുണ്ട്. എന്നിരുന്നാലും ആളുകൾ ഏക്കർകണക്കിന് നിലം വാങ്ങിച്ച്. പ്ലോട്ടുകളായി തിരിച്ച് വിൽക്കുകയും അതിൽ വീടുകൾ വയ്ക്കുകയുമാണ് ചെയ്യുന്നത്. അത് രണ്ടുപൂവുവരെ കൃഷിചെയ്തുകൊണ്ടിരുന്ന സ്ഥലങ്ങളാണ്. കെ.എൽ.യു. ഓർഡർ ഒരു സ്ഥലത്ത് അജഗളസ്തനംപോലെ കിടക്കുകയാണ്. മറുഭാഗത്ത് വീടുകൾ വരികയാണ്. നെൽക്കൃഷി ചെയ്തുകൊണ്ടിരുന്ന സ്ഥലങ്ങളിൽനിന്നും അത് മാറി മറ്റ് ക്യാഷ്ക്രോപ്പ്സ് ചെയ്യുകയാണ്, അതായത് തെങ്ങ്, കമുക് മുതലായവ. ഇതൊന്നും ഭരിക്കുന്നവരുടെ കണ്ണിൽ കാണുന്നില്ലേ? പിന്നെ ഉദ്യോഗസ്ഥൻമാർ കാണാത്തതിനെക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല. അവർക്ക് അതുസംബന്ധിച്ച് അത്രയേ ചെയ്യാനുള്ളു. ഈ രാജ്യത്തെ നെൽകൃഷിക്കാർക്ക് അവരുടെ ഉൽപാദനം വർദ്ധിപ്പിക്കണമെങ്കിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് പുതിയ കാഴ്ചപ്പാട് ഉണ്ടാകണമെന്ന് വിനീതമായി ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇന്ന് നെൽക്കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് പല ആനുകൂല്യങ്ങളും കൊടുക്കുന്നുണ്ട്. അതിൽ ആർക്കും ആക്ഷേപമില്ല. ഒരു രാഷ്ട്രീയ സംഘടനയ്ക്കും ആക്ഷേപമില്ല, ശ്രീ. സുന്ദരം സ്വാമിക്കുപോലും ആക്ഷേപമില്ല. ചുരുക്കിപ്പറഞ്ഞാൽ ഒരാൾക്കുപോലും ഇതിൽ ആക്ഷേപമില്ല. മറ്റ് ക്യാഷ്ക്രോപ്പുകൾക്ക് കൊടുക്കുന്ന ആനുകൂല്യങ്ങളുടെ പാശ്ചാത്തലത്തിൽ എന്തുകൊണ്ട് നെൽക്കൃഷിക്കാർക്കും കപ്പക്കൃഷിക്കാർക്കുംകൂടി ആ ആനുകൂല്യങ്ങൾ കൊടുത്തുകൂടാ. കുട്ടനാട്ടിലെ കൃഷിക്കാർ ദീർഘകാലംകൊണ്ട് ആവശ്യപ്പെട്ടിരുന്ന ഒരാവശ്യം നിറവേറ്റിക്കൊടുത്തു. പബ്ലിഗ് സബ്സിഡി മുഴുവൻ ഗവൺമെൻറ് വഹിക്കാമെന്ന് പറഞ്ഞു. ഇത് തൃശ്ശൂരിലെ കോൾക്കൃഷിക്കാർക്കും കൊടുത്തു, അതുകൊണ്ട് കേരളത്തിലെ നെൽക്കൃഷിക്കാരുടെ ആവശ്യങ്ങളെ മുൻനിറുത്തിക്കൊണ്ട് അപേക്ഷിക്കുകയാണ്, മറ്റ് സംസ്ഥാനങ്ങളിൽനിന്നും അരി ഇറക്കുമതിചെയ്യുന്നത് കുറയ്ക്കുന്നതിവേണ്ടി നെൽക്കൃഷിക്കാരനെ ഇറിഗേഷൻ ടാക്സിൽനിന്നും പരിപൂർണ്ണമായും ഒഴിവാക്കണമെന്ന്. പാലക്കാട് ജില്ലയിലേയും തൃശ്ശൂർ ജില്ലയിലേയും അതുപോലെതന്നെ മറ്റ് ജില്ലകളിലേയും നെൽക്കൃഷിക്കാരെ പരിപൂർണ്ണമായും ഇറിഗേഷൻ ടാക്സിൽനിന്നും ഒഴിവാക്കണം. അപ്രകാരം ചെയ്താൽ ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ കഴിയും. നമ്മുടെ സംസ്ഥാനത്ത് നെൽകൃഷി നാമാവശേഷമാകാതിരിക്കണമെങ്കിൽ ഇന്നത്തെ ചെലവുകളെല്ലാം പഠിച്ചതിനുശേഷം നെൽക്കൃഷിക്കാർക്ക് പ്രൊഡക്ഷൻ ബോണസ് കൊടുക്കുവാൻ തയ്യാറാകണം. അതിനു സാധിച്ചില്ലെങ്കിൽ കക്ഷിരാഷ്ട്രീയത്തിന്നതീതമായി ഞാൻ പറയുകയാണ് 5 വർഷത്തിനുള്ളിൽ നെൽക്കൃഷി വെറും 50 ശതമാനമായി ചുരുങ്ങുമെന്ന്. ഇതിനെക്കുറിച്ചെല്ലാം എല്ലാവർക്കും അറിയാവുന്നതാണ്. അതുകൊണ്ട് എന്തുകൊണ്ട് അതിനെക്കുറിച്ച് ആലോചിച്ചുകൂടാ? എത്ര വരുമാനം അതുകൊണ്ട് ഗവൺമെൻറിനു കുറവുവരാൻ പോകുന്നു? ഇപ്രകാരം ചെയ്താൽ നെല്ലുൽപാദനം വർദ്ധിപ്പിക്കുവാൻ കഴിയും. കഴിഞ്ഞ പത്തുവർഷക്കാലത്തെ ഗ്രാഫ് പരിശോധിച്ചാൽ ഉൽപാദനം പതിമൂന്നരലക്ഷം ടണ്ണിൽനിന്നും ഒരു മണിപോലും വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടില്ലെന്നു കാണാൻകഴിയും. എന്താണ് ഇതിനു കാരണം? ഇതിനെക്കുറിച്ച് സമഗ്രമായി പരിശോധിക്കുകയും ഉൽപ്പാദനം വർദ്ധിപ്പിക്കുകയും ചെയ്യണം. ചുണ്ടിൽ തൊടിയിച്ചുകൊണ്ട്, പഞ്ചസാര എന്ന് കടലാസിൽ എഴുതിക്കൊണ്ട് മധുരിപ്പിച്ചിട്ട് കാര്യമില്ല. നെല്ല് കർഷകർക്ക് എന്തെങ്കിലും ആനുകൂല്യം ചെയ്യണമെന്നുള്ളതാണ് ഗവൺമെൻറിന്റെ ആഗ്രഹമെങ്കിൽ അവരെ ഇറിഗേഷൻ ടാക്സിൽനിന്നും പരി

LIBRARY ARCHIVES Kerala Legislative Assembly

പൂർണ്ണമായും ഒഴിവാക്കണം, പ്രൊഡക്ഷൻ ബോണസ് കൊടുക്കണം, ഇത്രയും പറഞ്ഞുകൊണ്ടും ഈ ബിൽ പൊതുജനാഭിപ്രായത്തിന് വിടണമെന്നപേക്ഷിച്ചുകൊണ്ടും എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഈ ബില്ലിനെക്കുറിച്ച് നടന്ന ചർച്ചകളിൽ കൃഷിക്കാരുടെ പ്രശ്നങ്ങളെ സംബന്ധിച്ചും അവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളെ സംബന്ധിച്ചും വിശദീകരിക്കുകയുണ്ടായി. ഏതായാലും ഈ ബില്ലിനെ ഈ സഭയുടെ എല്ലാഭാഗത്തുമുള്ള ആളുകൾ സ്വാഗതംചെയ്തതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഇന്ന് കൃഷിക്കാർ അനുഭവിക്കുന്ന എല്ലാ ബുദ്ധിമുട്ടുകൾക്കും ഉള്ള പരിഹാരം ഈ ബില്ലിൽക്കൂടിയുണ്ടെന്ന് ഞങ്ങൾ ആരുംതന്നെ അവകാശപ്പെടുന്നില്ല. അതുപോലെതന്നെ കൃഷിക്കാരുടെ എല്ലാ ബുദ്ധിമുട്ടുകളും ടാക്സ് റിവിഷൻകൊണ്ടുമാത്രം പരിഹരിക്കപ്പെടും എന്നുള്ള ധാരണയും ഇല്ല. ഒരു കാര്യം ധരിപ്പിക്കുവാൻ ആഗ്രഹിക്കുന്നത് ഗവൺമെന്റ് ചെയ്ത കാര്യങ്ങൾ ചെയ്തുവെന്ന് അംഗീകരിക്കുകയെന്നുള്ളതാണ്. ചെയ്ത കാര്യങ്ങൾ ചെയ്തില്ലാ എന്ന് കണക്കുകൂട്ടിക്കൊണ്ട് പറയുന്നത് തെറ്റാണ്. ശ്രീ. ശങ്കരനാരായണൻ അങ്ങനെ പറഞ്ഞിട്ടില്ല. പക്ഷേ ശ്രീ. പി. ജെ. ജോസഫ് പെട്ടെന്ന് ഇവിടെവന്ന് പറഞ്ഞു, രണ്ടുസ്ലാബും കൂടി ഏകീകരിച്ച് 30 ശതമാനം എന്നാക്കിയപ്പോൾ നികുതിദായകർ കൂടുതൽ നികുതി കൊടുക്കേണ്ടതായിവരുന്നു, അവർക്ക് നഷ്ടമാണ്, യാതൊരുവിധ ആനുകൂല്യങ്ങളും കൊടുത്തില്ലെന്ന്. സർ, അദ്ദേഹം ഇപ്രകാരം പറഞ്ഞത് നിർഭാഗ്യകരമായിപ്പോയി; സങ്കടകരമായിപ്പോയി. ഈ ബിൽ കൊണ്ടുവരുന്നതിന് മുൻപ്, ബഡ്ജറ്റ് നിർദ്ദേശങ്ങൾക്കുമുൻപ് ഉണ്ടായിരുന്ന അവസ്ഥ എന്തായിരുന്നുവെന്നു ചോദിച്ചാൽ ടോട്ടൽ അഗ്രിക്കൾച്ചറൽ ഇൻകം 20,000 രൂപയിൽ കൂടുമ്പോൾ, 25,000 രൂപ വരുമാനമുള്ള ഒരാളെ സംബന്ധിച്ചിടത്തോളം ഇതിനുമുൻപ് എത്ര രൂപയാണ് കൊടുക്കേണ്ടത്, ഈ ബിൽ പാസ്സായിക്കഴിഞ്ഞാൽ എത്ര രൂപയാണ് കൊടുക്കേണ്ടതെ് എന്നുള്ളതിനെക്കുറിച്ച് മനസ്സിലാക്കണം. അതായത് 25,000 രൂപ വാർഷികവരുമാനമുള്ള ഒരു വ്യക്തി ഈ ബിൽ അവതരിപ്പിക്കുന്നതിനു മുൻപ് കൊടുക്കേണ്ടതായ സംഖ്യ 3,450 രൂപയാണ്. അതായത് 20,000 രൂപവരെയുള്ള തുകയ്ക്ക് 1,950 രൂപയും അതിൽ കവിഞ്ഞുള്ള അയ്യായിരം രൂപയ്ക്ക് 30 ശതമാനവും. അതായത് 1,500 രൂപ. അപ്പോൾ 1,950-ം 1,500-ം കൂടി കൂട്ടുമ്പോൾ 3,450 രൂപ. ഇതായിരുന്നു 25,000 രൂപ വാർഷികവരുമാനമുള്ള കൃഷിക്കാരൻ മുൻപ് നൽകേണ്ടിയിരുന്നത്. എന്നാൽ ഇപ്പോഴത്തെ മാറ്റം അനുസരിച്ച് പതിനയ്യായിരം രൂപ ഒഴിവാക്കിക്കഴിഞ്ഞു. അതായത് കംപ്ലീറ്റ് എക്സംപ്ഷൻ. അപ്പോൾ അതുകഴിഞ്ഞ് പതിനായിരം രൂപയ്ക്ക് മാത്രമേ നികുതി വരുന്നുള്ളൂ; അതിന്റെ 30 ശതമാനം മാത്രമേ ഇപ്പോഴത്തെ നിർദ്ദേശം അനുസരിച്ച് വരികയുള്ളൂ. അതായത് മൂവ്വായിരം രൂപ. ശ്രീ. ജോസഫിന് ഇത് നിഷേധിക്കുവാൻ കഴിയുമോ ? അതാണ് ഞാൻ ശ്രീ. പി. ജെ. ജോസഫിന്റെ പ്രസംഗത്തിനു ഇടയ്ക്ക് തടസ്സപ്പെടുത്തിക്കൊണ്ടുപറഞ്ഞത്. അപ്പോൾ ഓരോ വ്യക്തിക്കും 450 രൂപാ മുതൽ ഇതിൽനിന്നും ആനുകൂല്യം ലഭിക്കും. കൃഷിക്കാരനു നൽകിയ ആനുകൂല്യത്തെ സംബന്ധിച്ചിടത്തോളം അത് നൽകിയില്ലെന്നുവരുത്തിത്തീർക്കുവാനുള്ള ശ്രമം നടത്തിയത് നിർഭാഗ്യകരമായിപ്പോയിയെന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. ഒരു പക്ഷേ ജോസഫ് കണക്കുകൂട്ടാതെ പറഞ്ഞതായിരിക്കാം. മനഃപൂർവ്വം പറഞ്ഞതാണെന്നു കരുതുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

രണ്ടാമതായിട്ട് എനിക്ക് പറയുവാനുള്ളത്, ഒരു വിക്ടിമൈസേഷൻ ശ്രീ. ജോസഫ് ഇവിടെ നടത്തി യതിനെപ്പറ്റിയാണ്. ഞാൻ വളരെ ആത്മാർത്ഥതയോടുകൂടി ശ്രീ. ജോസഫിനോട് പറയുകയാണ്, ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം, നികുതി പിരിക്കുന്നതിൽ രാഷ്ട്രീയമില്ല. രാഷ്ട്രീയമായ കാഴ്ചപ്പാടിലൂടെയല്ല ഒരിക്കലും നികുതി പിരിക്കുന്നത്. എവിയെങ്കിലും പൊളിറ്റിക്കലായിട്ടുള്ള വിരോധം വച്ചുകൊണ്ട്, ആ നിലയിൽ ആരെയെങ്കിലും ഹരാസ് ചെയ്തുവെന്ന് ബഹുമാനപ്പെട്ട ജോസഫ് ശ്രദ്ധയിൽപ്പെടുത്തിയാൽ ആ വിഷയത്തെ സംബന്ധിച്ചിടത്തോളം അന്വേഷിക്കാമെന്ന് ഞാൻ ഉറപ്പുനൽകുകയാണ്. പക്ഷേ ഒരു കാര്യം ബഹുമാനപ്പെട്ട ജോസഫിനോട് എനിക്ക് പറയുവാനുണ്ട്. പണ്ടത്തെ നമ്മുടെ കാർഷികാദായ നികുതി നിയമത്തിൽ ഇൻസ്പെക്ഷനു ഉദ്യോഗസ്ഥൻമാർക്ക് അവകാശമില്ലായിരുന്നു. ഇന്ന് നിലവിലുള്ള നിയമത്തിൽ ഇൻസ്പെക്ഷനു അവകാശമുണ്ട്. വീടുകളിൽ കയറിച്ചെല്ലാനും റെയിഡ് ചെയ്യാനും പ്ലോട്ട് ഇൻസ്പെക്ട് ചെയ്യാനും ലാൻറ് ഇൻസ്പെക്ട് ചെയ്യാനും നമ്മുടെ കാർഷികാദായ നികുതി നിയമത്തിലെ 66-ാം വകുപ്പനുസരിച്ച് ഉദ്യോഗസ്ഥൻമാർക്ക് അധികാരമുണ്ട്.

ഇവിടെ ശ്രീ. എ. സി. ജോസ്, ശ്രീ. വൈക്കം വിശ്വൻ, ശ്രീ. വർക്കല രാധാകൃഷ്ണൻ തുടങ്ങി പല മെംബർമാരും സംസാരിച്ചത് നികുതി ഇളവ് നൽകുന്നത് നല്ലതാണ്, പക്ഷേ നികുതി കൊടുക്കേണ്ട ആളുകളും മുഴുവനും കൊടുക്കണം, തട്ടിപ്പും വെട്ടിപ്പും തടയുന്നതിനുവേണ്ടി ശരിയായ ഇൻസ്പെക്ഷൻ നടത്തണം എന്നാണ്. ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം തീർച്ചയായും അത് നടത്തണമെന്നുള്ള ആഗ്രഹമുണ്ട്. ഒരൊറ്റ കാര്യം മാത്രമേ എനിക്ക് പറയുവാനുള്ളു. ശ്രീ. ജോസഫിനെ പിൻതാങ്ങുന്ന ഏതെങ്കിലും ഒരു വ്യക്തിയുടെ ലാൻറ് ഇൻസ്പെക്ട് ചെയ്യപ്പെട്ടാൽ 'കാക്ക പെന്നിരിക്കുകയും പനംപഴം താഴെ വീഴുകയും ചെയ്തു' എന്നു കരുതി അതിനെ പൊളിറ്റിക്കലായി വ്യാഖ്യാനിക്കരുത്. അങ്ങനെയായാൽ ഉദ്യോഗസ്ഥൻമാർക്ക് ഒന്നും ചെയ്യാൻ സാധിക്കുകയില്ല. ഏതായാലും ഈ ഇൻസ്പെക്ഷനൊക്കെ നടക്കുന്നത് ഞാൻ ആർക്കും നിർദ്ദേശം കൊടുത്തിട്ടല്ല. ഗൈഡ്ലൈൻസുണ്ട്. അതിൽ ഉദ്യോഗസ്ഥൻമാർ ഇൻസ്പെക്ഷൻ നടത്തണമെന്നു പറഞ്ഞിട്ടുള്ളതിൻെറ അടിസ്ഥാനത്തിലാണ് ഇൻസ്പെക്ഷൻ നടത്തുന്നത്. ആ ഇൻസ്പെക്ഷനിൽ നിന്ന് മാറിനിൽക്കാൻ സാധിക്കുകയില്ല. പക്ഷേ ചെയ്യരുതാത്ത കാര്യം ഉദ്യോഗസ്ഥൻമാർ ചെയ്താൽ, നിയമവിരുദ്ധമായി ചെയ്താൽ, നികുതിയ്ക്കു വിധേയരാകേണ്ടാത്തവരെ വിധേയരാക്കുന്നുവെങ്കിൽ, കൂടുതൽ സംഖ്യ വസൂലാക്കുന്നു എങ്കിൽ, തീർച്ചയായും അങ്ങനെയുള്ള കാര്യങ്ങളിൽ ശ്രീ. ജോസഫ് ശ്രദ്ധയിൽപ്പെടുത്തുകയാണെങ്കിൽ ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ബഹുമാനപ്പെട്ട ശ്രീ. വി. വി. ജോസഫ് (മൂവാറ്റുപുഴ) നികുതി ചുമത്തുന്നതിൽ യഥാർത്ഥ്യബോധമില്ലെന്നു പറഞ്ഞു. ഉദ്യോഗസ്ഥൻമാർ യാഥാർത്ഥ്യബോധത്തോടുകൂടി നികുതി ചുമത്തണമെന്ന് പല അംഗങ്ങളും ഇവിടെ പറഞ്ഞു. അതായത് യഥാർത്ഥമായ യീൽഡ് കണക്കിലെടുക്കാവൂ എന്ന്. യഥാർത്ഥമായ ഏക്സ്പെൻറിച്ചർ കണക്കിലെടുക്കണം. ആ നിലയിൽ നികുതി ചുമത്തുകയാണ് വേണ്ടത്. അതല്ലാതെ ഓരോരുത്തർക്കും ഭിന്നമായ രീതിയിൽ, ആർബിട്രറി ആയി അസസ് ചെയ്യുന്നതിൻെറ ഫലമായിട്ട് കൃഷിക്കാർക്ക് ബുദ്ധിമുട്ടുണ്ടാകു

LIBRARY ARCHIVES Kerala Legislative Assembly

ന്നുണ്ടെന്ന് പറയുകയുണ്ടായി. ഞാൻ അത് അംഗീകരിക്കുന്നില്ല. ഈ ഗവൺമെൻറിന്റെ നയം ആർബിട്രറി ആയിട്ട് അസസ് ചെയ്യരുതെന്നുള്ളതാണ്. എത്രയോ വർഷങ്ങൾ കടന്നുപോയി.

ബഹുമാനപ്പെട്ട മെംബർമാരുടെ അറിവിനുവേണ്ടി ഞാൻ ഒരു കാര്യം പറയുകയാണ്. റവന്യൂബോർഡ്, ഗവൺമെൻറിന്റെ അംഗീകാരത്തോടുകൂടി അഗ്രികൾച്ചറൽ ഇൻകംടാക്സ് ഗൈഡ്ലൈൻസ് (സാലറിയൻറ് ഫീച്ചേഴ്സ്)' ഇറക്കിയിട്ടുണ്ട്. ഇൻഡ്യയിലെ മറ്റൊരു സംസ്ഥാനത്തും ഇതില്ല. കേരളത്തിലും ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. ഇത് പുറപ്പെടുവിച്ചത് 1980 ഡിസംബർ 3-ാം തീയതിയാണ്. ഇത് ഞാൻ സഭയുടെ മേശപ്പുറത്ത് വയ്ക്കുകയാണ്. ഇതൊരു സീക്രട്ട് ഡോക്യുമെൻറ് ആകേണ്ട കാര്യമില്ല. മുമ്പൊരു ഗൈഡ്ലൈൻ ഉണ്ടായിരുന്നു. അത് ഉദ്യോഗസ്ഥൻമാർ അനുസരിക്കുകയില്ല. ഗൈഡ്ലൈൻ എന്താണെന്ന് പൊതുജനങ്ങൾക്ക് അറിയുകയില്ല. ഇത്തവണ ആഫീസേഴ്സിന്റെ കോൺഫറൻസ് വിളിച്ചുകൂട്ടിയ സന്ദർഭത്തിൽ, ഇതിനെ സംബന്ധിച്ച് സമഗ്രമായി ചർച്ച ചെയ്തു. ഗൈഡ്ലൈൻ ഗവൺമെൻറ് ഫോം ചെയ്യുന്നുവെങ്കിൽ ആ ഗൈഡ്ലൈൻ നികുതിദായകർ അറിയണം. അവർക്ക് അതറിയാനുള്ള അവകാശമുണ്ട്. അതിൽ സീക്രസി അരുത്.

ശ്രീ. പി. ജെ. ജോസഫ്: ഗൈഡ്ലൈൻ പ്രസിദ്ധീകരിച്ച സ്ഥിതിക്കു (പല കർഷകർക്കും ഇതിനെക്കുറിച്ച് വിവരമില്ല) റിട്ടേൺസ് അയയ്ക്കുന്ന കൂട്ടത്തിൽ ഇതിന്റെ ഒരു കോപ്പികൂടി അയയ്ക്കാനുള്ള ഏർപ്പാട് ചെയ്യാമോ ?

ശ്രീ. കെ. എം. മാണി: ഇതിനകംതന്നെ, ഫ്രീയായി, ഈ സംസ്ഥാനത്ത് കാർഷികാദായ നികുതി കൊടുക്കുന്ന എല്ലാ ടാക്സ് പെയേഴ്സിനും ഈ ഗൈഡ്ലൈൻ ഇൻകംടാക്സ് ആഫീസിൽക്കൂടി വിതരണംചെയ്തുകഴിഞ്ഞിട്ടുണ്ട്. ആർക്കെങ്കിലും കിട്ടിയിട്ടില്ലെങ്കിൽ അത് ഫ്രീയായി എത്തിച്ചുകൊടുക്കുന്നതിനുള്ള വ്യവസ്ഥയുണ്ട്.

ശ്രീ. പി. ജെ. ജോസഫ്: റിട്ടേൺസ് അയയ്ക്കുന്നുണ്ടല്ലോ. അതിന്റെകൂടെ അയയ്ക്കുമോ എന്നാണ് ചോദിച്ചത്.

ശ്രീ. കെ. എം. മാണി: ഏതിന്റെകൂടെ അയയ്ക്കുന്നു എന്നുള്ളതിനല്ല പ്രസക്തി. നികുതിദായകർക്ക് ഗൈഡ്ലൈൻ കൊടുക്കുന്നുണ്ട്. ഇത് സീക്രട്ട് അല്ല. ഇത് ആദ്യമായി നമ്മുടെ സംസ്ഥാനത്തുണ്ടാകുന്ന ഒരു ക്രമീകരണമാണ്. ഇതൊരു പുതിയ മാറ്റമാണ്. അതിനകത്ത്

"The expenditure worked out in these guidelines is on the basis of the wages which was prevalent during the accounting year 1979-80 and relevant for the assessment year 1980-81. For the subsequent years increase in wages for input will be taken into consideration for fixing the expenditure. For example the cost of chemical fertilizers has gone up from June 1980 and this aspect will be considered in fixing the expenditure for the subsequent assessment years" എന്ന് പറഞ്ഞിട്ടുണ്ട്. യഥാർത്ഥത്തിൽ നമ്മുടെ ഉൽപ്പാദനച്ചെലവ് കാലാകാലങ്ങളിൽ വർദ്ധിക്കുന്നുണ്ടെങ്കിൽ, ഇൻപുട്ട്സിന്റെ വില കാലാകാലങ്ങളിൽ വർദ്ധിക്കുന്നുണ്ടെങ്കിൽ, വേജസ് വർദ്ധിക്കുന്നുണ്ടെങ്കിൽ അങ്ങനെ വർദ്ധിക്കുന്ന കൃഷിച്ചെലവ് പരിഗണിക്കണമെന്ന് ഇതിനകത്ത് വ്യക്തമായി പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ഒരു കാര്യം ഈ സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. രണ്ട് തരത്തിലുള്ള അസസ്മീസ് ഉണ്ട്. ഒരു തരത്തിലുള്ള അസസ്മീസ് കണക്കുള്ളവരാണ്. അവർ കണക്കുകൾ എഴുതുന്നവരാണ്. അങ്ങനെയുള്ളവരെ സംബന്ധിച്ചിടത്തോളം അവർ സമർപ്പിക്കുന്ന കണക്കിന്റെ അടിസ്ഥാനത്തിൽ അസസ്മെന്റ് നടക്കും. കണക്കില്ലാത്ത പാവപ്പെട്ട കൃഷിക്കാരുണ്ട്. അവർക്കാണ് ബുദ്ധിമുട്ട്. അങ്ങനെ കണക്കില്ലാത്ത പാവപ്പെട്ട കൃഷിക്കാരെ സംബന്ധിച്ചിടത്തോളം, അവരുടെ ശുദ്ധയിൽ പെടുത്തുന്നതിനുവേണ്ടിയാണ് ഗൈഡ്ലൈൻ ഇഷ്യൂ ചെയ്തിട്ടുള്ളത്. ഈ ഗൈഡ്ലൈനിന് വിപരീതമായ മനോഭാവത്തോടുകൂടി പ്രവർത്തിക്കുന്നുണ്ടെങ്കിൽ, അതിനുവേണ്ട നിർദ്ദേശം കൊടുക്കാൻ ഗവൺമെന്റിന് യാതൊരു ബുദ്ധിമുട്ടുമില്ല. ഗവൺമെന്റിന്റെ നയം, നിലപാട് വിശദീകരിക്കുന്നതിനുവേണ്ടി ഇത് ഞാൻ ഇവിടെ പറഞ്ഞുവെന്നേയുള്ളൂ.

ശ്രീ. പി. ജെ. ജോസഫ്: ഗൈഡ്ലൈനിന്റെ അടിസ്ഥാനത്തിലാണ് തെങ്ങിനുള്ള ചെലവ് കണക്കാക്കിയിരുന്നതെങ്കിൽ; ഒരു തെങ്ങിനുള്ള ചെലവ് 6 രൂപ എന്നാണ് കണക്കാക്കിയിരിക്കുന്നത്. തെങ്ങിൽ കയറുന്നതിനുള്ള കൂലിയാകുന്നില്ല അത്. കുറഞ്ഞത് എട്ട് പ്രാവശ്യം തെങ്ങിൽ കയറണമെങ്കിൽ ഏറ്റവും ചുരുങ്ങിയത് 4 രൂപ കൊടുക്കണം. 4 കിലോ വളമെങ്കിലുമിടണമെങ്കിൽ 8 രൂപ കൊടുക്കണം. അത്രയെങ്കിലും ചെയ്യാതെ തെങ്ങ് നിലനിൽക്കുകയില്ല. രണ്ട് രൂപ ലേബർ ചാർജ്ജുംകൂടി ചേർത്ത് ആകെ ഒരു തെങ്ങിന് 14 രൂപ ചെലവാകും. എന്നാൽ 6 രൂപ ഇട്ടിരിക്കുന്നത് എന്തടിസ്ഥാനത്തിലാണ് ?

ശ്രീ. കെ. എം. മാണി: ഓരോ വിഷയത്തിലേയ്ക്ക് കടക്കുന്നതിനുമുമ്പും ബഹുമാനപ്പെട്ട ജോസഫ് ഈ ഗൈഡ്ലൈൻ മുഴുവനും അവഗാഢമായി പരിശോധിച്ചുനോക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഞങ്ങൾ വളരെ ദീർഘമായ ചർച്ചയ്ക്കുശേഷം, കൃഷിക്കാരുടെ പ്രതിനിധികളുമായിരുന്ന്, ഉദ്യോഗസ്ഥൻമാരുമായിരുന്ന്, കണക്കുകളുടെയെല്ലാം അടിസ്ഥാനത്തിൽ, പ്രിവലൻറായിട്ടുള്ള ഡേറാകളുടെ അടിസ്ഥാനത്തിൽ, എക്സ്പെൻറിച്ചർ ഫിക്സ് ചെയ്തിട്ടുണ്ട്. അതിലെന്തെങ്കിലും മാറ്റങ്ങൾ വേണമെങ്കിൽ ആകാം. ഇൻപുട്ട്സിൽ വിലവർദ്ധനവുണ്ടായാൽ അതനുസരിച്ച് മാറ്റങ്ങൾ വരുത്താൻ യാതൊരു ബുദ്ധിമുട്ടുമില്ല.

ബഹുമാനപ്പെട്ട വി. വി. ജോസഫ് വേറൊരുകാര്യം പറയുകയുണ്ടായി; അതായത് നികുതി ഏകീകരിക്കണമെന്ന്. അത് ഈ നിയമസഭയിൽത്തന്നെ പല കാലഘട്ടങ്ങളിൽ വന്നതാണ്. ഏകീകരിക്കുക എന്ന ആശയം ഐഡിയലാണ്. പക്ഷേ ഏകീകരിക്കുന്നതിന് ബുദ്ധിമുട്ടുണ്ട്. ഇതിനുമുമ്പ് നിയമസഭയിൽ പറഞ്ഞിട്ടുള്ളതാണ്. നമ്മുടെ സംസ്ഥാനത്തെ മുഴുവൻ കാർഷിക ഭൂമിയും സർവ്വേ ചെയ്ത്, ക്ലാസിഫൈ ചെയ്തുകഴിഞ്ഞാൽ മാത്രമേ, മറ്റ് നികുതികളും മുഴുവൻ ട്രേഡപ്പ് ചെയ്തുകൊണ്ട്, ഏക്കറേജിന്റെ അടിസ്ഥാനത്തിൽ നികുതിയിലേയ്ക്ക് കടക്കാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ അത് പ്രായോഗികമല്ല.

അതുപോലെതന്നെ ശ്രീ. ഗംഗാധരൻ ഇവിടെ പ്രസംഗിച്ചപ്പോൾ, ആർക്കും ഒരു ബുദ്ധിമുട്ടുമില്ല, ഇഞ്ചി ഒഴിവാക്കണം, കുരുമുളക് ഒഴിവാക്കണം, നാളികേരം ഒഴിവാക്കണം, അടയ്ക്ക ഒഴിവാക്കണം, എല്ലാം ഒഴിവാക്കണമെന്നു പറഞ്ഞു. പറയുന്നതിൽ ബുദ്ധിമുട്ട് യാതൊന്നുമില്ല. അങ്ങനെയാണെങ്കിൽ കാർഷിക പരിഷ്കരണ നിയമത്തിൽ പറഞ്ഞിരിക്കുന്ന പ്ലാൻറേഷൻ മാത്രം നികുതി മതിയോ ?

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് ഒരു കാര്യം പറയാനുള്ളത്, കൃഷിക്കാർക്ക് ബുദ്ധിമുട്ടു വന്നാൽ, നികുതിമുഴുവൻ എടുത്തുകളഞ്ഞാൽ ഉടനെ പ്രശ്നത്തിന് പരിഹാരമാകും എന്നുള്ളതല്ല ഗവൺമെൻറിൻെറ നിലപാട് എന്നാണ്. കൃഷിക്കാർക്ക് വളരെയധികം ബുദ്ധിമുട്ടുകൾ ഉള്ളതുകൊണ്ട്, ഹാർഡ് സെക്ടേഴ്സിനെ സംബന്ധിച്ചിടത്തോളം, ആ സെക്ടേഴ്സിൽ കുറെ ആശ്വാസം പകർന്നു കൊടുക്കുന്നതിനുവേണ്ടി ഗവൺമെൻറ് ബഡ്ജറ്റിൽക്കൂടി ആശ്വാസനടപടികൾ എടുക്കുകയാണ് ഉണ്ടായത്. അതുകൊണ്ട് കാര്യമായ ആശ്വാസം അവർക്ക് ഉണ്ടാകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല ഇന്ന് വാസ്തവത്തിൽ കൃഷിക്കാരെ ബുദ്ധിമുട്ടിലേക്ക് നീക്കുന്നത് നികുതിയല്ല. വിലവർദ്ധനവാണ്. കീടനാശിനികളുടേയും വളത്തിൻേറയും വിലവർദ്ധനവ്. അതുപോലെതന്നെ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

അതിനു കാരണം ഭാവനാശൂന്യമായ, യാഥാർത്ഥ്യബോധമില്ലാത്ത, കർഷകദ്രോഹപരമായ കേന്ദ്ര ഗവൺമെൻറിൻെറ ഇറക്കുമതി നയങ്ങളാണ്. അത് ഇവിടെ ചർച്ച ചെയ്തതാണ്. കേന്ദ്ര ഗവൺമെൻറിൻെറ ഇറക്കുമതി നയം കർഷകനു അനുഗുണമായി തീരാത്തതാണ്. ഈ കാർഷിക ഉല്പന്നങ്ങൾക്ക് ആവശ്യമായിട്ടുള്ള ഇൻപുട്ടിൻെറ വിലവർദ്ധനവ് കേന്ദ്ര ഗവൺമെൻറ് നിയന്ത്രിക്കാത്തിടത്തോളം കാലം, ഇവിടത്തെ കർഷകരെ സംബന്ധിച്ചിടത്തോളം അവരുടെ ബുദ്ധിമുട്ടുകൾ ശാശ്വതമായി പരിഹരിക്കുവാൻ സംസ്ഥാന ഗവൺമെൻറിനു കഴിയുന്നതല്ല. പക്ഷേ സംസ്ഥാന ഗവൺമെൻറിനു ചെയ്യാൻ കഴിയുന്നിടത്തോളം കുറെയെങ്കിലും കഴിവിൻെറ പരിമിതിക്കകത്തു നിന്നുകൊണ്ട് പരമാവധി ആനുകൂല്യങ്ങൾ ഈ നിയമത്തിലൂടെ ജനങ്ങൾക്ക് ചെയ്തു കൊടുത്തു എന്നു മാത്രമേയുള്ളു.

പ്രൊ. കൊരമ്പയിൽ അഹമ്മദ് ഹാജി: കഴിയുന്ന തരത്തിലുള്ള ആനുകൂല്യം കർഷകനു നൽകുമെന്നു പറഞ്ഞു. മറ്റു സംസ്ഥാനങ്ങളിൽ നൽകിയ മാതിരി ഇവിടത്തെ കർഷകനു രാസവളത്തിനു സബ്സിഡി കൊടുക്കുവാൻ ഈ ഗവൺമെൻറ് തയ്യാറാകുമോ?

പ്രൊ. കെ. എം. മാണി: ആ രാസവളത്തിൻെറ വില, പെട്രോളിയം പ്രോഡക്ട്സിൻെറ വില വർദ്ധിപ്പിച്ചതുകൊണ്ട് 50 ശതമാനം വർദ്ധിച്ചിട്ടുണ്ട്. എങ്കിലും ബഡ്ജറ്റിലൂടെ നെൽക്കൃഷിക്കു ഉപയോഗിക്കുന്ന രാസവളത്തിൻമേലുള്ള വിലപന നികുതി പിൻവലിച്ചിട്ടുണ്ട്. ആ പിൻവലിച്ചത് സെയിൽസ് ടാക്സ് നിയമത്തിലും നമ്മൾ ഇന്നലെ ചർച്ച ചെയ്ത നിയമത്തിലുമുണ്ട്. ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം കർഷകനു വിലപനനികുതിയിലൂടെ, കാർഷികാദായ നികുതിയിലൂടെ ചെയ്യാവുന്നതിൻെറ പരമാവധി സഹായങ്ങളും ആനുകൂല്യങ്ങളും ചെയ്തിട്ടുണ്ടെന്നുള്ള കാര്യം വ്യക്തമാക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മതധർമ്മസ്ഥാപനങ്ങളെപ്പറ്റി ഇവിടെ പറയുകയുണ്ടായി. ഇവിടെ ചില ആളുകൾ സംസാരിക്കുകയുണ്ടായി, ഉള്ള ആദായം മുഴുവൻ വെട്ടിപ്പു നടത്താനുള്ള പുതിയൊരു സംവിധാനമാണ് ഇതെന്ന്. മതധർമ്മസ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഒരു പ്രത്യേക ട്രീറ്റ്മെൻറ് ഇന്നു നിലവിലുള്ള നിയമത്തിലുണ്ട്. ഈ ആക്ടിൽ മതധർമ്മസ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം പറഞ്ഞിട്ടുണ്ട്. ഏതെങ്കിലും ഒരു വ്യക്തിയിലൂടെ

LIBRARY ARCHIVES Kerala Legislative Assembly

ചാരിറ്റബിൾ ആൻറ് റിലിജിയസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്താൽ മാത്രംപോരാ. അതിൽ പബ്ലിക്ക് ട്രസ്റ്റ്, അതിൽ ജനങ്ങൾക്കുണ്ടാകുന്ന ഉപയോഗമെല്ലാം ഈ ആക്ടിനകത്ത് പറഞ്ഞിട്ടുണ്ട്. I am referring to section 4 of the Agricultural Income Tax Act of 1950. അതിനകത്ത് സെക്ഷൻ നാലിൽ സബ് ക്ലോസ് മൂന്നിൽ nothing contained in clause (*b*) or (*c*); അതായത് അവരുടെ ഇൻകം അഗ്രികൾച്ചറൽ ഇൻകം ആയി പരിഗണിക്കുന്നതല്ല എന്നു പറയുന്ന ആ ക്ലോസ്. Nothing contained in clause (*b*) or sub-clause (*c*) of sub-section (1) shall operate so as to exclude from the total agricultural income of the previous year of the person in respect thereof, any part of the agricultural income from the property held under the trust for private religious purpose which does not ensure the benefit of the public. In the case of a trust for charitable purposes, or a charitable institution any agricultural income thereof if the trust of institution is created or establised for the benefit of any particular religious community or caste.....അതുപോലെ തന്നെ ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷനെ സംബന്ധിച്ചും പറയുന്നുണ്ട്. ഇതിന്റെ സ്പിരിറ്റ്, അത് റിലിജിയസ് ട്രസ്റ്റാകട്ടെ, അത് ചാരിറ്റബിൾ ട്രസ്റ്റാകട്ടെ, പൊതു നൻമക്കുവേണ്ടിയുള്ള ട്രസ്റ്റുകളെ സംബന്ധിച്ചിടത്തോളം അവരുടെ കേസുകളിൽ നികുതി ചുമത്താതെ അവർക്ക് ആനുകൂല്യങ്ങൾ നൽകിയിരിക്കുന്നു എന്നുള്ളതാണ് വസ്തുത. അങ്ങനെയുള്ള ട്രസ്റ്റുകളെ സംബന്ധിച്ചിടത്തോളം അവർക്ക് അർഹമായിട്ടുള്ള ആനുകൂല്യങ്ങൾ കിട്ടിയിട്ടില്ല എന്നുള്ളത് പരിഗണിച്ച്, കേന്ദ്ര ആദായനികുതി നിയമത്തിൽ പറഞ്ഞിരിക്കുന്നത് അനുസരിച്ച്, അതിനു മാത്രമുള്ള ആനുകൂല്യങ്ങൾ, അത് കേരള സംസ്ഥാനത്തിലെ മതധർമ്മ സ്ഥാപനങ്ങൾക്ക് അതുപോലും നിഷേധിക്കപ്പെടുന്നത് ശരിയല്ല എന്നുള്ള നിലക്ക്, ആ ആനുകൂല്യങ്ങൾ ഇങ്ങോട്ടു പകർത്തി എന്നു മാത്രമേയുള്ളു. അതുകൊണ്ട് ആർക്കും അതിനകത്ത് ധാരണപ്പിശക് വേണ്ടാ. ഇവിടെ വെട്ടിപ്പൊന്നും ഉണ്ടായതല്ല. വെട്ടിപ്പ് എവിടെയും ഉണ്ടാകാം. നികുതി വെട്ടിപ്പുകൾ, ചിലപ്പോൾ ദുരുപയോഗങ്ങൾ അത് വ്യക്തികളോ സ്ഥാപനങ്ങളോ ചെയ്യാം. അതു കണ്ടുപിടിക്കുന്നതിനും തിരുത്തുന്നതിനുമാണ് ഗവൺമെൻറ് ഉദ്യോഗസ്ഥൻമാരുള്ളത്, ആരു വെട്ടിപ്പു നടത്തിയാലും അത് കണ്ടുപിടിക്കുന്നതിനും അതു തിരുത്തുന്നതിനും, അതിനെതിരായി നടപടികൾ നടത്തുന്നതിനുമുള്ള ജനറൽ ക്ലാസ്സ് നമ്മുടെ നിയമത്തിനകത്തുണ്ട്. അതുകൊണ്ട് ഈ ആശങ്കയുടെ ആവശ്യമില്ല. രാജ്യത്തെ മതധർമ്മസ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം അവർക്ക് ആവശ്യമായ ആനുകൂല്യങ്ങൾ, ഇതുവരെ ഇല്ലാതെപോയ ആനുകൂല്യങ്ങൾ ഈ വർഷം മുതൽ നൽകുകയാണ്. ആ നിലയ്ക്ക് ഇതിനെ വീക്ഷിക്കണമെന്നു ബഹുമാനപ്പെട്ട കരുണാകരനോടും ഈ ബില്ലിനെക്കുറിച്ച് ആശങ്ക പ്രകടിപ്പിച്ച ബഹുമാനപ്പെട്ട മറ്റു മെമ്പറൻമാരോടും അതു മാത്രമേ പറയുവാൻ ഞാനാഗ്രഹിക്കുന്നുള്ളു. മറ്റൊരു കാര്യം ഇവിടെ ശ്രീ. എ. സി. ജോസ് പറയുകയുണ്ടായി. Catch crops എന്നുള്ളത് അച്ചടിപ്പിശക് ആണോ എന്നു ചോദിച്ചു. അത് അച്ചടിപ്പിശകൊന്നുമല്ല, ബഡ്ജറ്റ് പ്രസംഗത്തിൽ അങ്ങനെയൊരു അച്ചടിപ്പിശക് ഉണ്ടായിരുന്നു. അതിൽ cash crops എന്നായിരുന്നു, Cash crops എന്നു പറയുമ്പോൾ നമ്മുടെ കാർഷികോല്പന്നങ്ങൾ നാണ്യവിളയിൽവരും. പക്ഷേ ഉപയോഗിച്ചത് catch crops എന്നാണ്. ഈ ബില്ലിൽ catch crops എന്നു തിരുത്തിയിട്ടുണ്ട്, അതായത് കോടതി ഭാഷയിൽ പറഞ്ഞാൽ catch crops-നെ

LIBRARY ARCHIVES Kerala Legislative Assembly

ചില ഗ്രാമങ്ങളിൽ കുറുസൂപ്പ് എന്നാണ് പറയുന്നത്. Catch crops എന്നു മാത്രം ബില്ലിൽ പറയാതെ അതിനുള്ള ഒരു വ്യാഖ്യാനം വേണ്ടാ എന്നാണ്. ആ catch crops-നെ സംബന്ധിച്ചിടത്തോളം നമ്മുടെ ബില്ലിനെസംബന്ധിച്ചിടത്തോളം അതിലുള്ള നിർവചനത്തിൽ റാബി, ടൂബേഴ്സ്, പൊട്ടറോ എന്ന നിലയിലെല്ലാം ഇഞ്ചി, കപ്പ, വാഴ, നെല്ല് അതിനുശേഷം കുറെ പയറുവർഗ്ഗങ്ങളെ സംബന്ധിച്ചിടത്തോളം, കിഴങ്ങു വർഗ്ഗങ്ങളെ സംബന്ധിച്ചിടത്തോളം നിർവചനത്തിൽ കൊണ്ടുവന്നിരുന്നതാണ്. അതുകൊണ്ട് ഇനി catch crops എന്ന വാക്ക് ഉപയോഗിക്കേണ്ട കാര്യമില്ല. ആദ്യം കുറുസൂപ്പ് ആയിരുന്നു. അത് എന്താണെന്ന് ഈ ബില്ലിനകത്ത് നിർവചിച്ചിട്ടുണ്ട്. അതുപോലെതന്നെ റൗണ്ട് അപ്പിനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട ശ്രീ. ജോസ് ചൂണ്ടിക്കാണിക്കുകയുണ്ടായി. കേന്ദ്ര ഇൻകം ടാക്സിലുള്ള റൗണ്ടു അപ്പിലുള്ള അതേ പ്രൊവിഷൻതന്നെയുണ്ട്. പക്ഷേ നമ്മുടെ ഈ ആക്ടിനകത്ത് ആ പ്രൊവിഷൻ ഇല്ലാതിരുന്നതുകൊണ്ട് റൗണ്ട് അപ്പ് ചെയ്യാൻ നമുക്ക് അവകാശമില്ലായിരുന്നു. റൗണ്ട് അപ്പ് ചെയ്യുന്നത് നമ്മുടെ കാൽക്കുലേഷനെ സംബന്ധിച്ചിടത്തോളം നല്ലതാണ്. അതിൽ ഒരു നഷ്ടവും സംഭവിക്കുന്നില്ല. റൗണ്ടപ്പിനുള്ള അധികാരം ഈ നിയമത്തിനകത്ത് വേണമെന്നുള്ള നിലക്ക് അത് ഈ നിയമത്തിൽ കൊണ്ടുവന്നു എന്നു മാത്രമേയുള്ളൂ. ബഹുമാനപ്പെട്ട സീതി ഹാജി പറഞ്ഞു, പത്തു ഏക്കറിന് താഴെയുള്ളവരെ ഒഴിവാക്കണമെന്ന്. അഗ്രിക്കൾച്ചറൽ ഇൻകം ടാക്സിനെ സംബന്ധിച്ചിടത്തോളം ആദായത്തിന്റെ അടിസ്ഥാനത്തിലാണ്. അല്ലാതെ ഏക്കറിന്റെ അടിസ്ഥാനത്തിലല്ല. അത് പ്ലാന്റേഷൻ ടാക്സിനകത്താണ്. പ്ലാന്റേഷൻ ടാക്സ് ഹെക്ടറിന് എത്ര രൂപ നികുതി എന്ന കണക്കാണ്. നേരെമറിച്ച് അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് വാർഷിക വരുമാനം ഇത്ര ആയിരം രൂപ എന്ന കണക്കിലാണ്. ഇത്ര ആയിരം രൂപക്ക് താഴെ വരുമാനമുള്ളവരെ ഒഴിവാക്കുന്നതാണ്. അല്ലാതെ ഏക്കർ കണക്കാക്കിയല്ല. അതുകൊണ്ട് അതിനെ സംബന്ധിച്ചിടത്തോളം വലിയ ആശങ്ക വേണ്ടാ എന്നു പറയുവാൻ ഞാനാഗ്രഹിക്കുകയാണ്.

ശ്രീ. പി. സീതി ഹാജി: ഞാൻ ഏക്കർ അനുസരിച്ച് ടാക്സ് കണക്കാക്കണമെന്നു പറഞ്ഞത്, ഇന്നത്തെ അസസ്മെന്റ് ഏക്കർ അനുസരിച്ചുള്ള വരുമാനത്തിന്റെ അടിസ്ഥാനത്തിലല്ല ഉദ്യോഗസ്ഥൻമാർ കണക്കാക്കുന്നത്. അതുകൊണ്ടാണ് ഏക്കർ അനുസരിച്ച് കണക്കാക്കണമെന്നു പറയുവാൻ കാരണം.

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട സീതി ഹാജിയുടെ ആശങ്ക ഞാൻ മനസ്സിലാക്കുന്നു. ഗൈഡ് ലൈൻ പുറത്തിറക്കിയിട്ടുണ്ട്. അതനുസരിച്ച് ഒരു ബുദ്ധിമുട്ടുമില്ല. എല്ലാ ഉദ്യോഗസ്ഥൻമാരും പരിശുദ്ധരാണെന്നു ഞാൻ പറയുന്നില്ല. ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ചിടത്തോളം സത്യസന്ധമായി, അവർ നിയമപരമായി പ്രവർത്തിക്കുന്നു എന്നുള്ളതാണ് എന്റെ ധാരണ. അങ്ങനെയാണ് എന്റെ വിശ്വാസം. ഏതെങ്കിലും ഉദ്യോഗസ്ഥൻ നിയമത്തിനു വിപരീതമായി, നിയമത്തെ ദുർവ്യാഖ്യാനം ചെയ്യുന്നുണ്ടെങ്കിൽ അതു ചൂണ്ടിക്കാണിച്ചാൽ വളരെ ഗൗരവമായി പരിശോധിക്കുന്നതാണെന്നു ഞാൻ പ്രത്യേകം കൂട്ടിച്ചേർക്കുകയാണ്. ബഹുമാനപ്പെട്ട ശങ്കരനാരായണൻ തീർച്ചയായിട്ടും കൃഷിക്കാരോട് സ്നേഹമുള്ള ആളാണ്. കൃഷിക്കാരുടെ ബുദ്ധിമുട്ടുകളെ സംബന്ധിച്ചിടത്തോളം അദ്ദേഹം പ്രസംഗിക്കുകയുണ്ടായി. ബഡ്ജറ്റിനു പുറത്തു കടന്നുള്ള ആനുകൂല്യങ്ങൾകൂടി കൃഷിക്കാർക്കു

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കണമെന്നു അദ്ധേഹം പറഞ്ഞു. ഇറിഗേഷൻ ടാക്സ് ഒഴിവാക്കണമെന്നു അദ്ധേഹം പറഞ്ഞു. ആശയം നല്ലതാണ്. പലപല ആനുകൂല്യങ്ങളും കൂടുതൽ കൂടുതൽ കൊടുക്കുന്നത് നല്ലതാണ്. ഈ വർഷത്തിൽ പല ആനുകൂല്യങ്ങളും ചെയ്തു. വ്യവസായികൾക്കും വ്യാപാരികൾക്കും കൃഷിക്കാർക്കും കുറെ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. അതൊരു പാക്കേജ് ആനുകൂല്യമാണ്. ആ ഒരു പാക്കേജ് റിലീഫ് ഒരു പാക്കറ്റ് കൊടുത്തിരിക്കുകയാണ്. അപ്പോൾ കൃഷിക്കാർക്ക് അവരുടെ അസസ്മെൻറ് അനുസരിച്ച്, നമ്മുടെ സാമ്പത്തികസ്ഥിതി പരിശോധിക്കുമ്പോൾ മാക്സിമം ആനുകൂല്യങ്ങൾ ചെയ്തിരിക്കുകയാണ്. ഇതിലും കൂടുതൽ ആനുകൂല്യങ്ങൾ ചെയ്യുന്നത് നല്ലതാണ്. അതു സന്തോഷകരമാണെങ്കിലും ഇപ്പോൾ അതിനെപ്പറ്റി ചിന്തിക്കുവാൻ ഒക്കുകയില്ല. ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ഇല്ല. ബഡ്ജറിനെക്കുറിച്ച് ഗവർണ്ണർ നൽകിയ ആ റിലീഫ് മാത്രമേ ഇപ്പോൾ കൊടുക്കുവാൻ ഉദ്ദേശിക്കുന്നുള്ളൂ. മറ്റു റിലീഫു നമുക്കു പരിശോധിക്കാവുന്നതാണ്. അതൊക്കെ റൂൾ ഒഴുട്ട് ചെയ്തിട്ടു കാര്യമില്ല. കൃഷിക്കാരന്റെ ബുദ്ധിമുട്ടുകളെ ഈ ഗവൺമെൻറ് പരിശോധിക്കും. ഈ രാജ്യത്തെ പ്ലാനേഷൻ സെക്ടറിൽ ബുദ്ധിമുട്ടുകളുണ്ട്. ചായത്തോട്ടങ്ങളിലായാലും അവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ നമുക്ക് അറിയാം. റബറിന് പരമാവധി വില നിശ്ചയിക്കുന്ന നടപടികൾ നാം എതിർക്കുന്നു. അത് എന്തുകൊണ്ടാണ്? ഉല്പാദന ചെലവ് നോക്കുമ്പോൾ ഇന്നു കിട്ടിക്കൊണ്ടിരിക്കുന്ന വില എക്കണോമിക്കൽ ആണെന്നു തോന്നുന്നില്ല. ഈ രാജ്യത്തെ സ്മാൾ ഹോൾഡേഴ്സ്, മിഡിൽ ക്ലാസ്സ് തോട്ടം മുതലാളികൾ അല്ലാത്ത സ്മാൾ ഹോൾഡേഴ്സ്, അദ്ധ്വാനിക്കുന്ന കൃഷിക്കാരൻ എന്നിവരുടെ ബുദ്ധിമുട്ട് എന്താണെന്ന് ഈ ഗവൺമെൻറ് മനസ്സിലാക്കിയിട്ടുണ്ട്. അദ്ധ്വാനിക്കുന്ന കൃഷിക്കാരന്റെ മനസ്സ് ഈ ഗവൺമെൻറ് മനസ്സിലാക്കുന്നു. അതു മനസ്സിലാക്കിക്കൊണ്ടാണ് ഈ ഗവൺമെൻറ് ഇത്രയും ആനുകൂല്യങ്ങൾ കൃഷിക്കാരനു ചെയ്തിട്ടുള്ളത്. അതുപോലെ തന്നെയാണ് ബഹുമാനപ്പെട്ട റവന്യൂമന്ത്രി ശ്രീ. ശ്രീനിവാസൻ പ്ലാനേഷൻ ടാക്സ് ആനുകൂല്യം കൊടുക്കുന്ന ബിൽ ഇവിടെ കൊണ്ടുവരുകയാണ്. പ്ലാനേഷൻ നികുതിയിൽ കൊടുത്തിട്ടുള്ള ആനുകൂല്യം, കാർഷികാദായ നികുതിയിൽ കൊടുത്തിട്ടുള്ള ആനുകൂല്യം, സെയിൽസ് ടാക്സിൽ കൊടുത്തിട്ടുള്ള ആനുകൂല്യം, ഇവയെല്ലാംകൂടി വരുമ്പോൾ ഇതിന്റെ ഇംബാക്റ്റ് വലുതാണ്. അതുകൊണ്ട് വലിയൊരു റിലീഫ് ഈ സംസ്ഥാനത്തിലെ കൃഷിക്കാർക്ക് ഈ ഗവൺമെൻറ് ചെയ്തിട്ടുണ്ടെന്നുള്ള കാര്യം ആരും വിസ്മരിക്കരുതെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആ നിലക്ക് ഈ ഗവൺമെൻറിന്റെ പരിശ്രമങ്ങളെയും സമീപനങ്ങളെയും വീക്ഷിക്കുകയും മനസ്സിലാക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, ഇവിടെ പറഞ്ഞ വിലപ്പെട്ട നിർദ്ദേശങ്ങൾ തീർച്ചയായും ഗവൺമെൻറ് പരിശോധിച്ചിട്ട് അതിൽനിന്നും ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സഭയ്ക്ക് ഉറപ്പുനൽകിക്കൊണ്ട്, ഇത് സബ്ജക്റ്റ് കമ്മിറ്റിക്ക് റഫർ ചെയ്യണമെന്നുള്ള പ്രമേയം സഭ അംഗീകരിക്കണമെന്നു ഞാൻ വളരെ വിനയപൂർവം അഭ്യർത്ഥിക്കുകയാണ്.

The question that the Agricultural Income Tax (Amendment) Bill, 1981 be referred to Subject Committee VIII, Economic Affairs was put and carried.

The Bill was referred to Subject Committee VIII (Economic Affairs).

LIBRARY ARCHIVES Kerala Legislative Assembly